# 13
# ഉപസംഹാര പ്രബോധനങ്ങൾ
## (13:1-25)

പ്രബന്ധം, ധർമ്മോപദേശം, ലേഖനം എന്നിവ സംയോജിപ്പിച്ചിരിക്കുന്നതിനാൽ, പുതിയ നിയമ ലേഖനങ്ങളിൽ എബ്രായ ലേഖനം പ്രത്യേകതയുള്ളതാകുന്നു. ഒന്നാം നൂറ്റാണ്ടിലെ ലേഖനത്തിന്റെ പ്രതീതി ഉളവാക്കുന്നതാണ് അവസാന ഭാഗം, അതേ സമയം അത് ശരിയായ ഉപസംഹാരവുമാണ്. ഇത്തരത്തിലുള്ള ഉപസംഹാത്തിന്റെ സാങ്കേതിക ലാറ്റിൻ പദമാണ് "പ്രെറോറേഷൻ," *പ്രെറോറേഷ്യോ* യിൽനിന്നു വന്നതാണ് ആ വാക്ക്.[1] ഒരു നീണ്ട പ്രസംഗം എഴുതുകയോ പ്രസംഗിക്കുകയോ ചെയ്യുന്ന ആൾ തന്റെ വാദഗതികളും അപേക്ഷകളും വൈകാരികമായി ചുരുക്കുന്നതാണ് ആ വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ അദ്ധ്യായം പിന്നീട് ഒരു എഴുത്തുകാരൻ എഴുതി എന്നു വിശ്വസിക്കുവാനുള്ള കാരണം ഒന്നുമില്ല.

പുരാതന ലോകത്തെ, ഇത്തരം ഉപസംഹാരം വായനക്കാർ സന്ദേശം അനുസരിക്കുവാനുള്ള അപേക്ഷയാണ്. ബാധിക്കപ്പെട്ട ക്രിസ്ത്യാനികളെയും, കഴിഞ്ഞകാല അദ്ധ്യക്ഷന്മാരെയും, ക്രിസ്തുവിന്റെ കഷ്ടതയെയും ഓർമ്മിപ്പിച്ചുകൊണ്ടാണ് ലേഖകൻ ആ നേട്ടം കൈവരിച്ചത് (വാ. 3, 7, 12). തന്റെ ആത്മാർത്ഥതയെ അനുചിതമായ രീതിയിൽ ചോദ്യം ചെയ്യപ്പെട്ടതായും ലേഖകൻ അന്തർലീനമാക്കിയിരിക്കുന്നു (വാ. 18, 19). പുറത്തുനിന്നുമുള്ള അപകടങ്ങളേയും ഉപസംഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു, ഉദാഹരണമായി "സമാഗമന കൂടാരത്തിൽ ശുശ്രൂഷിച്ച[വരായ]" കൂട്ടുകാരിൽനിന്നും ആയിരുന്നു, പക്ഷെ അവർക്ക് സ്വർഗീയ കൂട്ടായ്മയിൽ ഒരു പങ്കുമില്ലായിരുന്നു (വാ. 10). ലേഖകന്റെ ഉപസംഹാര പ്രബോധനം പുസ്തകത്തിന്റെ ശേഷിച്ച ഭാഗങ്ങളുമായി യോജിക്കുന്നതാണ്. പ്രബന്ധത്തിന്റെ വാദഗതികൾ നമുക്ക് പിന്നിലുണ്ട്, എന്നാൽ ഈ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വായനക്കാരെ ഓർപ്പിക്കുന്നതും പ്രധാനപ്പെട്ട പോയിന്റുകൾ സംക്ഷിപ്തമാക്കിയിരിക്കുന്നതുമാണ്. നല്ല ഉപസംഹാരം ചുരുക്കമായിരിക്കണം എന്നാണ് ഗ്രീക്ക് പ്രാസംഗികർക്ക് തോന്നിയിരുന്നത്. ആ ആവശ്യം നിറവേറ്റുന്നതാണ് ഈ പ്രസംഗം, ഒരുപക്ഷെ മൂന്നു നാല് മിനിറ്റുകൾകൊണ്ട് വിതരണം ചെയ്യാവുന്നതത്രെ.[2]

ഉപസംഹാരം അവതരിപ്പിച്ച്, വ്യക്തിയുടേയും ഇടവകയുടെയും മൊത്തത്തിലുള്ള പ്രവർത്തനത്തെ ഉത്തേജിപ്പിക്കുന്നത് വിവിധ രീതികളിലാണ്, ഉദാഹരണമായി, പ്രാർത്ഥന, അദ്ധ്യക്ഷന്മാർക്ക് കീഴ്പ്പെട്ടിരിക്കൽ, ശുശ്രൂഷ, കാര്യനിർവ്വഹണത്വം, തടവ് ശുശ്രൂഷ, അതിഥി സൽക്കാരം തുടങ്ങിയവയാലാണ്. യെഹൂദ "പാളയം" വിട്ടുപോകുവാനും തന്റെ "പ്രബോധന വാക്യം" ഓർത്തുകൊൾവാനും അപൻ പ്രബോധിപ്പിച്ചു (13:13, 22). ക്രിസ്ത്യാനികൾക്ക് ഈ അദ്ധ്യായത്തെ പോലെ പ്രസക്തമായ മറ്റൊന്ന് ഈ പുസ്തകത്തിൽ ഇല്ലെന്നു പറയാം. മറ്റുള്ളവരെ സഹായിക്കുന്നതും അവർക്ക് നൽകുന്നതും ദൈവവേലയിൽ ഉൾപ്പെടുന്നതാണെന്ന് ലേഖകൻ വ്യക്തമാക്കിയിരിക്കുന്നു. ആ ക്രിസ്ത്യാനികൾ അത്തരം കരുതൽ കാണിച്ചിരുന്നു (6:10).

## സ്നേഹിക്കുവാൻ ഓർത്തുകൊൾവിൻ (13:1-6)

13:1–3

**[1]സഹോദരപ്രീതി നിലനിൽക്കട്ടെ. [2]അതിഥി സൽക്കാരം മറക്കരുത്. അതിനാൽ ചിലർ അറിയാതെ ദൈവദൂതന്മാരെ സൽക്കരിച്ചിട്ടുണ്ടല്ലോ. [3]നിങ്ങളും തടവുകാർ എന്നപോലെ തടവുകാരെയും നിങ്ങളും ശരീരത്തിൽ ഇരിക്കുന്നവരാകയാൽ കഷ്ടമനുഭവിക്കുന്നവരെയും ഓർത്തുകൊൾവിൻ.**

**വാക്യം 1.** നന്നായി-അറിയപ്പെടുന്ന വാക്കായ *ഫിലദെൽഫിയ* ("സാഹോദര്യ സ്നേഹം")[3] തർജ്ജമ ചെയ്തതാണ് **സഹോദര പ്രീതി** എന്ന വാക്ക്. സഹോദരീസഹോദരന്മാർ തമ്മിലുള്ള സ്വാഭാവികമായ സ്നേഹത്തെയാണ് അത് കാണിക്കുന്നത്. അത്തരം സ്നേഹത്തിന്റെ ആവശ്യത്തെ പൗലൊസും (റോമ. 12:10; 1 തെസ്സ. 4:9), പത്രൊസും (1 പത്രൊ. 2:17; 2 പത്രൊ.1:5–8) പലപ്പോഴും വ്യക്തമാക്കിയിരിക്കുന്നു.

തന്റെ ജനം വാസ്തവത്തിലുള്ള സഹോദരീസഹോദരന്മാരായി ജീവിക്കുവാനാഗ്രഹിച്ചുള്ള മാതൃകയാണ് നൽകിയിരിക്കുന്നത്, അവന്റെ സ്നേഹമാണ് നാം അന്യോന്യം വളർത്തിയെടുക്കേണ്ടത് (യോഹ. 13; 34, 35). അവൻ പറഞ്ഞു, "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന പുതിയോരു കൽപന ഞാൻ നിങ്ങൾക്ക് തരുന്നു; *ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ* നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് *എല്ലാവരും* അറിയും" (എംഫസിസ് ആഡഡ്). ആ എബ്രായർക്ക് മുൻപ് സഹോദര പ്രീതി ഉണ്ടായിരുന്നു, എന്നാൽ അവർ അത് തുടരണമായിരുന്നു.

യെഹൂദന്മാർ ആയതുകൊണ്ട്, യെഹൂദന്മാരുടെ വിവിധ വിഭാഗങ്ങളിൽ കുഴപ്പങ്ങൾ സംഭവിച്ചിരുന്നുവെങ്കിലും, അവർക്ക് കുടുംബ മഹിമാ മനോഭാവം നിലനിന്നിരുന്നു. ഏ. ഡി. 70–ൽ അനൈക്യം ഗുരുതരമായ പ്രശ്നങ്ങൾക്കിടയാക്കി. റോമൻ പടയാളികൾക്ക് യെഹൂദന്മാർ കീഴടങ്ങാതിരുന്നതിന്റെ കാരണം അവർക്കിടയിലെ കടുത്ത ഭിന്നതയായിരുന്നു. ആ സമയത്ത് യെഹൂദ ക്രിസ്ത്യാനികളിൽ സഹോദരപ്രീതി വളർന്നു വരികയായിരുന്നു.

ആ വിശുദ്ധന്മാർ പിതാവിൽ ഒന്നായി തീർന്നതിനാൽ, എങ്ങനെയായാലും, യേശു അവരെ ''സഹോദരന്മാർ" എന്നു വിളിക്കുവാൻ ലജ്ജിച്ചിരുന്നില്ല (എബ്രാ. 2:11). വലിയ സാഹോദരത്വം കണ്ടുപിടിച്ചത് യേശുവാണ്, അതിൽ എല്ലാ അംഗങ്ങളും പരസ്പരം സ്നേഹിക്കയും വേണം (1 പത്രൊ. 2:17). തീർച്ചയായും, അതിൽ എന്താണ് സഹോദരത്വം എന്ന മനസിലാക്കലും ഉൾപ്പെട്ടിരിക്കുന്നു. ഒരിക്കൽ അത് നിർണ്ണയിച്ചാൽ, അതിന്റെ ഭാഗമായിരിക്കുന്ന ഓരോരുത്തരേയും നാം സ്നേഹിക്കണം, ആ ക്രിസ്ത്യാനികൾ, സാഹോദര്യത്താൽ ദൈവാലയത്തെയും, വിശുദ്ധ നഗരത്തെയും പിന്നിൽ വിട്ട്, യേശുവിന്റെ ശിഷ്യന്മാരായി ജീവിപ്പാൻ തുടങ്ങിയവരായിരുന്നു.

എബ്രായ ലേഖന വായനക്കാരിൽ മുഖ്യപങ്കും പരിവർത്തനം ചെയ്ത പുരോഹിതന്മാരായിരുന്നുവെങ്കിൽ, അവർ ന്യായപ്രമാണ ഉപദേഷ്ടാക്കന്മാരായിരുന്നതിനാൽ, സഹോദരന്മാർക്കിടയിലെ അവരുടെ സ്ഥാനം ഉയർന്നതാണെന്ന് അവർ കരുതിയിരുന്നേക്കാം; അവർക്ക് വാസ്തവത്തിലുള്ള സ്നേഹം ഉണ്ടാകുമ്പോൾ, അത്തരം വ്യത്യാസങ്ങൾ ഇല്ലാതെയാകും. ദൈവമ

ക്കളായി യേശു സ്വീകരിക്കുന്ന എല്ലാവരേയും നാം സ്വീകരിക്കണമെങ്കിൽ നാം മാത്രം സഹോദരപ്രീതിയിലായിരിക്കണം - വിശ്വാസത്താലും ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനത്താലുമാണ് നാം അവന്റെ മക്കളായി തീരുന്നത് (ഗലാ. 3:26, 27).

വിശ്വാസത്തിൽ ബലഹീനരായിരിക്കുന്നവരോട് പ്രത്യേക കരുതൽ കാണിച്ച് എല്ലാ സഹോദരങ്ങളെയും സ്നേഹിപ്പാൻ നാം ജാഗരൂകരാകണം. ഭിന്നിപ്പ് ഉണ്ടാക്കുന്നവരെ സ്നേഹിക്കുവാൻ പ്രയാസമാണ്; പക്ഷെ സ്നേഹം അവരിലേക്കും എത്തണം, അവരെ ശാസിച്ച് തെറ്റു മനസിലാക്കി കൂട്ടായ്മയിലേക്ക് തിരിച്ചു കൊണ്ടുവരണം (1 തെസ്സ. 5:14, 15; 2 തെസ്സ. 3:6 നോക്കുക). വേണ്ടിവന്നാൽ മറ്റൊരാൾക്ക് വേണ്ടി മരിക്കുവാൻ പോലും മടിക്കാത്തതായിരിക്കണം ആ സ്നേഹം (1 യോഹ. 3:16, 17). സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാണ് (സങ്കീ. 133:1)! നമ്മുടെ കൂട്ടായ്മയിൽ ബലഹീനരെ സഹായിക്കുവാനുള്ള അവസരം നോക്കി നമുക്ക് അവരെ സഹായിക്കാം (റോമ. 15:1, 2; ഗലാ. 6:10).

സഹോദരപ്രീതി ഉതിർന്നു പോകുന്നത് അപകടമായതുകൊണ്ടാണ് അല്ലെങ്കിൽ ഈ കൽപന നൽകുമായിരുന്നില്ല. ഏ. ഡി. 70 ലെ ഉപരോധ സമയത്ത്, യെരുശലേമിൽ വിവിധ കൂട്ടങ്ങളും വ്യത്യാസങ്ങളും നിമിത്തം യെഹൂദന്മാർക്ക് കൂട്ടായ്മ പുലർത്തുവാൻ കഴിഞ്ഞിരുന്നില്ല.

ഒരു കൂട്ടം യെഹൂദ ക്രിസ്ത്യാനികളെ മാത്രം ഈ ലേഖനം കെൾപ്പിച്ചിരുന്നു എങ്കിൽ, അവർ വിഭജിക്കുവാനുള്ള സമയം ആസന്നമായിരുന്നു. ഉടനെ അപകടം സംഭവിക്കാതിരിക്കുവാൻ അവർ തങ്ങളുടെ വീടുകൾ വിട്ട് ഓടിപ്പോകുവാനിരിക്കുന്നു. കാരണം യേശു അവരോട് ഓടി പോകുവാൻ പറഞ്ഞത് അവർ വിശ്വസിച്ചിരുന്നു (മത്താ. 24:15–22; മർ. 13:14–20; ലൂക്കൊ. 21:20–24). അത് തീർച്ചയായും അവരുടെ കൂട്ടായ്മയെയും സഹോദരപ്രീതിയെയും ബാധിച്ചിരിക്കും.

**വാക്യം 2**. സഹോദരപ്രീതി പ്രായോഗികമായി പരിശീലിക്കുന്ന ഒന്നാണ് **അപരിചിതർക്ക് അതിഥിസൽക്കാരം നൽകുക** എന്നത്. ഗൾഫ് നാടുകളിൽ സൗഹൃദത്തിന്റെ ലക്ഷണമായിരുന്നു "അതിഥി സൽക്കാരം." ഉപദ്രവിക്കപ്പെടുന്ന സമയത്ത് അത് അത്യാവശ്യമായിരുന്നു. പരിചയമില്ലാത്തവർക്ക് തങ്ങളുടെ വിട് തുറന്നുകൊടുക്കുന്നത് ചിലർക്ക് ഇടർച്ചയായി തോന്നിയേക്കാം. അത്തരം നയത്തിനെതിരായി പത്രൊസ് പറഞ്ഞത്, "പിറുപിറുപ്പ് കൂടാതെ" യായിരിക്കണം സഹോദരന്മാർ അതിഥിസൽക്കാരം നടത്തേണ്ടത് എന്നാണ് (1 പത്രൊ. 4:9). "പ്രാരംഭ ക്രിസ്ത്യാനികൾ ഇങ്ങനെ തയ്യാറെടുപ്പ് നടത്തിയത് അ-ക്രൈസ്തവരെ വിസ്മയിപ്പിക്കുകയോ വിദ്വേഷമുളവാക്കുകയോ ചെയ്തിരിക്കാം."[4] "വിധവമാരായി കണക്കാക്കുവാൻ" ഉള്ള യോഗ്യതകളിൽ ഒന്നായിരുന്നു "അതിഥിസൽക്കാരം" (1 തിമൊ. 5:9, 10). ധർമ്മോപകാര പ്രവൃത്തികൾ ചെയ്യുവാനായി അവരെ ശമ്പളത്തിന് നിയോഗിച്ചാണ് അത്തരം സ്ത്രീകളെ യോഗ്യതയുള്ളവരാക്കുന്നത്. എല്ലാവരോടും അതിഥി സൽക്കാരം ആചരിപ്പാനാണ് പൗലൊസ് റോമർ 12:13-ൽ കൽപിച്ചത്.

**ചിലർ അറിയാതെ ദൈവദൂതന്മാരെ പോലും സൽക്കരിച്ചിട്ടു**[ണ്ടല്ലൊ] എന്ന് ലേഖകൻ പറഞ്ഞിരിക്കുന്നു. അവന്റെ മനസിൽ ഉൽപത്തി 18, 19 ലെ അബ്രഹാമും ലോത്തും ആയിരുന്നോ ഉണ്ടായിരുന്നത്? കർത്താവിനേയും അവന്റെ ദൂതന്മാരേയും സൽക്കരിക്കണമെന്ന് അവരോട് പറഞ്ഞത് എപ്പോ

ഴാണെന്ന് തീർച്ചയില്ല, എന്നാൽ ലേഖകൻ തിരിഞ്ഞുനോക്കിയപ്പോൾ, അബ്രഹാമിന്റേയും ലോത്തിന്റേയും ജീവിതത്തിലെ സങ്കീർണ്ണത നിറഞ്ഞ സമയത്ത് അവർ അപരിചതരെ ചേർത്ത് അവരെ സൽക്കരിച്ചത് തീർച്ചയായും അതിഥി സൽക്കാരം തന്നെയായിരുന്നു (കൂടാതെ ന്യായാ. 6:11–24; 13:2–21). ഏകദേശം, എ. ഡി. 95-ൽ ക്ലെമന്റ് ഓഫ് റോം എഴുതി.“അവന്റെ വിശ്വാസവും അതിഥിസൽക്കാരവും നിമിത്തം അബ്രഹാമിന് പ്രായമായപ്പോൾ ഒരു മകനെ ദൈവം നൽകി ... ലോത്തിനെ അവന്റെ ഭക്തിയും അതിഥിസൽക്കാരവും നിമിത്തം ... സോദോമിന്റെ നാശത്തിൽനിന്നു രക്ഷിച്ചു ...”[5] ഇത്തരത്തിലുള്ള “അപരിചിതരെ സൽക്കരിക്കൽ” ന്യായപ്രമാണം ആവശ്യപ്പെട്ടിരുന്നതാണ് (ലേവ്യാ. 19:34). അത് “അപരിചിത-സ്നേഹം” (*ഫിലോക്സേനിയ*) ആയിരുന്നു.

ഒന്നാം നൂറ്റാണ്ടിൽ സത്രങ്ങൾ ചെലവേറിയതായിരുന്നതിനാലുമായിരുന്നു അക്കാലത്ത് അതിഥി സൽക്കാരം അനിവാര്യമായി തീർന്നത്. ഉപദ്രവങ്ങൾ നിമിത്തം വീട് വിട്ട് ഓടിപ്പോയവർക്ക് അക്കാലത്ത് ക്രിസ്ത്യാനികളുടെ അതിഥി സൽക്കാരം അത്യാവശ്യമായിരുന്നു. അത് പ്രധാനപ്പെട്ട കാര്യമായിരുന്നതിനാലാണ് സഭയിലെ സഹ സഹോദരീസഹോദരന്മാർക്ക് അതിഥി സൽക്കാരം നടത്തിയത്. ഇന്ന് ഹോട്ടലുകളും റെസ്റ്റാറന്റുകളും ഉണ്ടെന്ന് പറഞ്ഞ് ആ കടമയിൽനിന്ന് നാം പിന്തിരിയരുത്. മൂപ്പന്മാരായി തീരുവാൻ ആഗ്രഹിക്കുന്ന ക്രിസ്ത്യാനിക്ക് ഒഴിച്ചുകൂടാനാവാത്തതാണ് അതിഥി സൽക്കാരം (1 തിമൊ. 3:2). ആ യോഗ്യത നേടുവാൻ മൂപ്പന്റെ ഭാര്യ അദ്ദേഹത്തെ സഹായിക്കണം.

**വാക്യം 3.** എബ്രായ ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസം നിമിത്തം തടവുകാരെ കുറിച്ചുള്ള കരുതൽ അവർ കാണിച്ചിരുന്നു (10:32–34). അവർ [ആ] **തടവുകാരെ ഓർക്കുക** മാത്രമല്ല, **അവർ അവരോടുകൂടെ** തടവിലായിരുന്നു എന്നവണ്ണമായിരുന്നു പെരുമാറിയത് (റോമ. 16:7).[6]

**നമ്മളും** [എല്ലാവരും] അവന്റെ **ശരീരമായ** സഭയിലും കൂട്ടായ്മയിലുമാണ് (1 കൊ. 12:25; എഫെ. 1:22, 23). സഹായം നൽകണം എന്ന പ്രബോധനം കൊടുക്കുന്നതിനു പകരം ഫലപ്രദമായി മനസിലാക്കുവാൻ ചിത്രീകരണമാക്കി കൊടുത്തിരിക്കുകയാണ്. ഉപദ്രവത്തിനു വിധേയവരായവരുമായി ചങ്ങലയാൽ ബന്ധിക്കപ്പെടുന്നത് ഊഹിക്കുന്നതു തന്നെ എത്ര പ്രയാസമുള്ള കാര്യമാണ്! തടവിലാകുന്നതുപോലും നമ്മിൽ പലർക്കും ഊഹിക്കുവാൻ പോലും കഴിയുന്നതല്ല. ഒരാളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നത് വല്ലപ്പോഴും തടവിൽ സുവിശേഷ പ്രവർത്തനത്തിന്റെ ഭാഗമായി പോകുന്നവർക്ക് മനസിലാകും. തടവിലുള്ളവരെ “ഓർത്തുകൊൾവിൻ” എന്നു പറഞ്ഞിരിക്കുന്നതിൽ, “വെറും വിചാരത്തേക്കാൾ” വളരെ അധികം കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. അവർക്ക് സഹായം തുടരണം എന്നർത്ഥം.

കരുതലും പങ്കിടലും സഭയുടെ പ്രാരംഭ ചരിത്രത്തിൽ തെളിവായി കാണാം (പ്രവൃ. 2:44–47). ക്രിസ്ത്യാനികൾക്കിടയിൽ ആ മനോഭാവം പുതിയനിയമ കാലയളവിൽ ഉടനീളം കാണാം (പ്രവൃ. 12:5, 12; 15:22, 25). 1 കൊരിന്ത്യർ 12:26 എഴുതിയപ്പോൾ പൗലൊസിന്റെ മനസിലും തടവുകാരെ കുറിച്ചുള്ള ചിന്ത ഉണ്ടായിരുന്നു. റോമൻ തുറുങ്കിലായിരുന്നപ്പോൾ പൗലൊസ് എഴുതി, “ലൂക്കൊസ് മാത്രമെ എന്നോടുകൂടെയുള്ളു” (2 തിമൊ. 4:11). ഒനേസിമോസിന് ഒരു ഉയർന്ന പ്രശംസയാണ് നൽകിയത്: “എപ്പോഴും എന്നെ തണുപ്പിച്ചവ

നായ ഒനേസിമോസ്” (2 തിമൊ. 1:16). നാം “സുവർണ്ണ നിയമം” പാലിക്കുകയാണെങ്കിൽ, തീർച്ചയായും നാം തടവുകാരെ കുറിച്ചുള്ള പ്രബോധനം അനുസരിക്കും (മത്താ. 7:12).

13:4–6

**[4]വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും. [5]നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹം ഇല്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ; “ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല” എന്ന് അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. [6]“ആകയാൽ കർത്താവ് എനിക്ക് തുണ ഞാൻ പേടിക്കയില്ല, മനുഷ്യർ എന്നോട് എന്തു ചെയ്യും’ എന്നു നമുക്ക് ധൈര്യത്തോടെ പറയാം?”**

**വാക്യം 4.** ഏതെങ്കിലും ഒരു കുടുംബം താറുമാറായാൽ അത് സമൂഹത്തെ മുഴുവൻ ബാധിക്കുമെന്ന് ലേഖകൻ വ്യക്തമായി കണ്ടു. വിവാഹം എന്നത് വെറും “ഒരു കഷണം കടലാസ്” അല്ല. അത് ദൈവം സ്ഥാപിച്ചതാണ്. അവൻ വിവാഹമോചനത്തെ വെറുക്കുന്നു (മലാ. 2; 15, 16). ദൈവം ആഗ്രഹിക്കുന്നത് ദൈവഭക്തിയുള്ള ഭവനങ്ങളാണ് കാരണം അവർ ദൈവിക സന്തതികളെ ഉൽപ്പാദിപ്പിക്കുന്നു.

നമ്മുടേതിൽനിന്നു വ്യത്യസ്തമായ നിലവാരമാണ് ലോകത്തിന് ഉള്ളത്. ഇരുപത്തി-ഒന്നാം നൂറ്റാണ്ടിൽ നാം ലോകത്തിൽ കാണുന്നത് വിവാഹവും കുടുംബജീവിതവും ശിഥിലീകരിക്കപ്പെട്ടിരിക്കുന്നതായിട്ടാണ്. ക്രിസ്ത്യാനികൾക്ക് ബൈബിളിലെ കുടുംബവ്യവസ്ഥയോട് ബഹുമാനം ഉണ്ടായിരിക്കണം. സമൂഹത്തിൽ ശക്തമായ സ്വാധീനം ചെലുത്തുവാനും സഹോദരപ്രീതി നിലനിർത്തുവാനും വിവാഹ പ്രതിജ്ഞയോട് വിശ്വാസവും നിർമ്മലതയും സൂക്ഷിക്കണം. പരിഷ്ക്കാരം വിജയകരമാകുവാൻ ആ പ്രതിജ്ഞയോട് ഇരുവരും വിശ്വസ്തത പുലർത്തണം. വിവാഹ ബന്ധത്തിൽ വിശുദ്ധി അടങ്ങിയിരിക്കുന്നു. **വിവാഹം എല്ലാവർക്കും മാന്യമായിരിക്കണം** എന്ന ദൈവ കൽപന പലപ്പോഴും അനാദരിക്കുകയാണ് ചെയ്യുന്നത്. യേശു തറപ്പിച്ചു പറഞ്ഞു, “ദൈവം യോജിപ്പിച്ചതിനെ, മനുഷ്യൻ വേർപിരിക്കരുത്” (മത്താ. 19:6ബി). ഇത് അനുസരിക്കാതിരിക്കുന്നവർ തിക്തമായ അനന്തരഫലം അനുഭവിക്കേണ്ടി വരും.

വിവാഹ ഉടമ്പടിയിലെ പ്രതിജ്ഞ ലംഘിക്കുന്നത് ദൈവം ഖണ്ഡിച്ചിരിക്കുന്നതിനെ തള്ളിക്കളയുന്ന പാപമാണ്. കുറ്റമുള്ളവരെയെല്ലാം അവൻ ശിക്ഷിക്കും (സദൃശ. 7:6–27). ബൈബിൾ കാലഹരണപ്പെട്ടുവെന്ന് പറഞ്ഞ് ദൈവത്തെ ധിക്കരിക്കുന്ന ആളുകൾ ശിക്ഷയിൽ നിന്നു മുക്തരാകയില്ല എന്നു തെളിയുന്നു. ദൈവ വചനവും അവന്റെ നിയമവും ആളുകൾക്ക് കൊടുക്കുന്നതിന് മുൻപ് ക്രിസ്ത്യാനിത്വത്തിന്റെ തെളിവുകൾ നാം അവർക്ക് നൽകണം.

**കിടക്ക നിർമ്മലമായിരിക്കട്ടെ** എന്നു പറഞ്ഞിരിക്കുന്നതിനർത്ഥം, ലൈംഗിക ബന്ധത്തിനു മാത്രമായി വിവാഹത്തെ കാണുകയും വൈവാഹിക ബന്ധത്തെ ബഹുമാനിക്കാതിരിക്കയും ചെയ്താൽ കിടക്ക മലിനപ്പെടുവാൻ സാധ്യതയുണ്ട് എന്നാണ്. ഈ നിയമം ലംഘിക്കുന്ന രണ്ടു കൂട്ടം ആളുകളെ കുറിച്ച് ലേഖകൻ പറയുന്നു. ആദ്യത്തെ വാക്ക് **ദുർന്നടപ്പുകാർ**

("അന്യസ്ത്രീബന്ധം"; കെജെവി). ആ വാക്കിന് ഉപയോഗിച്ചിരിക്കുന്നത് *പോർണെയിയോ* യിൽ നിന്നുള്ള ഏകവചന നാമമായ *പോർണോസ്.* ആ പ്രവൃത്തിയാണ് വിവാഹമോചനത്തെ ന്യായീകരിക്കുന്നത് (മത്താ. 5:32; 19:9).

സ്വവർഗ രതി പരിശീലിക്കുന്നതടക്കമുള്ള അധാർമ്മിക വ്യഭിചാര പ്രവൃത്തിയെ സൂചിപ്പിക്കുന്നതാണ് *പോർണെയിയാ* എന്ന വാക്ക്. "നിയമം വിലക്കിയിരിക്കുന്ന എല്ലാ അധാർമ്മികമായ ലൈംഗിക ബന്ധങ്ങളും അതിൽ അടങ്ങുന്നു."[7] "സ്വവർഗ രതി പരിശീലിക്കുന്നതിനെ യേശു വിലക്കിയിട്ടില്ല" എന്നു കൃത്യമായി ആർക്കും അവകാശപ്പെടുവാൻ കഴിയുകയില്ല. വിവാഹം ചെയ്ത പങ്കാളിയോടല്ലാതെ, സഹോദരങ്ങൾ തമ്മിലോ അല്ലാതെയുള്ളവരുമായോ, അവിവാഹിതർ തമ്മിലോ, ലൈംഗിക വേഴ്ച്ച നടത്തുന്നതിനെയാണ് *പോർണെയിയാ* എന്നു പറയുന്നത്. ഇതിൽ സ്വവർഗ രതിയും അന്തർലീനമാക്കിയിരിക്കുന്നു.[8]

**വ്യഭിചാരികൾ** (*മോയിക്കോസ്* എന്ന വാക്കിൽനിന്ന്) എന്നു പറയുന്നത് വിവാഹ ഉടമ്പടി ലംഘിക്കുന്നവരാണ്. വിവാഹബന്ധത്തിൽ ഏതെങ്കിലും ഒരു കക്ഷി ഉടമ്പടിയിൽ അവിശ്വസ്തത കാണിക്കുന്നതാണ് വ്യഭിചാരം എന്നു പറയുന്നത്. സഹായകരമായ ഒരു വിശദീകരണം ഇതാ: "പൊതുവിൽ എല്ലാ വ്യഭിചാരവും ദുർന്നടപ്പാണ്, എന്നാൽ എല്ലാ ദുർന്നടപ്പും വ്യഭിചാരമല്ല."[9]

വാക്യം 4 "വിവാഹ ഉടമ്പടിയുടെ ഏതു ലംഘനമായാലും അതിനെതിരായ മുന്നറിയിപ്പ് ആണ്. ഈ ഉടമ്പടി ലംഘിക്കുന്നവർ മനുഷ്യരുടെ വിധിയിൽ നിന്ന് രക്ഷപ്പെട്ടേക്കാം, എങ്കിലും മാനസാന്തരപ്പെട്ടില്ലെങ്കിൽ, ദൈവത്തിന്റെ ന്യായവിധിയിൽ നിന്നു തെററി ഒഴിയുകയില്ല."[10] 1 തെസ്സലൊനിക്യർ 4:1–8–ൽ, പൗലൊസ് പറയുന്നത് "ഈ കൽപന ലംഘിക്കുന്നവർ മനുഷ്യരെ അല്ല തള്ളിക്കളയുന്നത്, പരിശുദ്ധാത്മാവിനെ ദാനമായി തരുന്ന ദൈവത്തെയാണ് തള്ളിക്കളയുന്നത്." നമ്മിൽ പരിശുദ്ധാത്മാവ് വസിക്കുന്നുവെങ്കിൽ നമ്മെ അശുദ്ധമാക്കുന്ന രീതിയിലുള്ള അവിഹിതമായ ഒരു ലൈംഗിക ബന്ധത്തിലേക്കും നാം പോകുകയില്ല. ശരീരത്തിലും ആത്മാവിലും വിശുദ്ധീകരണം പ്രാപിച്ച ഒരാൾ വ്യഭിചാരം ചെയ്താൽ, അയാൾ തന്റെ ജീവിതത്തിൽ ക്രിസ്തുവിന്റെ പ്രവർത്തനത്തിനെതിരെയാണ് പ്രവർത്തിക്കുന്നത് (1 കൊ. 6:15–20).

**ദൈവം ന്യായം വിധിക്കും** എന്നോർത്ത് വിശുദ്ധി നഷ്ടപ്പെടാതെ അത്തരം ദുഷ്പ്രവണതകളിൽനിന്നു വിട്ടു നിൽക്കണം. മാനസാന്തരപ്പെടാത്ത ദുർന്നടപ്പുകാരനും വ്യഭിചാരിണിയും ദൈവത്തിന്റെ കയ്യിൽ വീഴും! ന്യായവിധിക്കായി ദൈവം ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു, മാനസാന്തരപ്പെടാതിരിക്കുന്നതിനെ ദൈവം ഒരിക്കലും കണ്ടില്ലെന്ന് നടിക്കുകയില്ല (പ്രവൃ. 17:30, 31). ഒരു പാപി ഈ ജീവിതത്തിൽ ഗൗരവമേറിയ അനന്തരഫലത്തിൽ നിന്നു രക്ഷപ്പെട്ടേക്കാം, മരണത്തിനു മുൻപ് ദൈവം എല്ലാം തീർക്കുകയില്ല.

അക്കാലത്തെ സത്രങ്ങളിൽ നിലനിന്നിരുന്ന ദുർന്നടപ്പ് കാരണം അതിഥി സൽക്കാരം ആചരിക്കുന്നതിനെ കുറിച്ച് പറയുന്നത് തികച്ചും ഉചിതം തന്നെ. "കിടക്ക നിർമ്മലമായിരിക്കട്ടെ" എന്നു പറഞ്ഞിരിക്കുന്നതിനാൽ ദൈവം വൈവാഹിക ബന്ധത്തെ വിശുദ്ധമായി സൂക്ഷിപ്പാൻ ആഗ്രഹിച്ചിരിക്കുന്നു, അത് അവിശ്വാസിയെ വിവാഹം കഴിച്ചാൽ പോലും ഇത് ആവശ്യമാണ് (1 കൊ. 7:13, 14).

**വാക്യം 5.** ഒരു യഥാർത്ഥ ക്രിസ്തീയ ജീവിതത്തിൻെറ നാല് സൂചനകളാണ് നാം ഇതു വരെ ശ്രദ്ധിച്ചത്. വാക്യങ്ങൾ 5 ലും 6 ലും അഞ്ചാമത്തെ

സൂചന നൽകിയിരിക്കുന്നത്, അത്യാഗ്രഹത്തിനു പകരം തൃപ്തി ആവശ്യപ്പെടുന്നതാണ്. അനുചിതമായ ലൈംഗിക ഇച്ഛകളും (വാ. 4) പണത്തോടുള്ള മോഹവുമാണ് എല്ലാ കാലത്തും ആളുകളെ മഥിച്ചുകൊണ്ടിരിക്കുന്നത് (വാ. 5).

ലോകപ്രകാരം ജീവിക്കുന്ന അനേകം ആളുകളിൽ ഏറ്റവും മുകളിൽ നിൽക്കുന്ന അജണ്ഡകളാണ് സമ്പത്തും ലൈംഗിക ഭോഗവും. രണ്ടും ഇവിടെ യോജിപ്പിച്ചാണ് പറഞ്ഞിരിക്കുന്നത്, കാരണം ഭൗതികതയും അധാർമ്മികതയും അതൃപ്തി എന്ന പാപത്തെയാണ് കാണിക്കുന്നത്.

**ദ്രവ്യാഗ്രഹം വിട്ടുകളയുവാനാണ്** വാക്യം ആദ്യം തന്നെ പറയുന്നത്. "ദ്രവ്യാഗ്രഹം," *അഫിലാർഗുരോസ്*, പുതിയനിയമത്തിൽ മറ്റൊരു ഭാഗത്ത് ഉപയോഗിച്ചിരിക്കുന്നത് 1 തിമൊ. 3:3-ൽ മാത്രമാണ്. ഇവിടെ പറഞ്ഞതുപോലെ പൗലൊസ് "അത്യാഗ്രഹം" എന്ന വാക്ക് ഉപയോഗിച്ചപ്പോൾ, എഫെസ്യർ. 5:3-ൽ അവിഹിത ലൈംഗിക ബന്ധത്തെ അല്ലെങ്കിൽ, "ദ്രവ്യാഗ്രഹത്തെ" പറയുവാൻ കഴിഞ്ഞു.[11] സമ്പത്തിനെ കുറിച്ചും തൃപ്തിയെ കുറിച്ചുമുള്ള ഉപദേശം 1 തിമൊഥെയൊസ് 6:6–10 മായി യോജിക്കുന്നതാണ്.

കടവും ചീട്ടുകളിയും ഒരാളുടെ ജീവിതത്തിൽ വളരെ അതൃപ്തി വരുത്തുന്നവയാണ്. അവ രണ്ടും ദാരിദ്ര്യത്തിലേക്ക് നയിക്കുന്നവയാണ്. ഒരാളുടെ ജീവിതത്തിലെ മുഖ്യ ലക്ഷ്യമായി മാറുന്നതാണ് "ദ്രവ്യാഗ്രഹം."

"ദ്രവ്യാഗ്രഹത്തിൽനിന്നു മോചനം" നേടിയാൽ മാത്രമെ ഉള്ളതുകൊണ്ട് തൃപ്തിയടയുവാൻ കഴിയു. പണത്തോടുള്ള ആഗ്രഹം അല്ലെങ്കിൽ അത്യാഗ്രഹം പലപ്പോഴും വിലക്കിയിരിക്കുന്നതാണ്.[12] ദൈവത്തെയും സമ്പത്തിനെയും ഒരേ സമയത്ത് സേവിക്കുന്നതിനെതിരെ യേശു മുന്നറിയിപ്പ് നൽകിയിട്ടുണ്ട് (മത്താ. 6:24). അവൻ ഉപയോഗിച്ച വാക്ക് (*മാമോനാസ്*) ആണ്, അതിന്റെ ആരംഭം അജ്ഞാതമാണ്. ആ വാക്കിന്റെ അരാമ്യ രൂപഭേദം അർത്ഥമാക്കുന്നത്, "പണം," "ധനം," "സമ്പത്ത്," "വസ്തു," "ലൗകിക വസ്തുക്കൾ," അല്ലെങ്കിൽ "ലാഭം" എന്നിവയാണ്. തീർച്ചയായും, സമ്പത്തിനോടുള്ള ആഗ്രഹം ബഹുവിധ പാപങ്ങൾക്ക് കാരണമായി തീരും (1 തിമൊ. 6:10). ഭൗതികമായവയെല്ലാം വിചാരപ്പെടുത്തും (മത്താ. 6:26–33). തൃപ്തിയുടെ എതിരാണ് വിചാരപ്പെടൽ. അപ്പോൾ, വിചാരപ്പെടുന്നതിനെതിരെ യേശു പ്രബോധിപ്പിച്ചപ്പോൾ "മാമോനെ" (കെജെവി) സേവിക്കരുത് എന്ന് യേശു പറഞ്ഞതിൽ അതിശയിക്കുവാനില്ല.

കൂടാതെ യേശു മുന്നറിയിച്ചു, "സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ, ഒരുത്തന്നു സമൃദ്ധിയുണ്ടായാലും അവന്റെ വസ്തുവകകളല്ല അവന്റെ ജീവന്ന് ആധാരമായിരിക്കുന്നത്" (ലൂക്കൊ. 12:15). ഒരാൾക്ക് "എന്തൊക്കെയുണ്ട്?" അതായത് "എത്ര സ്വത്ത് ഉണ്ട്?"[13] എന്നു ചോദിക്കുമ്പോൾ യേശു പറഞ്ഞ കാര്യം നാം മറന്നു പോകും. അത്യാഗ്രഹം ഉള്ള ആൾക്ക് ഒരിക്കലും സന്തോഷിക്കുവാൻ സാധിക്കുകയില്ല; അത് തൃപ്തിയുടെ നേരെ എതിരാണ്. മാമോനെ സേവിക്കുന്നതു ലക്ഷ്യമാക്കിയവർ "സംഹാരനാശത്തിൽ മുങ്ങിപ്പോകും" (1 തിമൊ. 6:9). ചാണകക്കുഴിയിലെ അഴുക്കിൽ പെട്ട് താഴുന്ന ചിത്രമാണ് നൽകിയിരിക്കുന്നത്.

**വാക്യം 5.** ദ്രവ്യാഗ്രഹത്തെ അതിജീവിക്കുവാൻ കർത്താവ് സമീപസ്ഥനാണെന്നും, [നമുക്ക്] **ഉള്ളതുകൊണ്ട് തൃപ്പെട്ടാൽ മതി** എന്നും തീരുമാനിക്കണം. കർത്താവ് നമ്മെ കുറിച്ച് കരുതും എന്ന വിശ്വാസം നമുക്ക് ഉണ്ടെങ്കിൽ, നമ്മുടെ സാമ്പത്തിക പിന്തുണയെ കുറിച്ച് വിചാരപ്പെടുന്നത് എന്തിനാണ്?

“ഉള്ളതു മതി” (*ആർകെയോ*) എന്നതിന്റെ അർത്ഥം “ശക്തി ക്ഷയിക്കൽ,” പാലനത്തിന് “മതിയായത്” ഉണ്ടായിരിക്കുക അതായത് “തൃപ്തി.”[14] പൗലൊസ് ഒരേ മൂലപദത്തിലുള്ള നാമത്തിന്റെ ക്രിയ ഉപയോഗിച്ച് ഫിലിപ്പിയർ 4:11-ൽ “സ്വയം” എന്ന വാക്കു കൂടെ ചേർത്ത് പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം “സ്വയം-പര്യാപ്തത” എന്നാണ്. മനുഷ്യൻ സ്വയമായി പര്യാപ്തതയുള്ളവനാണ് എന്നാണ് സ്റ്റോയിക്കുകർ വിചാരിച്ചിരുന്നത്, എന്നാൽ പൗലൊസ് പറഞ്ഞ പ്രസ്താവന തെളിയിക്കുന്നത് പര്യാപ്തത ക്രിസ്തുവിൽ മാത്രമാണ് എന്നത്രെ. തന്റെ കഴിവിൽ ആശ്രയിച്ചതുകൊണ്ടല്ല മറിച്ച് ക്രിസ്തുവിൽ ആശ്രയിച്ചതുകൊണ്ടാണ് പൗലൊസിന് അതിന് സാധ്യമായത്. ഉള്ളത് മതി എന്നതിൽ തൃപ്തി മാത്രമല്ല അടങ്ങിയിരിക്കുന്നത്, ദൈവത്തിലുള്ള ആശ്രയവും അടങ്ങിയിരിക്കുന്നു, കാരണം നമുക്ക് ആവശ്യമുള്ളതെല്ലാം നൽകുന്നത് ദൈവമാണ്. അത്യാഗ്രഹവും വിചാരപ്പെടുന്നതും അതിജീവിക്കുവാൻ മത്തായി 6:33 പറയുന്നത്: “അവന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ.”

**വാക്യം 5.** ദൈവം തന്നെ പറഞ്ഞിരിക്കുന്നതിലാണ് നമുക്ക് തൃപ്തിയടയുവാൻ കഴിയുന്നത്. ഇരട്ട നിഷേധത്തിൽ അവൻ പറഞ്ഞു,[15] അവൻ നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ല: “**ഞാൻ നിങ്ങളെ ഒരിക്കലും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല.**”[16] ആ മനോഹര പ്രസ്താവന അക്ഷരികമായി “ഞാൻ നിങ്ങളെ ഒരിക്കലും, ഇല്ല ഒരിക്കലും ഉപേക്ഷിക്കയില്ല, നിന്നെ കൈവിടുകയുമില്ല.”[17] കെന്നെത്ത് വൂവെസ്റ്റ് അതിനെ ഇങ്ങനെ സമാന്തരപ്രയോഗം നടത്തിയിരിക്കുന്നു: “ഞാൻ നിന്നെ ഒരിക്കലും, ഒരിക്കലും, ഒരിക്കലും താഴ്ത്തിക്കളയുകയില്ല, സഭയിൽ വിട്ടുകളയുകയോ, നിരാശപ്പെടുത്തുകയോ, വീഥികളിൽ നിരാലംബരായി ഉപേക്ഷിക്കയോ ഇല്ല.”[18] ദൈവത്തിന് തന്റെ മക്കളോടുള്ള സജീവമായ സ്നേഹത്തെയാണ് ആ വാക്യം എടുത്തു കാണിക്കുന്നത്. ചിലപ്പോൾ നാം അവനെ ഉപേക്ഷിച്ചാലും, നമ്മുടെ സ്വർഗസ്ഥ പിതാവ് നമ്മെ ഒരിക്കലും ഉപേക്ഷിക്കയില്ല.[19]

**വാക്യം 6.** അതുകൊണ്ടാണ് നമുക്ക് **ധൈര്യത്തോടെ പ്രസ്താവിപ്പാൻ കഴിയുന്നത്, “കർത്താവ് എനിക്കു തുണ, ഞാൻ ആരെ പേടിക്കും, മനുഷ്യൻ എന്നോട് എന്തു ചെയ്യും?**” യോശു 1:5, ആവർത്തനപുസ്തകം 31:6, സങ്കീർത്തനങ്ങൾ 118:6-ൽ നിന്നും എടുത്തതാണ് ഇത്,[20] ഇത് ഒരു മശിഹാ സങ്കീർത്തനമാണ് (കൂടാതെ 1 ദിന. 28:20 നോക്കുക). അത് മത്തായി 21:42-ൽ യേശുക്രിസ്തുവും പ്രവൃത്തികൾ 4:10, 11-ൽ പത്രൊസും ഉദ്ധരിച്ചിരിക്കുന്നു. ക്രിസ്തു തന്നെ ആ വാക്കുകൾ പറഞ്ഞിരിക്കുന്നു എന്നാണ് അതിനർത്ഥം; പ്രവാചകന്മാരിൽ ഉണ്ടായിരുന്നത് അവന്റെ ആത്മാവായിരുന്നു (1 പത്രൊ. 1:10, 11). ക്രിസ്തീയ വിശുദ്ധിക്കും ദൈവഭക്തിക്കും ആവശ്യമായ പോയിന്റുകൾക്ക് പുതിയ നിയമത്തിൽ - എബ്രായ ലേഖനത്തിൽ മാത്രമല്ല - പുതിയ നിയമ ലേഖനങ്ങളിലെല്ലാം പഴയ നിയമ ഉദ്ധരണികൾ ആവർത്തിച്ചിരിക്കുകയാണ്. അതിലെ തത്വങ്ങൾ നാം വിലകുറച്ചു കാണരുത്. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടുമാത്രമെ അത്യാഗ്രഹം ഒഴിവാക്കി ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാൻ കഴിയുകയുള്ളു. അതിനർത്ഥം ക്രിസ്ത്യാനികൾ തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ട എന്നോ മറ്റുള്ളവരെ സഹായിച്ച് അവരേയും മെച്ചപ്പെടുത്തുവാൻ ശ്രമിക്കേണ്ട എന്നോ അർത്ഥമാക്കരുത്. അധികം നന്മ ചെയ്യുവാനും അധികം ഉണ്ടാകുവാനും നാം അദ്ധ്വാനിക്കണം (എഫെ. 4:28), അല്ലാതെ കൂട്ടി വെക്കുവാനല്ല. ദൈവിക നിലവാരം അനുസരിച്ച് പണം എങ്ങനെ വിനിയോഗിക്കണം

എന്ന് ഓരോരുത്തരുമാണ് തീരുമാനിക്കേണ്ടത്. ഭൗതിക വസ്തുക്കൾക്കായുള്ള മോഹം ആളുകളെ മോഹഭംഗത്തിലേക്കും ബുദ്ധിമുട്ടിലേക്കും നയിക്കും, ദൈവത്തിലുള്ള ആശ്രയക്കുറവാണ് അത് സൂചിപ്പിക്കുന്നത്.[21]

വാക്യം 6-ൽ ദൈവത്തെ നമ്മുടെ "തുണ" (*ബോയെതോസ്*) എന്നാണ് പറഞ്ഞിരിക്കുന്നത്; എന്നാൽ 2:18-ൽ യേശുക്രിസ്തു നമ്മെ "സഹായിക്കുവാൻ കഴിവുള്ളവൻ" എന്നാണ് കാണുന്നത്, കൂടാതെ അവൻ നമ്മുടെ മഹാപുരോഹിതനുമാണ്. LXX ൽ "കർത്താവ്" എന്നു ദൈവത്തെ വിളിച്ചിരിക്കുന്നതാണ് സങ്കീർത്തനത്തിൽ ഉദ്ധരിച്ചിരിക്കുന്നത് (118:6, 7), എന്നാൽ എബ്രായ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് *കുറിയോസ്* എന്നാണ്. പുതിയ നിയമത്തിൽ ആ വാക്ക് ക്രിസ്തുവിനാണ് ഉപയോഗിച്ചിരിക്കുന്നത്. എബ്രായ പഴയ നിയമം വായിക്കുന്ന യെഹൂദന്മാർ യാഹ്വെ ("യാഹ്വേഹ്) എന്നതിനു പകരം ഉപയോഗിച്ചിരിക്കുന്ന വാക്ക് *അഡോണായി* ("കർത്താവ്") എന്നാണ്, മസോറെറ്റസ് പിന്നീട് "*ഡൊണേയ്* "യാഹ്വേയോട്" വവ്വൽ കൂട്ടിച്ചേർത്ത് ദൈവത്തിന്റെ നാമം വൃഥാ ഉപയോഗിക്കുന്നത് ഒഴിവാക്കി. ദൈവത്തിന്റെ നാമം അവർ പരസ്യമായി ഉപയോഗിക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല, അതിനു പകരം അവർ "കർത്താവ്" എന്നാണ് ഉച്ചരിച്ചിരുന്നത്.

അത്തരം സഹായം നമുക്ക് ഉള്ളപ്പോൾ മനുഷ്യർക്ക് നമ്മോട് എന്തു ചെയ്യുവാൻ കഴിയും? വാസ്തവത്തിൽ മനുഷ്യർക്ക് പലതും നമ്മെ ചെയ്യുവാനായി കഴിയും. കുത്തുവാക്ക്, ദോഷാരോപണം, ശകാരം, വേദനിപ്പിക്കുന്ന വാക്കുകൾ, ശാരീരിക ദുരുപയോഗം എന്നിവ മനുഷ്യരിൽനിന്ന് നമുക്ക് അനുഭവപ്പെട്ടേക്കാം. കഴിഞ്ഞ കാലത്ത് ഉണ്ടായതുപോലെ രക്തസാക്ഷികളാകുവാനും ഇടയുണ്ട്. എങ്ങനെയായാലും, അവക്കൊന്നിനും ദൈവത്തിന്റെ അന്തിമ വാഗ്ദാനമായ തേജസിലെത്തുവാനുള്ള നമ്മുടെ വിശ്വാസത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ കഴിയുന്നതല്ല (2:10). "മറ്റുള്ളവരുടെ കയ്യാൽ നാം കഷ്ടത അനുഭവിക്കുന്നതിനെ ദൈവം ഒഴിവാക്കുകയില്ല എന്നതാണ് സൂചന, പക്ഷെ ആ കഷ്ടതയിൽകൂടെ നമ്മെ അവൻ നിത്യതയിലേക്ക് നയിക്കും (2:10; 5:7–10)."[22]

നാം ഉപേക്ഷിക്കപ്പെട്ടതായി തോന്നുമെങ്കിലും, അവൻ നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. നമ്മുടെ ദൈവം നമ്മെ എല്ലായ്പ്പോഴും സൂക്ഷിക്കും, എങ്കിലും, ശാരീരകമായ ഉപദ്രവങ്ങൾ നമ്മിൽ വരാതെ അവൻ സൂക്ഷിക്കുമെന്ന വാഗ്ദാനം ഇല്ല. അത്തരം വാഗ്ദാനം യേശുവിനു ലഭിച്ചിരുന്നു (മത്താ. 4:6; സങ്കീ. 91:11, 12). അപ്പോഴും സമയം വന്നപ്പോൾ അവൻ മരിക്കണമായിരുന്നു. ആത്മിയമായ ഉപദ്രവങ്ങളിൽനിന്നു നമ്മെ വിടുവിക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. വിശ്വാസത്താലുള്ള അനുസരണം നാം സൂക്ഷിക്കുന്നേടത്തോളം, ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുവാൻ ഒരു ശക്തിക്കും സാധ്യമല്ല (റോമ. 8:35–39).

വിശ്വാസത്തിൽ ബലഹീനരായിരുന്ന ചില യെഹൂദ ക്രിസ്ത്യാനികൾ ക്രിസ്തുവിൽനിന്ന് വേറിട്ടുപോകുവാൻ സമ്മർദ്ദം നേരിട്ടിരുന്നു. അവർ പരീക്ഷണങ്ങളിൽ കുടുങ്ങി തോറ്റുപോകാതിരിപ്പാൻ അവർക്ക് ഉറപ്പ് ആവശ്യമായിരുന്നതുപോലെ, നമുക്കും ഉറപ്പ് ആവശ്യമാണ്. സങ്കീർത്തനക്കാരൻ കാണിച്ചതുപോലെയുള്ള വിശ്വാസം അവർക്ക് ആവശ്യമായിരുന്നതുപോലെ നമുക്കും ആവശ്യമാണ്.

## മുമ്പിലത്തെ അദ്ധ്യക്ഷന്മാരെയും നമ്മുടെ മഹാപുരോഹിതനെയും ഓർക്കുക (13:7-16)

13:7

**[7]നിങ്ങളോട് ദൈവ വചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ.**

**വാക്യം** 7. ക്രിസ്ത്യാനിയിൽ ഉണ്ടാകേണ്ട ആറാമത്തെയും അവസാനത്തെയുമായ സ്വഭാവ ഗുണം നൽകിയിരിക്കുന്നു. സഭയിലെ അദ്ധ്യക്ഷന്മാരെ മാനിച്ച് അവരുടെ വിശ്വാസം അനുകരിക്കുവാനായിരുന്നു ലേഖകൻ ആ വായനക്കാരോട് ആവശ്യപ്പെട്ടത്.

ഇവിടെ പറഞ്ഞ അദ്ധ്യക്ഷന്മാർ അസന്തുഷ്ടരായിരുന്നില്ല. എബ്രായ ക്രിസ്ത്യാനികൾക്ക് അനുകരിക്കാവുന്ന വിശ്വസ്ത മാതൃകയായിരുന്നു അവരിൽ ഉണ്ടായിരുന്നത്. **അവരുടെ ജീവിതാവസാനം ഓർത്ത്** എന്നു പറഞ്ഞിരിക്കുന്നതിനാൽ ഈ ലേഖനം എഴുതുമ്പോൾ അവർ മരിച്ചു കഴിഞ്ഞിരുന്നു എന്നു സ്പഷ്ടം. ഒന്നുകിൽ, അവർ സ്വർഗത്തിൽ പോകുമെന്ന വെളിപ്പാട് ലേഖകന് ലഭിച്ചിരിക്കാം, അല്ലെങ്കിൽ, അവർ ലക്ഷ്യത്തിലെത്തുമെന്ന് അവരുടെ ജീവിതം തെളിയിച്ചിരിക്കണം. ശേഷിക്കുന്ന ക്രിസ്ത്യാനികൾ അവരെ ഓർക്കണമായിരുന്നു, അല്ലെങ്കിൽ "അവരെ തുടർച്ചയായി ഓർത്തുകൊണ്ടിരിക്കണമായിരുന്നു" (ഗ്രീക്കിലെ കാലം അതാണ് സൂചിപ്പിക്കുന്നത്), അതായത് അവർ ആ അദ്ധ്യക്ഷന്മാരുടെ സ്വഭാവത്തെ അനുകരിക്കണമായിരുന്നു എന്നർത്ഥം. അതേ ക്രിയ പൗലൊസ് 2 തിമൊ. 2:8-ൽ ഉപയോഗിച്ചിരിക്കുന്നു, അവിടെ "യേശുക്രിസ്തുവിനെ ഓർത്തുകൊൾവിൻ" എന്നാണ്. നാമും സത്യസന്ധരായ സഹോദരീ സഹോദരന്മാരിൽ സന്തോഷിച്ച് അവരുടെ സ്വഭാവം നാം അനുകരിക്കുവാൻ ശ്രമിക്കണം.

**നടത്തുക** (*ഹെഗെയോമായി*, "നയിക്കുക" അല്ലെങ്കിൽ "അധികാരത്തോടെ കൽപിക്കുക"). ഏതെങ്കിലും ഒരു തരത്തിലുള്ള ഔദ്യോഗികമായ അദ്ധ്യക്ഷ സ്ഥാനം അസാധ്യമാക്കുന്ന അർത്ഥത്തിൽ ഈ അദ്ധ്യായത്തിൽ മൂന്നു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (വാ. 17, 24). അതേ മൂല വാക്കിൽ നിന്ന് തർജ്ജമ ചെയ്തതാണ് "അദ്ധ്യക്ഷന്മാർ" എന്നും "പ്രമാണിമാർ" (മത്താ. 2:6) എന്ന (പ്രവൃ. 7:10). അതുകൊണ്ട്, *ഹെഗെയോമായി* എന്നു പറയുന്നത് സാധാരണ മാതൃകയാൽ സ്വാധീനിക്കുന്നതിനേക്കാൾ ശക്തമായ സ്വാധീനത്തെയാണ്.

അപ്പൊസ്തലന്മാർക്ക് പുറമെ വാക്യം 7-ൽ **ദൈവത്തിന്റെ വചനം നിങ്ങളോട് പ്രസംഗിച്ചവർ** എന്നു പറഞ്ഞിരിക്കുന്നതിൽ സുവിശേഷകന്മാരും ഉൾപ്പെടുന്നു. തിമൊഥെയൊസിനെ ചുമതലപ്പെടുത്തിയ ഒരു പ്രവൃത്തിയായിരുന്നു പ്രസംഗം, അത് "സുവിശേഷകന്റെ പ്രവൃത്തി" ആയിരുന്നു (2 തിമൊ. 4:2, 5), ചില മൂപ്പന്മാർ "പ്രസംഗിക്കയും ഉപദേശിക്കയും" ചെയ്തിരിക്കയാൽ, അത് മൂപ്പന്മാരുടെ ദൗത്യവുമാണ് (1 തിമൊ. 5:17). "വചനം" എന്നതിൽ സുവിശേഷ സന്ദേശം മുഴുവൻ അടങ്ങുന്നതാണ്.

ഈ പ്രബോധനത്തിന്റെ ഗുണഭോക്താക്കൾ ദൈവത്താൽ നിയമിക്കപ്പെട്ട സഭയിലെ കഴിഞ്ഞകാല അദ്ധ്യക്ഷന്മാരെയും, ഒരുപക്ഷെ അപ്പോഴത്തെ

അദ്ധ്യക്ഷന്മാരെയും ശരിയായി ബഹുമാനിച്ചിരിക്കയില്ല. അധികാരസ്ഥാനത്തെ ബഹുമാനിക്കാതിരിക്കുന്നത് ഗുരുതരമായ പാപമാണ്. ആ എബ്രായർ അദ്ധ്യക്ഷന്മാർക്ക് എതിരെ ഒരുപക്ഷെ പിറുപിറുത്തിരിക്കയില്ല, പക്ഷെ അവർ വിശ്വാസത്തിൽനിന്ന് അകലുകയായിരുന്നു (2:1-4). ഏതു വിധത്തിലായാലും അവർ അപകട വക്കിൽ എത്തി നിൽക്കുകയായിരുന്നു. ഈ ഓർപ്പിക്കൽ അവർക്ക് ആവശ്യമായിരുന്നു.

എബ്രായ ലേഖനം എഴുതിയപ്പോൾ, അദ്ധ്യക്ഷന്മാർ സജീവമായിരുന്നു എന്നാണ് വാക്യങ്ങൾ 17 ഉം 24 ഉം പറയുന്നത്. വാക്യം 7 പറയുന്നത് ഒരുപക്ഷെ പ്രവൃത്തികൾ 8:1-4-ൽ പറയുന്ന ഉപദ്രവകാലത്ത് യെരുശലേമിലുണ്ടായിരുന്ന അപ്പൊസ്തലന്മാരും, മൂപ്പന്മാരും, മറ്റുള്ളവരും ആയിരുന്നേക്കാം. പല സഭാംഗങ്ങളും ഓടി പോയപ്പോൾ അവർ അവിടെ തന്നെ താമസിച്ചിരുന്നു. അങ്ങനെ പൗലൊസിന്റെ പരിവർത്തന സമയത്ത് അവിടെ സഭ നിലനിൽക്കുകയും സ്ഥിതി ശാന്തമാകുകയും ചെയ്തിരുന്നു (പ്രവൃ. 9:31). ഹാബേലിന്റെ രക്തം സംസാരിക്കുന്നതുപോലെ, അവരുടെ ജീവിതവും സംസാരിച്ചുകൊണ്ടിരുന്നു (എബ്രാ. 11:4).

ആ പ്രാരംഭ സഭാദ്ധ്യക്ഷന്മാരിൽകൂടെ ആയിരുന്നു വചനം ഉറപ്പിച്ചത് (2:3), അവർ മരണപര്യന്തം വിശ്വാസ്തരായിരുന്നു.[23] ക്രമേണ ആ വായനക്കാർ അവരുടെ വിശ്വാസ നടപ്പും "അതിന്റെ ഫലവും" ഓർക്കണമായിരുന്നു. അത് മരണശേഷം അവർക്ക് ലഭിക്കുന്ന മൃദുവായ പ്രതിഫലമാണ്. **ഓർത്തുകൊൾവിൻ** എന്ന വാക്ക് "ഉപരിതല പരിശോധനയുടെ നേരെ എതിരാണ്."24 ആ മാതൃകയുള്ള അദ്ധ്യക്ഷന്മാർ എങ്ങനെ ജീവിച്ചു എന്ന് ആ ക്രിസ്ത്യാനികൾ പരിഗണിക്കണമായിരുന്നു. അതായിരുന്നു അവരെ നിത്യതയിലെത്തു മാറാക്കിയത്. "ഫലം" "അനന്തരം" "അവസാനം" (*എഖാസിസ്*). പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്ത് കാണുന്നത് 1 കൊരിന്ത്യർ 10:13-ൽ മാത്രമാണ്. അവിടെ അത് തർജ്ജമ ചെയ്തിരിക്കുന്നത് "തെറ്റി ഒഴിയുക," അല്ലെങ്കിൽ "പുറത്തു കടക്കുക" എന്നാണ്. ജീവിതത്തിലെ എല്ലാ സാഹചര്യവും കൈകാര്യം ചെയ്യുവാൻ നാം ദൈവത്തെ നോക്കണം. 13:7 ന്റെ സന്ദർഭത്തിൽ, *എഖാസിസ്* ചൂണ്ടിക്കാണിക്കുന്നത് അത്തരം വിശ്വസ്തമായ ജീവിതത്തിന്റെ അവസാന ഫലത്തെയാണ്.

നമ്മുടെ മുമ്പിലത്തെ അദ്ധ്യക്ഷന്മാർ മരണപര്യന്തം വിശ്വസ്തരായിരുന്നത് നാം ഓർക്കുമ്പോൾ, നല്ല ക്രിസ്തീയ ജീവിതം നയിക്കുവാൻ ആ മനോഭാവം നമ്മെ ഉത്തേജിപ്പിക്കും. തിരുവെഴുത്തിലെ വിശ്വാസ നായകന്മാരുടെ സംഭവങ്ങൾ നാം വായിക്കണം എന്നു പറയുന്നതിന്റെ നല്ല കാരണം അതാണ്. വിശ്വസ്തരും ദൈവഭക്തരുമായ ആളുകളെ കുറിച്ച് നാം വ്യക്തിപരമായി മനസിലാക്കുന്നത് മറ്റുള്ളവർ പറഞ്ഞു കേൾക്കുന്നതിനേക്കാൾ നമ്മിൽ വലിയ സ്വാധീനം ചെലുത്തും.

ഇവിടെ പറഞ്ഞിരിക്കുന്ന അദ്ധ്യക്ഷന്മാർ അവരുടെ ആദ്യ നിശ്ചയം മുറുകെ പിടിച്ചവരായിരുന്നു; അവർ അവസാനത്തോളം സഹിച്ചവരായിരുന്നു (3:14). അവരുടെ **വിശ്വാസത്തെ അനുകരിക്കുവാൻ** ആയിരുന്നു എബ്രായരോട് പറഞ്ഞത്. "അനുകരിക്കുക" (*മിമെയോമായി* യിൽനിന്ന്) "അനുകാരികൾ" എന്ന വാക്കിന്റെ സമാനഗുണമുള്ളതാണ്, അത് പൗലൊസ് 1 കൊരിന്ത്യർ 11:1-ൽ ഉപയോഗിച്ചിട്ടുണ്ട്. അതിൽ നിന്നും നമുക്ക് പല ഇംഗ്ലീഷുവാക്കുകൾ, "ഇമിറ്റേറ്റ്", "മിമേ", "മിമിക്ക്" തുടങ്ങിയവയടക്കം ലഭിച്ചിരിക്കുന്നു.

അവരുടെ "വിശ്വാസം അനുകരിക്കുക" എന്നു പറഞ്ഞാൽ എന്താണ്? ആ അദ്ധ്യക്ഷന്മാർ എങ്ങനെ ജീവിച്ചു എന്ന് ആ വായനക്കാരെ ഓർപ്പിച്ചുണർത്തുന്നതാകാം, കാരണം അവർ ക്രിസ്തുവിന്റെ ഉപദേശപ്രകാരം ജീവിച്ച് മരിച്ചവരായിരുന്നു. എഫെസ്യർ 4:5 ലെ "ഏക വിശ്വാസം" അനുസരിച്ചായിരുന്നു അവരുടെ ആരാധനയും, ക്രിസ്തീയ പരിശീലനവും, ദൈനന്തിന പ്രവർത്തനങ്ങളും, വിശ്വസിക്കേണ്ട ഉപദേശവും എന്ന കാര്യത്തിൽ സംശയമില്ല.[25] അത് എല്ലാ ക്രിസ്ത്യാനികൾക്കും അനുകരിക്കാവുന്ന നല്ല മാതൃകയാണ്.

ഏറ്റവും പ്രശംസനിയമായ ഒന്നാണ് അനുകരണം. ഒരു യുവ ഉപദേഷ്ടാവ് ആയിരുന്നപ്പോൾ, ഞാൻ ബഹുമാനിച്ച ഉപദേഷ്ടാക്കന്മാരെ അനുകരിച്ചിരുന്നു. ക്രമേണ അവരുടെ ചില രീതികൾ ഞാൻ എന്റേതാക്കി മാറ്റി. കർത്താവിനോടുള്ള ഏറ്റവും വലിയ ആദരവാണ് ക്രിസ്തുവിനെ അനുകരിക്കുന്നത് (1 കൊ. 11:1).

**13:8–16**

**8യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ.
9വിവിധവും അന്യവും ആയ ഉപദേശങ്ങളാൽ ആരും നിങ്ങളെ വലിച്ചു
കൊണ്ടുപോകരുത്; ആചരിച്ചുപോന്നവർക്ക് പ്രയോജനമില്ലാത്ത ഭോജനനി
യമങ്ങളാലല്ല കൃപയാൽ തന്നെ ഹൃദയം ഉറപ്പിക്കുന്നത് നല്ലത്. 10കൂടാരത്ത
തിൽ ശുശ്രൂഷിക്കുന്നവർക്ക് അഹോവൃത്തി കഴിപ്പാൻ അവകാശമില്ലാത്ത
ഒരു യാഗ പീഠം നമുക്ക് ഉണ്ട്. 11മഹാപുരോഹിതൻ പാപപരിഹാരമായി
രക്തം വിശുദ്ധമന്ദിരത്തിലേക്ക് കൊണ്ടുപോകുന്ന മൃഗങ്ങളുടെ ഉടൽ പാള
യത്തിന് പുറത്തുവെച്ച് ചുട്ടുകളയുന്നു. 12അങ്ങനെ യേശുവും സ്വന്ത രക്ത
ത്താൽ ജനത്തെ ശുദ്ധീകരിക്കേണ്ടതിന്ന് നഗരവാതിലിന്നു പുറത്തുവെച്ചു
കഷ്ടം അനുഭവിച്ചു. 13ആകയാൽ നാം അവന്റെ നിന്ദ ചുമന്നുകൊണ്ട് പാ
ളയത്തിന് പുറത്ത് അവന്റെ അടുക്കൽ ചെല്ലുക. 14ഇവിടെ നമുക്ക് നിലനി
ൽക്കുന്ന നഗരമില്ലല്ലോ. വരുവാനുള്ളത് അത്രെ നാം അന്വേഷിക്കുന്നത്. 15അ
തുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന് അവന്റെ നാമത്തെ ഏറ്റു പ
റയുന്ന അധര ഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക. 16നന്മ
ചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്. ഈ വക യാഗത്തിലല്ലോ
ദൈവം പ്രസാദിക്കുന്നത്.**

**വാക്യം 8.** ഈ വാക്യമായിരിക്കാം ഒരുപക്ഷെ എബ്രായ ലേഖനത്തിൽ ഏറ്റവും നന്നായി – അറിയപ്പെട്ടിരിക്കുന്ന വാക്യം. **യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ.** സന്തോഷിച്ച മുമ്പത്തെ അദ്ധ്യക്ഷന്മാരുടെ തലമുറകൾ മരിച്ചുപോയി, എന്നാൽ അവർ ഇല്ലെങ്കിലും, നമുക്ക് വേണ്ടി നമ്മെ സഹായിക്കുവാനും ശുശ്രൂഷിക്കുവാനും ഇന്നും ജീവിക്കുന്നവൻ ഉണ്ട്.

അവനെ കുറിച്ചുള്ള സങ്കീർത്തനങ്ങൾ 102:27 ലെ വാക്കുകൾ എബ്രായർ 1:12–ൽ ഉപയോഗിച്ചിരിക്കുന്നു: "നീയോ അനന്യൻ ആകുന്നു, നിന്റെ സംവൽസരങ്ങൾ അവസാനിക്കുകയില്ല."

ദൈവത്തെ കുറിച്ച് ഇതുപോലെയുള്ള പ്രസ്താവന പഴയ നിയമത്തിൽ നൽകിയിരുന്നു: "യഹോവയായ ഞാൻ ആദ്യനും അന്ത്യന്മാരോടുകൂടെ അനന്യനും ആകുന്നു" (യെശ. 41:4; 44:6 നോക്കുക). എബ്രായ ലേഖനത്തിൽ, ഇവിടെ അതേ വാക്കുകൾ ക്രിസ്തുവിനാണ് ഉപയോഗിച്ചിരിക്കുന്നത്. അതിൽ

അപാകതയായി ഒന്നുമില്ല, കാരണം ക്രിസ്തു “ആദ്യനും അന്ത്യനുമാകുന്നു” (വെളി. 1:17). നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ സദാ ജീവിക്കുന്നു (എബ്രാ. 7:25). അവന്റെ നിത്യസ്വഭാവം അന്റെ ദൈവികത്വത്തെയാണ് വെളിപ്പെടുത്തുന്നത്,

യേശു ഭൂമിയിൽ ആയിരുന്നപ്പോൾ, പരിമിതമായ കാലയളവിലേക്ക് താൽക്കാലികമായി യേശു ഒരു കുറഞ്ഞ സ്ഥാനം എടുക്കുകയായിരുന്നു (ഫിലി. 2:6–8), എന്നാൽ അവൻ ഇപ്പോൾ ഏറ്റവും “ഉയർന്ന സ്ഥാനമായ” സ്വർഗത്തിൽ എത്തി. അവൻ എല്ലായ്പോഴും ഒരേ നിലവാരത്തിലായിരുന്നില്ല എങ്കിലും ഒരേ വ്യക്തി തന്നെ. അവന്റെ അവതാരാവസ്ഥയും പങ്കും കുറവുള്ളതായിരുന്നു. ഒരിക്കൽ സ്വർഗത്തിൽ അവൻ “സമ്പന്നനായിരുന്നു”; പക്ഷെ അവൻ അത് ഉപേക്ഷിച്ചു, മനുഷ്യരെ സമ്പന്നരാക്കുവാനും അവരുമായി പങ്കിടുവാനുമായിരുന്നു അത് (2 കൊ. 8:9). അവൻ ഇപ്പോൾ “സ്വർഗത്തിലെ നമ്മുടെ മനുഷ്യൻ” ആണ്.[26] ഭൂമിയിലായിരുന്നപ്പോൾ ജ്ഞാനത്തിൽ അവന് പരിമിതിയുണ്ടായിരുന്നു, കാരണം അവന്റെ രണ്ടാം വരവ് എപ്പോഴാണെന്ന് പിതാവ് ആയിരുന്നു നിശ്ചയിച്ചിരുന്നത് (മത്താ. 24:36; മർ. 13:32).[27]

**വാക്യം 9**. വാക്യം 8 ഉം 9 ഉം ഒരുമിച്ച് ചേർത്താൽ, വരുന്ന ഓരോ പുതിയ ആശയത്തെയും സ്വീകരിക്കാതെ ഒരേ ഉപദേശം തന്നെ നാം സൂക്ഷിക്കണമെന്നു മനസിലാകും. ഉപദേശത്തിലും ഉദ്ദേശത്തിലും യേശു ഒന്നു തന്നെയായിരുന്നു. ക്രിസ്തുവിനെ കുറിച്ചുള്ള നമ്മുടെ ഉപദേശം ശരിയായി വ്യാഖ്യാനിക്കണം, എപ്പോഴും ഒന്നു തന്നെയായിരിക്കണം. അവന്റെ സത്യവചനത്തിൽനിന്ന് അവൻ വ്യതിചലിക്കുന്നില്ല. അത് പിൻപറ്റുന്നതിൽ നിന്ന് നാമും വ്യതിചലിക്കരുത് (1 കൊ. 15:58). വാക്യം 8 ലെ പ്രസ്താവനയുടെ സ്വാഭാവികമായ പിന്തുടർച്ചയാണ് വാക്യം 9 ലെ പ്രബോധനം.

ആരംഭ ക്രിസ്തീയ ചരിത്രം നോക്കിയാൽ പോലും, **അന്യവും വിവിധവുമായ ഉപദേശങ്ങൾ** (ബഹുവചനം) കടന്നു വന്നതായി കാണാം. നാം “ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്നവർ” ആകരുത് (എഫെ. 4:14).[28] *ക്സേനോസ്* എന്ന വാക്ക് തർജ്ജമ ചെയ്തതാണ് “അന്യ” സുവിശേഷത്തിന് “അന്യമായ” എല്ലാം നാം തിരസ്ക്കരിക്കണം. ക്രിസ്തു “അന്യൻ” ആയിരിക്കയാൽ, എബ്രായ ക്രിസ്ത്യാനികൾ തങ്ങളെ വീണ്ടെടുത്തതിൽ നിന്ന് അവരുടെ മനസ് ഇളകി ദൈവ കൃപയിൽനിന്ന് വീണു പോകരുതായിരുന്നു. ക്രിസ്തുവിന് ഒരേ ഒരു “ഉപദേശമാണ് ഉള്ളത്”, പാപമോചനത്തിന് നാം അതാണ് അനുസരിക്കേണ്ടത് (റോമ. 6:17, 18).[29]

ദൈവത്തിന്റെ കൽപനകൾ എങ്ങനെ മാറിയാലും, ക്രിസ്തു മാറാത്തവനാണ്. ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ചവരോട് ചില ഭക്ഷണ പദാർത്ഥങ്ങൾ ഭക്ഷിക്കരുത് എന്നു വിലക്കിയിരുന്നു. അനുസരണയോടെ ഒരാൾ അത് പാലിച്ചാൽ അയാൾ “ശുദ്ധൻ” എന്ന് അറിയപ്പെട്ടിരുന്നു; ആ കൽപന അനുസരിക്കാത്തവൻ “അശുദ്ധൻ” എന്ന് അറിയപ്പെട്ടിരുന്നു. ആ നിയമങ്ങൾ ഇന്ന് ഇല്ല. ജാതികൾക്കും ഭക്ഷണകാര്യങ്ങളെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടായിരുന്നു.[30] എങ്ങനെയായാലും, യേശു മർക്കൊസ് 7:19–ൽ പറഞ്ഞത് എല്ലാ ഭക്ഷണപദാർത്ഥങ്ങളും ശുദ്ധമാണ് എന്നത്രെ. കാലോചിതമല്ലാത്ത ഭക്ഷണങ്ങൾ കഴിക്കുന്നതിനാലോ അത് വർജ്ജിക്കുന്നതിനാലോ നാം നല്ല ക്രിസ്ത്യാനികൾ ആകുന്നില്ല. കർത്താവ് മാറാത്തവനാണെങ്കിലും, അവന്റെ നിയമങ്ങൾ മാറുന്നതായിരുന്നു. അതിനർത്ഥം പുതിയനിയമത്തിലെ അവന്റെ

നിയമങ്ങൾ മാറും എന്നല്ല. ബൈബിൾ തത്വങ്ങളോ മാർഗരേഖയോ സഭക്ക് മാറ്റുവാൻ അധികാരമില്ല.

"അന്യവും വിവിധവുമായ ഉപദേശങ്ങൾ" എന്തെല്ലാമാണെന്ന് പ്രത്യേക മായി പറഞ്ഞിട്ടില്ല. എങ്ങനെയായാലും, യെഹൂദമതക്കാർക്ക് ഈ ഉപദേശം അത്യാവശ്യമായിരുന്നു എന്നു നമുക്ക് അറിയാം. കാരണം അവർ ജാതികളിൽ നിന്നു ക്രിസ്ത്യാനികളായവരെ പരിഛേദന കഴിപ്പിക്കുവാനും ചില ഭക്ഷണ ങ്ങൾ വർജ്ജിക്കുവാനും ആവശ്യപ്പെട്ടിരുന്നു (ഗലാ. 5:2–6). രാജ്യത്തിന്റെ യഥാർത്ഥ സ്വഭാവം ഭക്ഷണ പാനിയങ്ങൾ നിയന്ത്രിക്കുന്നതല്ല (റോമർ. 14:17; 1 കൊ. 8:8).

ആഹാര നിയമങ്ങളാലല്ല, മറിച്ച് ദൈവ[ത്തിന്റെ] **കൃപ**യാലാണ് നാം **ശക്തി പ്രാപിക്കുന്നത്**. നമ്മുടെ ആത്മിയ സ്വഭാവത്തിനു മാറ്റു കൂട്ടുന്നത് "ആഹാരം" അല്ല "കൃപ" ആണ്. "ഇന്നും ഇന്നലെയും എന്നുമെന്നേക്കും അനന്യൻ" ആയ യേശുക്രിസ്തുവിന്റെ പ്രാധാന്യം ഇല്ലാതാക്കുന്നതാണ് ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ ക്രിസ്തുവിന്റെ സുവിശേഷത്തേക്കാൾ പ്രാധാന്യത്തോടെ കാണുന്നത്. പുതിയ നിയമത്തിൽ കെട്ടപ്പെടാത്തതിനാൽ, ന്യായപ്രമാണത്തിലെ ചില വിശദാംശങ്ങൾ ഇന്ന് അപ്രസക്തമാണ്.

ദൈവം നൽകിയ വാസ്തവത്തിലുള്ള ഉപദേശത്തിലെ വിശാലമായ ഒന്നാണ് വാക്യം 9 ലെ "കൃപ." "കൃപയാൽ നാം ശക്തിപ്പെടുമ്പോൾ" ദുരു പദേശം നമ്മെ വിട്ടുപോകും. ദൈവത്തിന്റെ "ശബ്ദം" കേൾക്കാതിരുന്നതി നാൽ, ആ എബ്രായ ക്രിസ്ത്യാനികളുടെ മുൻഗാമികളുടെ ഹൃദയം കഠിന പ്പെട്ടിരുന്നു (സങ്കീ. 95:7–9; എബ്രാ. 3:7–11, 15; 4:7), എന്നാൽ അവന്റെ വചനം മുഖാന്തരം ദൈവത്തിന്റെ ശബ്ദം കേട്ടാൽ, അവരുടെ പിൻഗാമികൾക്ക് "കൃപ യാൽ ശക്തിപ്പെടുവാൻ കഴിയും." തിത്തൊസ് 2:11, 12 പറയുന്നത് "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലൊ. നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തു വിന്റെ തേജസിന്റെ പ്രത്യക്ഷതക്കായിട്ടും *ഭക്തികേടും* പ്രപഞ്ച മോഹവും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും, നീതിയോടും, ദൈവഭക്തി യോടും കൂടെ ജീവിച്ചുപോരേണ്ടതിന്ന് അതു നമ്മെ ശിക്ഷിച്ചുവളർത്തുന്നു" (എംഫസിസ് ആഡഡ്). നാം ഉപദേശിക്കേണ്ട സത്യമാണ് കൃപ. ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് "കൃപയാലുള്ള രക്ഷ" മനസി ലാക്കുക എന്നത്; നാം ഭക്ഷിക്കുന്ന പദാർത്ഥങ്ങളാലോ അല്ലെങ്കിൽ ഭക്ഷണം തന്നെ ഒഴിവാക്കുന്നതിനാലോ രക്ഷ നേടാവുന്നതല്ല.

കൃപാ സിദ്ധി അന്വേഷിക്കാതെയുള്ള ഉപവാസം അല്ലെങ്കിൽ മത്തായി 6:16–18 ലേതുപോലെയുള്ള പരസ്യമായതും ആളുകൾക്ക് വിളങ്ങേണ്ടതിനു മായി ചെയ്യുന്നതും വാസ്തവത്തിലുള്ള ഉപവാസം അല്ല. ചില രോഗികൾ ഉപവസിക്കുവാൻ പാടുള്ളതല്ല. ഒരുപക്ഷെ അതുകൊണ്ടായിരിക്കാം പുതിയ നിയമത്തിൽ ഉപവാസം ഒരു കടമയായി പറയാതിരിക്കുന്നത്. പ്രത്യേക ആത്മിയ ഉദ്ദേശങ്ങൾക്ക് പ്രയോജനമുള്ളതാണ്. പക്ഷെ അത് സ്വയമായി ചെയ്യുന്നവയാണ്, അല്ലാതെ നിയമമല്ല.

**വാക്യം 10.** യാഗം അർപ്പിക്കുവാനുള്ള അവകാശങ്ങളിൽനിന്ന് ഒരുപ ക്ഷെ യെഹൂദ ക്രിസ്ത്യാനികൾ വിട്ടു നിന്നിരിക്കാം. അത് യെഹൂദ പുരോ ഹിതന്മാരിൽ നിന്നു ക്രിസ്ത്യാനികളായവരെ അത് ബാധിച്ചിരിക്കാം (പ്രവൃ. 6:7). അവരെ വിട്ടുകളഞ്ഞു എന്നു തോന്നുന്നതിനുപകരം, കർത്താവിന്റെ

രക്തം-കൊടുത്തു സമ്പാദിച്ച അനുഗ്രഹങ്ങളിൽ ഒന്നായ, “മേശയിൽ” നിന്നു **ഭക്ഷിക്കുവാൻ അവകാശമില്ലാത്ത** അവിശ്വാസികളായ യെഹൂദന്മാരോട് അവർക്ക് മനസലിവ് തോന്നണമായിരുന്നു.

ഫലത്തിൽ, വാക്യം 10 ലെ പ്രസ്താവന പറയുന്നത് “യെഹൂദ മതത്തിലുണ്ടായിരുന്നതിനേക്കാൾ വലിയ ഒരു യാഗപീഠം നമുക്ക് ഉണ്ട്, ആ യാഗപീഠത്തിൽ പങ്കു ചേരുവാൻ എല്ലാവർക്കും കഴിയുകയില്ല.” എന്താണ് **യാഗപീഠം**? അത് ആത്മിയമാണെന്ന് വാക്യം 15 പറയുന്നു. യാഗപീഠം ക്രിസ്തുവിനെ തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത് (അവന്റെ യാഗത്തെ), അവനിൽനിന്നാണ് പോഷണത്തിനുള്ള എല്ലാ അനുഗ്രഹങ്ങളും ലഭിക്കുന്നത്.[31] അവന്റെ യാഗത്തിൽ പങ്കു ചേരുന്നത് ക്രിസ്തുവിനോടു തന്നെ പങ്കു ചേരുന്നതാണ്.[32] പൗലൊസ് പറഞ്ഞു, “ജഡപ്രകാരമുള്ള യിസ്രായേലിനെ നോക്കുവിൻ, യാഗങ്ങൾ ഭുജിക്കുന്നവർ യാഗപീഠത്തിന്റെ കൂട്ടാളികൾ അല്ലയോ?” (1 കൊ. 10:18). 1 കൊരിന്ത്യർ 9:13-ൽ അവൻ പറയുന്നത് “യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യുന്നവർ യാഗപീഠത്തിലെ വഴിപാടുകളിൽ ഓഹരിക്കാർ ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?”

ആഴ്ച്ച തോറും നാം അവന്റെ മരണത്തെ ഓർമ്മിച്ച് ക്രിസ്തുവിനെ നിരന്തരമായി ആരാധിക്കുന്നു.[33] ആരാധനയുടെ മുഖ്യഭാഗം എന്ന നിലയിൽ നാം അത് അശ്രദ്ധയോടെയോ അല്ലെങ്കിൽ വല്ലപ്പോഴുമോ എടുക്കാതെ ഗൗരവമായി വചനപ്രകാരം തന്നെ പങ്കെടുക്കണം. മൃഗയാഗം അർപ്പിച്ച ശേഷം പുരോഹിതന്മാർ ആ മാംസം ഭക്ഷിച്ചിരുന്നതുപോലെ, നാമും ക്രിസ്തുവിന്റെ യാഗത്തിൽനിന്നുള്ള പ്രയോജനമായ അവന്റെ അനുഗ്രഹങ്ങൾ പങ്കിടുകയാണ്. യെഹൂദമതത്തിൽ തന്നെ നിന്നു ന്യായപ്രമാണ പ്രവൃത്തികൾ ചെയ്തു രക്ഷ നേടാമെന്ന് വിശ്വസിച്ചവർ വലിയ യാഗത്തിന്റേയോ ക്രിസ്ത്യാനിത്വത്തിന്റേയോ അനുഗ്രഹങ്ങൾ അനുഭവിക്കുന്നില്ല. യെഹൂദന്മാർ അനുഗ്രഹങ്ങൾക്കായി കൂടി വന്നതുപോലെ (സമാഗമന കൂടാരത്തിലോ അല്ലെങ്കിൽ ദൈവാലയത്തിലോ), ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ അനുഗ്രഹങ്ങൾക്കായി കൂടി വരണം.

പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള അന്തരം ഇവിടെ തുടരുകയാണ്. പഴയ നിയമം മുറുകെ പിടിച്ചുകൊണ്ടിരുന്ന യെഹൂദന്മാർക്ക് പുതിയ നിയമത്തിലെ അനുഗ്രഹങ്ങൾ ലഭിക്കുകയില്ല. ന്യായപ്രമാണത്തിൻകീഴിലുള്ളവർക്ക് “ഭക്ഷിക്കുവാൻ” അവകാശമില്ല എന്നു പറയുന്നതിനാൽ ക്രിസ്ത്യാനിത്വത്തിന്റെ പ്രത്യേകതയെയാണ് അത് കാണിക്കുന്നത്. കൂടാതെ, അത് യെഹൂദമതത്തിലേക്ക് വീണ്ടും തിരിച്ചുപോകുന്നതിന്റെ അപകടത്തെയും കാണിക്കുന്നു-അങ്ങനെ വന്നാൽ അയാൾക്ക് ദൈവത്തോടുള്ള കൂട്ടായ്മ ലഭിക്കുകയില്ല. നാം “ആഹാരം” എന്നു പറയുന്ന സമൃദ്ധമായ “മേശ” “യാഗത്തെ” പ്രതിനിധാനം ചെയ്യുന്നതായി നാം കണക്കാക്കും.[34] തീർച്ചയായും, നമുക്ക് ഭൗതികമായ “യാഗപീഠം” ഇല്ല, കാരണം ക്രിസ്ത്യാനിത്വത്തിൽ പ്രധാനപ്പെട്ടതെല്ലാം ആത്മിയമാണ്. സഭാ മന്ദിരത്തിന്റെ മുമ്പിൽ, ഒരു മേശയും ബെഞ്ചും ഇട്ട് “യാഗപീഠം” വെച്ചാൽ അത് ക്രിസ്തീയ “യാഗപീഠത്തിന്റ” സ്വാഭാവം ആയിരിക്കുകയില്ല.

**വാക്യങ്ങൾ 11-13.** പ്രായശ്ചിത്ത ദിവസത്തിൽ മൃഗങ്ങളെ പാളയത്തിനു പുറത്തു വെച്ചു ദഹിപ്പിക്കുന്ന ആശയത്തെ പരിചയപ്പെടുത്തിയിരിക്കുന്നു. പാപപരിഹാരത്തിന് യാഗം അർപ്പിക്കുന്ന കാളയെയും ദഹിപ്പിക്കേണ്ടത്

**പാളയത്തിനു പുറത്തായിരുന്നു** (ലേവ്യാ. 16:27 നോക്കുക).[35] യേശുവിനെ നഗരവാതിലിനു പുറത്തു കൊണ്ടുപോയി ക്രൂശിച്ചു എന്നത് (വാ. 12; യോഹ. 19:20 നോക്കുക) പ്രതീകമായി നിറവേറി. കുറ്റത്തിന്റെ അടയാളം സ്വീകരിച്ച് (ഒരുപക്ഷെ അതായിരിക്കാം "നഗരവാതിലിന് പുറത്ത്" എന്നതിന്റെ അർത്ഥം) നമ്മുടെ പാപങ്ങൾ വഹിപ്പാൻ യേശുവിനു കഴിഞ്ഞു. സമാഗമന കൂടാരത്തെയും ദൈവാലയത്തെയും പൂർണ്ണമായി ഒഴിവാക്കി എന്നാണ് **പാളയം** വിട്ട് (വാ. 13) എന്നു പറഞ്ഞത് വ്യക്തമാക്കുന്നത്. പുറജാതിക്കാരായ നാം, നമ്മുടെ കർത്താവ് അനുഭവിച്ചതായ അതേ നിന്ദ വഹിക്കണമായിരിക്കാം. യേശു ചെയ്ത യാഗം നാം ഒരിക്കലും ചെയ്യുകയില്ല; കാരണം അവൻ "ഒരിക്കൽ എന്നേക്കുമായിട്ടാണ് അർപ്പിച്ചത്" (7:27), നമ്മുടേത് തുടർച്ചയായുള്ളത് ആണ്. നമ്മുടെ യാഗങ്ങളിൽ, ദൈവത്തെ സ്തുതിക്കലും, അവന്റെ നാമം പരസ്യമായി ഏറ്റു പറയുന്നതും, കരുണാ പ്രവൃത്തികൾ ചെയ്യുന്നതും, മറ്റുള്ളവരുമായി പങ്കിടുന്നതും ഉൾപ്പെടുന്നു (13:15, 16). വേറൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ വിശ്വാസം പരസ്യമായ ആരാധനയിൽ പ്രദർശിപ്പിക്കയും, മറ്റുള്ളവരെ പരിവർത്തനത്തിലേക്ക് നയിക്കുവാൻ പരിശ്രമിക്കുകയും, ആവശ്യമുള്ളവരെ സഹായിക്കുകയും വേണം. അവയെല്ലാമാണ് ദൈവത്തിന് പ്രസാദകരമായി യാഗങ്ങൾ.

യെഹൂദമതത്തിന് ഉണ്ടായിരുന്ന മഹത്വം കഴിഞ്ഞുപോയി, ക്രിസ്ത്യാനികൾ ന്യായപ്രമാണ പ്രവൃത്തികളുമായുള്ള ബന്ധം വിട്ട് "പാളയത്തിന് പുറത്തു" വരണം (വാ. 13). ഈ സംക്ഷിപ്തമാണ് എബ്രായ ലേഖനത്തിലെ അവസാന അപേക്ഷ. വീണ്ടും, ലേഖകന്റെ പ്രബോധനം ആരംഭിക്കുന്നത് **നമുക്ക്** എന്നു പറഞ്ഞുകൊണ്ടാണ്. മരിച്ചുകൊണ്ടിരിക്കുന്ന മതത്തെ വിട്ടുകളയുവാനുള്ള ശക്തമായ വാദമാണ് അവൻ നൽകുന്നത്.[37] യാഥാർത്ഥ്യത്തിന്റെ വെറുമൊരു രൂപം മാത്രമാണ് ഒരാൾക്ക് ഉണ്ടായിരുന്നതെങ്കിൽ, ക്രിസ്തുയേശുവിൽ ലഭ്യമായ സത്ത സ്വീകരിക്കണം. "പാളയം വിടുക" എന്നു പറഞ്ഞതിന്റെ അർത്ഥം യെഹൂദ മതത്തിലെ മൃഗയാഗങ്ങൾ അടക്കം എല്ലാ പ്രവൃത്തികളും, അവസാനിപ്പിക്കുക എന്നർത്ഥം.

യിസ്രായേലിന്റെ "പാളയത്തിന് പുറത്തായിരുന്നു" പാപങ്ങൾക്ക് വേണ്ടിയുള്ള മൃഗങ്ങളെ **ദഹിപ്പിച്ചിരുന്നത്** (വാ. 11), അതുകൊണ്ട്, ക്രിസ്തു "നഗരവാതിലിനു പുറത്ത്" കഷ്ടം ഏറ്റു (വാ. 12). ക്രിസ്തുവിന്റെ മരണത്തെ സൂചിപ്പിക്കുന്നതായിരുന്നു യെരുശലേമിന് പുറത്ത് കൊല്ലപ്പെട്ടു എന്നു പറഞ്ഞത്.[38] അവിടെ വെച്ചാണ് ക്രൂരന്മാരെയും ദൂഷകന്മാരെയും കൊന്നിരുന്നത്. എബ്രായർ **അവന്റെ നിന്ദ** വഹിക്കുന്നതിൽ പങ്കുകാരാകണമായിരുന്നു (വാ. 13). അവർ അത് എങ്ങനെ ചെയ്യേണ്ടിയിരുന്നു?

> ആളുകൾ പഴിക്കൽ ഇഷ്ടപ്പെടുന്നില്ല, ആകയാൽ അതിൽനിന്ന് ഒഴിഞ്ഞു മാറുവാൻ ആഗ്രഹിക്കുന്നു, പക്ഷെ അപ്പോൾ ക്രിസ്തീയ സമൂഹത്തെ സേവിച്ച്, അപരിചിതരേയും, തടവിലുള്ളവരെയും കുറിച്ച് കരുതി, മറ്റുള്ളവരിൽനിന്നുള്ള ശത്രുത ഒഴിവാക്കയും, ക്രിസ്തു മൂലം ദൈവത്തെ സ്തുതിക്കുകയുമാണ് ചെയ്യേണ്ടത്.[39]

സമൂഹം മറന്നിരിക്കുന്നവരെയും, ത്യജിക്കപ്പെട്ടവരെയും, ആവശ്യമുള്ളവരെയും സഹായിച്ചുകൊണ്ടിരുന്ന യെഹൂദ ക്രിസ്ത്യാനികൾ നിന്ദ സഹിച്ചി

രുന്നു.

ചില ആളുകൾ ഇന്നും ആഗ്രഹിക്കുന്നത് "യേശുവാ ജ്യൂസ്" ("ജീസസ് ജ്യൂസ്) ആകുവാനും, അങ്ങനെ യെഹൂദന്മാരുടെ പല ആചാരങ്ങളും അനുസരിക്കുവാനുമാണ്. അവർ യെഹൂദ ആചാരങ്ങൾ പ്രമാണിക്കുന്നത് വെറും ആചാരമായിട്ടും യെഹൂദന്മാരെ നേടേണ്ടതിനുമാണെങ്കിൽ (1 കൊ. 9:20, 21 നോക്കുക), രക്ഷ കിട്ടുന്നതിനു വേണ്ടി അല്ല എങ്കിൽ-അവർക്ക് അത് ചെയ്ത് ക്രിസ്ത്യാനികളായി ജീവിക്കുവാൻ കഴിയും. എങ്ങനെയായാലും, ഇന്ന് രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന ഏതൊരാളും രക്ഷിതാവായി യേശുക്രിസ്തുവിനെയാണ് അനുസരിക്കേണ്ടത്. ഇന്ന് പഴയ നിയമം അനുസരിച്ച് ഒരാൾക്ക് ദൈവത്തെ മാനിക്കുവാൻ കഴിയുകയില്ല. ഇന്ന് രക്ഷിക്കപ്പെടുവാൻ പഴയ നിയമ നിബന്ധനകൾ ആവശ്യമില്ല. പഴയ നിയമ കൽപനകളിൽ പെട്ട് പരിഛേദന ഇന്ന് ജാതികളെക്കൊണ്ട് അനുസരിപ്പിക്കുമ്പോൾ, അവർ കൃപയിൽനിന്ന് വീണുപോകുകയാണ് (ഗലാ. 5:1–6). യെഹൂദ പശ്ചാത്തലമുള്ള ക്രിസ്ത്യാനികൾ പെസഹാ ആചരിക്കുവാൻ പ്രേരിതരായേക്കാം, ന്യായപ്രമാണത്തിന്റെ നിഴൽ ഇപ്പോഴും നിലനിൽക്കുന്നു എന്നു ധരിക്കുന്നവർ ക്രിസ്തു നിറവേറ്റിയതിനെ നിഷേധിക്കുകയാണ് (മത്താ. 5:17, 18; 1 കൊ. 5:7). ക്രിസ്തു ആണ് നമ്മുടെ പെസഹ കുഞ്ഞാട്. അവൻ പഴയത് നിറവേറ്റി നീക്കം ചെയ്തു (1 കൊ. 5:7).

ചില യുവാക്കളുടെ ശുദ്ധീകരണത്തിനും, ആരാധനക്കുമായി വേണ്ടതു ചെയ്ത് പഴയനിയമപ്രകാരമുള്ള ചില ആചാരങ്ങൾ ചെയ്യുന്നതിനാവശ്യമായത് ചെയ്തു പൗലൊസും അവരോടൊപ്പം ഉണ്ടായിരുന്നു (പ്രവൃ. 21:20–26). യെഹൂദന്മാർ അവനെ സ്വീകരിക്കുവാനായി പൗലൊസ് തിമൊഥെയൊസിനെ പരിഛേദന കഴിപ്പിച്ചു (പ്രവൃ. 16:1–3). എങ്ങനെയായാലും, തിമൊഥെയൊസ് പകുതി യെഹൂദൻ ആയിരുന്നു. എന്നാൽ ജാതിയിൽ പെട്ട തിത്തൊസിനെ പരിഛേദന കഴിക്കുന്നത് പൗലൊസ് വിലക്കുകയും ചെയ്തു (ഗലാ. 2:3). മോശെയുടെ ന്യായപ്രമാണത്താലല്ല, ഇന്നു രക്ഷിക്കപ്പെടുന്നത് കൃപയാലാണ് എന്ന് അപ്പൊസ്തലന്മാർക്ക് അറിയാമായിരുന്നു. ഒരുപക്ഷെ യെഹൂദ ക്രിസ്ത്യാനിക്ക് അതേ തത്വം ഇന്ന് പാലിക്കാം, എന്നാൽ നമുക്ക് പഴയ നിയമത്തിലെ ആരാധനാ ക്രമങ്ങൾ പുതിയ നിയമ സഭയിൽ കൊണ്ടുവരുവാൻ സാധ്യമല്ല.[49]

പുതിയ നിയമകാലത്ത്, യെഹൂദന്മാരും ജാതികളും പ്രമാണിച്ചിരുന്ന ആചാരങ്ങൾ അല്ലെങ്കിൽ, മുൻപ് കെട്ടപ്പെട്ടിരുന്ന നിയമങ്ങൾ തമ്മിൽ വലിയ അന്തരം ഉണ്ടായിരുന്നു, ആ വ്യത്യാസം ഇന്ന് ശ്രദ്ധിക്കണം. യെഹൂദ മതത്തിന്റെ "പാളയത്തിൽനിന്ന്" പുറത്തു കടക്കുന്നതാണ് എല്ലാവർക്കും സുരക്ഷിതത്വം. യെഹൂദ മതവുമായുള്ള അവരുടെ സഖ്യത ഒഴിവാക്കുവാനാണ് യെഹൂദ ക്രിസ്ത്യാനികളോട് എബ്രായ ലേഖകൻ നിർദ്ദേശിക്കുന്നത്.[41]

**വാക്യം 14**. വരുവാനുള്ള നഗരത്തിന്റെ വീഴ്ച്ചയെ കുറിച്ച് യേശുക്രിസ്തു മുന്നറിയിച്ചതനുസരിച്ചായിരുന്നു അപ്പൊസ്തലന്മാർ ഉപദേശിച്ചത്, അതനുസരിച്ച് യെരുശലേമിലെ "പാളയത്തിലേക്ക്" അഭയത്തിനായി ഓടി കയറുന്നത് മൗഢ്യമായിരുന്നു. യെരുശലേം അധികനാൾ കാണുകയില്ല എന്നും, തീർച്ചയായും, അതിനുശേഷം അത് ദൈവത്തെ ആരാധിക്കുവാനുള്ള വിശുദ്ധ സ്ഥലം ആയിരിക്കയുമില്ല. ദൈവാലയത്തിന്റെ വീണു-പോയ കല്ലുകൾ മാത്രം ചിലത് അവശേഷിക്കും. ഹെരോദാവ് ഉണ്ടാക്കിയ ആലയത്തിന്റെ പുറത്തെ മതിലുകളുടെ ഒന്നാം-നൂറ്റാണ്ടിലെ ഘടന മാത്രമാണ് നിലനിൽക്കു

ന്നത്. അതിന്റെ ഒരു ഭാഗത്തെ വിളിക്കുന്നത് "വിലപിക്കുന്ന മതിൽ" എന്നാണ്.

ഈ ഭൂമിയിൽ **നിലനിൽക്കുന്ന നഗരം** ഇല്ല.[42] അവർ തിരിച്ചറിഞ്ഞ നഗരം ഉടൻ ഇല്ലാതാകുന്നതാകയാൽ, അബ്രഹാം നോക്കിപ്പാർത്തിരുന്ന നിലനിൽക്കുന്നതായ നഗരം ലക്ഷ്യമാക്കണമായിരുന്നു. ആ നഗരത്തിനാണ് സ്ഥിരമായ അടിസ്ഥാനങ്ങളുള്ളത്-അത് സ്വർഗമാണ് (എബ്രാ. 11:10, 16). ഭൂമിയിലെ എല്ലാ നഗരങ്ങളും നിർമ്മിച്ചിരിക്കുന്നത് "ഇളക്കുവാൻ കഴിയുന്ന" വസ്തുക്കളാലാണ് (എബ്രാ. 12:27). ഒരാൾ തന്റെ മാതൃദേശത്തെയും അതിന്റെ ഭരണകർത്താക്കളെയും ഇഷ്ടപ്പെട്ടാലും, അതൊന്നും ആത്മാവിന്റെ സ്ഥിരാശ്വാസത്തിന് ഉതകുന്നതല്ല.[43] ദൈവത്തിന്റെ നിത്യ നഗരത്തെ കുറിച്ചുള്ള ഉറപ്പാണ് നമ്മെ ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാൻ സഹായിക്കുന്നത്.

**വാക്യം 15.** ചിലർ ദൈവത്തെ പരസ്യമായി ആരാധിക്കുന്നതും, ദൈവത്തെ സ്തുതിക്കുന്നതും ഉപേക്ഷിക്കുമെന്ന് പുസ്തകം പറയുന്നു (10:25 ന്റെ പരാമർശങ്ങൾ നോക്കുക). അവരുടെ വിശ്വാസപ്രകാരം പരസ്യമായി ആരാധിച്ചാൽ ഉപദ്രവിക്കപ്പെടാം എന്ന ഭയത്താലായിരിക്കാം ചിലർ സഭായോഗം ഉപേക്ഷിച്ചത്.

ലേഖനം അവസാനിപ്പിക്കുന്നതിന് മുൻപ് ലേഖകൻ, ക്രിസ്ത്യാനികളുടെ "പൗരോഹിത്യ പ്രവൃത്തികളെ" ഒരിക്കൽ കൂടെ മറ്റൊരു കാര്യം കൂടെ പറയുന്നു. ഈ ലേഖനത്തിലെ അവസാനത്തെ **നമുക്ക്** എന്ന പ്രബോധനം ആണ് ഇത്. യാഗങ്ങൾ എല്ലാവരും നടത്തേണ്ടതാണ്. നമ്മുടെ അധരങ്ങൾകൊണ്ട് ദൈവത്തെ സ്തുതിക്കുന്നത് പ്രധാന കാര്യമാണ്, എന്നാൽ അത് മാത്രം പോരാ. നമ്മുടെ വിശ്വാസത്താൽ ജീവിക്കയും അത് പങ്കിടുകയും വേണം. മനുഷ്യനിർമ്മിതമായ യാഗപീഠത്തിലല്ല നാം ആരാധന സമർപ്പിക്കേണ്ടത്. നമ്മുടെ ഹൃദയത്തിൽനിന്നു വരുന്ന വാക്കുകൾ **അധരഫലമെന്ന** സ്തോത്രയാഗമായി ദൈവത്തിന്നു മഹത്വം കൊടുക്കണം. യാഗപീഠമോ യാഗങ്ങളോ ഇല്ല എന്ന് ആരംഭ ക്രിസ്ത്യാനികളെ കുറിച്ച് ആരോപണം ഉയർന്നിരുന്നു. തീർച്ചയായും, അപ്പോഴും അവർ യാഗം അർപ്പിച്ചുകൊണ്ടാണിരുന്നത്, പക്ഷെ അത് **അവൻ മുഖാന്തരമുള്ള** ആത്മിയ യാഗമായിരുന്നു എന്നു മാത്രം (റോമ. 12:1, 2 നോക്കുക). ആ പ്രയോഗത്തിന് വലിയ ഊന്നൽ കൊടുത്തിരിക്കുകയാണ്, കാരണം ക്രിസ്തു മുഖാന്തരമുള്ള സ്തോത്രയാഗം അവർ തുടർച്ചയായി അർപ്പിക്കണമായിരുന്നു, അല്ലാതെ യെഹൂദ യാഗ ക്രമം അനുസരിച്ചായിരുന്നില്ല.[44] യേശുവിൽ വിശ്വസിച്ച പുരോഹിതന്മാരെ അത് ഓർപ്പിക്കണമായിരുന്നു. റബ്ബിമാർ, അവരുടെ പഴയ നിയമ പഠനം അനുസരിച്ച് ഇങ്ങനെ പറഞ്ഞിരുന്നു, "ഭാവിയിൽ എല്ലാ യാഗങ്ങളും നിന്നുപോകും; പക്ഷെ സ്തുതി ഒരിക്കലും നിന്നുപോകയില്ല."[45]

ക്രിസ്തുവിൽ വിശ്വസ്തരായിരിക്കണമെങ്കിൽ, നാം തുടർച്ചയായി ദൈവത്തെ സ്തുതിക്കണം! അതാണ് എബ്രായർ 12:28 ലെ "സ്വീകാര്യമായ ശുശ്രൂഷ." **അവന്റെ നാമത്തിന്ന്** "അധരാർപ്പണം" ചെയ്യുന്ന ആശയം ഹോശെയാ 14:3 ലേതാണ് (14:2; LXX). "സ്തോത്രം" അല്ലെങ്കിൽ "ഏറ്റുപറച്ചൽ" – എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് *ഹോമോലോജെയോ* ആണ് – അത് വർത്തമാന കാലത്തിൽ പറഞ്ഞിരിക്കുന്നത് സൂചിപ്പിക്കുന്നത് തുടർച്ചയായി ചെയ്തുകൊണ്ടിരിക്കണം എന്നാണ്.

വാമൊഴിയായി നടത്തുന്ന സ്തോത്രം ഒരു യാഗമായി കണക്കാക്കും എന്ന് ഓർക്കുക. ഉപകരണസംഗീതത്തിൽ ശബ്ദമുണ്ട്, പക്ഷെ അത് വാമൊഴി

അല്ല. അർത്ഥവത്തായ രീതിയിൽ "അന്യോന്യം സംസാരിക്കുന്നത്" പോലെ അല്ല, വായ്കൊണ്ട് വെറുതെ ശബ്ദം ഉണ്ടാക്കുന്നത് (എഫെ. 5:19). സ്നേഹമുള്ള വാക്കുകളും നന്ദി ചെലുത്തലും യാഗങ്ങളെക്കാൾ ഉത്തമമാണ്. നിരന്തരമായി ചെയ്തുകൊണ്ടിരുന്ന മൃഗയാഗങ്ങൾ ക്രിസ്തുവിന്റെ യാഗത്തോടുകൂടി അവസാനിച്ചു. സങ്കീർത്തനങ്ങൾ 50:12–15-ൽ ആരാധന യാഗമായി പരിചയപ്പെടുത്തിയിരിക്കുന്നു.

**വാക്യം 16**. നൽകുന്നതിനെ ഇവിടെ **പങ്കിടൽ** എന്നാണ് പറഞ്ഞിരിക്കുന്നത് (*കൊയിനോണിയ*). റോമർ 15:26-ൽ പറഞ്ഞിരിക്കുന്ന "ധർമ്മോപകാരം" എന്നതിന് ഇതേ ഗ്രീക്ക് വാക്ക് ആണ് ഉപയോഗിച്ചിരിക്കുന്നത്. നമ്മുടെ നൽകൽ വാസ്തവത്തിലുള്ള *കൊയിനോണിയ* ("കൂട്ടായ്മ") ആകുവാൻ അത് ഒരു പങ്ക് ചേരുന്ന പ്രവൃത്തിയായിരിക്കണം. "ജീവനുള്ള ... യാഗത്തിന്റെ" (റോമർ 12:1) ഭാഗമാണ് ധർമ്മോപകാരം. സഹായം ആവശ്യമുള്ളവർ എല്ലായ്പോഴും കാണും (മർ. 14:7), അതുകൊണ്ട് ക്രിസ്ത്യാനികൾ അവരുടെ സ്നേഹ പ്രയത്നങ്ങൾക്കായി ശ്രദ്ധിക്കണം. നിയമപരമായി പിടിച്ചെടുത്തതു നിമിത്തമോ അല്ലെങ്കിൽ അപഹരിക്കപ്പെട്ടതിനാലോ ചില എബ്രായർക്ക് അവരുടെ സമ്പത്ത് നഷ്ടപ്പെട്ടിരുന്നത് ഓർമ്മിക്കുമല്ലോ (എബ്രാ.10:34). അത്തരം അപഹാരത്തെ "സന്തോഷത്തോടെ" സഹിച്ചവർക്ക്, അവർക്കുള്ളത് മറ്റുള്ളവരുമായി പങ്കിടുവാൻ ഒരു മടിയുമില്ലായിരുന്നു. നമുക്കുള്ളത് നാം മറ്റുള്ളവരുമായി പങ്കിടുമ്പോൾ, ക്രിസ്തുവിനോടും അവരോടും നാം പങ്കുകാരായി തീരുന്നു.

## മറ്റുള്ളവരോടുള്ള പ്രാർത്ഥനയിലും ഇപ്പോഴത്തെ അദ്ധ്യക്ഷന്മാർക്ക് കീഴ്പ്പെട്ടിരിക്കുകയും ചെയ്യുക (13:17-19)

**17 നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിൻ; അവർ കണക്ക് ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്ക് വേണ്ടി ജാഗരിച്ചിരിക്കുന്നു. ഇത് അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ അല്ലാഞ്ഞാൽ നിങ്ങൾക്ക് നന്നല്ല.**

**18 ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിപ്പിൻ. സകലത്തിലും നല്ലവരായി നടപ്പാൻ ഇച്ഛിക്കകൊണ്ട് ഞങ്ങൾക്ക് നല്ല മനസാക്ഷി ഉണ്ടെന്ന് ഞങ്ങൾ ഉറച്ചിരിക്കുന്നു.
19 എന്നെ നിങ്ങൾക്ക് വേഗത്തിൽ വീണ്ടും കിട്ടേണ്ടതിന്ന് നിങ്ങൾ പ്രാർത്ഥിക്കേണം എന്നു ഞാൻ വിശേഷാൽ അപേക്ഷിക്കുന്നു.**

മാറ്റമില്ലാത്ത യേശുക്രിസ്തുവിന്റെ സ്വഭാവത്തെയും ക്രിസ്തീയ ഉപദേശം മുറുകെ പിടിക്കേണ്ട ആവശ്യത്തെയും ചർച്ച ചെയ്ത ശേഷം ലേഖകൻ വീണ്ടും അദ്ധ്യക്ഷന്മാരിലേക്ക് തിരിച്ചുവരികയാണ്. സഭാദ്ധ്യക്ഷന്മാരോടുള്ള നമ്മുടെ ഉത്തരവാദിത്തത്തെയാണ് ലേഖകൻ വീണ്ടും പറയുന്നത്. സ്വർഗീയ ലക്ഷ്യത്തിലേക്ക് ആളുകളെ നയിക്കുക എന്ന വിശുദ്ധ കർത്തവ്യമാണ് അവർക്കുള്ളത്. അതേ സമയം അവരുടെ ദൗത്യത്തിൽ അവരെ സഹായിക്കുക എന്നതാണ് നമ്മുടെ ജോലി.

**വാക്യം 17**. അദ്ധ്യക്ഷന്മാരെ [സഭയിലെ] അനുസരിക്കുവാനുള്ള കൽപന വർത്തമാനകാലത്തിലാണ് പറഞ്ഞിരിക്കുന്നത്. അവർ 13:7-ൽ പറഞ്ഞ ഭൂതകാലത്തുണ്ടായിരുന്നവരല്ല, പിന്നെയോ അപ്പോൾ "ആത്മാക്കളെ-സൂക്ഷി

ക്കുന്നവർ" ആണ്. ആത്മാക്കളെ സൂക്ഷിക്കുന്നവർ മൂപ്പന്മാർ ആയിരിക്കും. അവരുടെ സംരക്ഷണയിലുള്ള ആടുകളെ അക്ഷീണം പ്രവർത്തിച്ച് സൂക്ഷിക്കുക എന്നതാണ് അവരുടെ ജോലി (പ്രവൃ. 20:17, 28–30). അവരുടെ വിചാരണയിലുള്ള ആത്മാക്കളുടെ ആത്മിയമായ അവസ്ഥ അവർ നിരന്തരമായി സഭായോഗങ്ങളിൽ സംബന്ധിക്കുന്നതിൽ കൂടെ മൂപ്പന്മാർക്ക് മനസിലാകും.

പ്രവൃത്തികൾ 20-ൽ പറഞ്ഞിരിക്കുന്ന "മൂപ്പന്മാരും," "ഇടയന്മാരും" എന്നു പറഞ്ഞിരിക്കുന്നത് ഒരേ കൂട്ടം ആളുകളെയാണ്. പൗലൊസ് "മൂപ്പന്മാരെ" (*പ്രെസ്ബുറ്റെറോയി*; വാ. 17) വിളിച്ചു വരുത്തി, പിന്നെ അവരെ "മേയ്ക്കുന്നവർ" എന്നു പറഞ്ഞു (*എപിസ്കോപോയി*; വാ. 28). ആടുകളെ പോറ്റി വളർത്തുന്നതുപോലെയുള്ള ജോലിയാണ് അവരുടേത് (*പോയിമായിനോ*; വാ. 28). "ഇടയന്മാരുടെ" ജോലി അതാണ്. "മൂപ്പന്മാരും," "മേയ്ക്കുന്നവരും" ചെയ്യുന്നത് "ഇടയന്മാരുടെ" പ്രവൃത്തിയാണ്. കെജെവി മാത്രമാണ് എഫെസ്യർ 4:11-ൽ "ഇടയന്മാർ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. പുതിയ നിയമത്തിൽ, ഇവയെല്ലാം ഒരേ സ്ഥാനത്തിന്റെ വിവിധ പ്രവൃത്തികളെയാണ് സൂചിപ്പിക്കുന്നത്. ഇത് 1 പത്രൊസ് 5:1–4 ലും ചിത്രീകരിച്ചിരിക്കുന്നു, അവിടെ, "ആട്ടിൻകൂട്ടത്തെ" മേയ്ക്കുവാനാണ് പത്രൊസ് "മൂപ്പന്മാരോട്" ("*പ്രെസ്ബുറ്റെറായി*"; വാ. 1) അപേക്ഷിക്കുന്നത്. "ആട്ടിൻകൂട്ടത്തെ മേയ്ക്കുക" (*പോയിമായിനോ*; വാ. 2) എന്നു പറയുന്നത് ആട്ടിൻകൂട്ടത്തെ പോറ്റുക അല്ലെങ്കിൽ ഒരു ഇടയന്റെ/അദ്ധ്യക്ഷന്റെ പ്രവൃത്തി "മേൽനോട്ടം നടത്തുക" എന്നതാണ് (*എപിസ്കോപെയോ*; വാ. 2).

സഭയുടെ മൂപ്പന്മാരുടെ മാതൃക വളരെ വ്യക്തമായി പുതിയ നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ പ്രാദേശികമായ സഭയിലും മൂപ്പന്മാരെ നിയമിച്ചിരുന്നതായി പ്രവൃത്തികൾ 14:23 പറയുന്നു. എഫെസ്യ സഭയിൽ മൂപ്പന്മാർ ശുശ്രൂഷിച്ചിരുന്നതായി പ്രവൃത്തികൾ 20:17, 28–30 വ്യക്തമാക്കുന്നു. ഫിലിപ്പിയ സഭയിൽ "മേയ്ക്കുന്നവരും" ("മൂപ്പന്മാർ"), "ശുശ്രൂഷകന്മാരും" ഉണ്ടായിരുന്നതായി സൂപിപ്പിച്ചിരിക്കുന്നു (ഫിലി. 1:1). 1 തിമൊഥെയോസ് 3:1–12 ലും തിത്തൊസ് 1:5–9 ലും അവരുടെ യോഗ്യതകൾ പറയുന്നു. പല സമുദായ സംഘടനകളിലും വ്യത്യസ്തമായ വ്യവസ്ഥകളാണ് ഉള്ളത്, പക്ഷെ നാം പിൻപറ്റേണ്ടത് തിരുവെഴുത്ത് ഉപദേശമാണ്. മൂപ്പന്മാരെ നിയമിക്കുന്നതിന് ഓരോ പ്രാദേശികമായ സഭയ്ക്കും അവരുടേതായ വ്യവസ്ഥയാകുമ്പോൾ, തിരുവെഴുത്തിലെ ആധികാരികത എങ്ങനെ സ്ഥിരീകരിക്കാനാകും? മുഖ്യമായ തീരുമാനങ്ങൾ എടുക്കുമ്പോൾ മൂപ്പന്മാർ അപ്പൊസ്തലന്മാരോട് ചേർന്നിരുന്നു (പ്രവൃ. 15:6, 22, 23). തത്തുല്ല്യമായ മറ്റൊരു സംഘടനയായിരുന്നില്ല, പിന്നെയോ യെഹൂദ്യയിലെ സഭക്ക് സഹായം എത്തിച്ചത് മൂപ്പന്മാരായിരുന്നു (പ്രവൃ. 11:27–30). സഭയുടെ പ്രവൃത്തികൾ സഭയ്ക്ക് വേണ്ടി ചെയ്യുന്ന ഒരു സംഘടന പുതിയ നിയമത്തിന് അന്യമാണ്.

ഈ ലേഖനത്തിന്റെ ഗുണഭോക്താക്കൾ മൂപ്പന്മാരുടെ ഭാഗമായിരുന്നില്ല; അവരുടെ അദ്ധ്യക്ഷന്മാർക്ക് **കീഴടങ്ങിയിരിപ്പാനാണ്** അവരോട് അപേക്ഷിച്ചത്. "അനുസരിക്കുക" (പെയിത്തോ) അർത്ഥം, "പ്രേരിപ്പിക്കുക," "സാന്ത്വനിപ്പിക്കുക" അല്ലെങ്കിൽ "അനുരഞ്ചിപ്പിക്കുക." "അനുസരിക്കുക" എന്ന കൽപന തറപ്പിച്ചു പറയുന്നതാണ് "കീഴ്പ്പെട്ടിരിക്കുക" (*ഹുപെയികോ*) എന്നതിന്റെ അർത്ഥം, "കീഴടങ്ങുക." "ചെറുക്കാതിരിക്കുക," "കീഴ്പ്പെടൽ." പുതിയ നിയമ ഉപദേശത്തിൽനിന്ന് പുറകിലോട്ട് പോകുന്ന വിധത്തിലാണ് ചില മതപരമായ

സംഘങ്ങളുടെ ഇടവകയിൽ അദ്ധ്യക്ഷന്മാരെ നിയമിക്കുന്നത്. അഭിപ്രായകാര്യങ്ങളിൽ, തീർച്ചയായും മൂപ്പന്മാർ നിർദ്ദേശങ്ങൾ ആരായണം. എങ്ങനെയായാലും, അവർ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുമ്പോൾ, യേശുവിൽ വിശ്വസ്തരാകുവാൻ അപേക്ഷിക്കുമ്പോൾ, നാം നമ്മുടെ വ്യത്യസ്തമായ അഭിപ്രായങ്ങൾ മാറ്റി അവരുടെ മാർഗനിർദ്ദേശം സ്വീകരിക്കണം. പതിവായ കീഴ്പ്പെടൽ (വർത്തമാന കാല ആജ്ഞ) ആണ് കൽപിച്ചിരിക്കുന്നത്.[46] അവഗണിക്കുവാൻ പറ്റാത്ത രണ്ട് വാക്കുകളാണ് "അനുസരണവും," "കീഴടങ്ങലും."

ഇടവകക്കുള്ളിൽ ജീവിച്ച് പ്രവർത്തിക്കുന്നവരാണ് മൂപ്പന്മാർ, അല്ലാതെ ദൂരെ ഒരു ഓഫീസിലിരുന്ന് കർക്കശമായ ഉദ്യോഗം നടത്തുന്നവരല്ല. അവർ അതിഥികളായി വരുന്ന പ്രാസംഗികരെപോലെയോ അല്ലെങ്കിൽ സഹോദരങ്ങളെ വിസ്മയിപ്പിക്കുന്നവരോ ആയിരിക്കണമെന്നില്ല, പക്ഷെ അവരുടെ താഴ്മയുള്ള സേവനം അത്യാവശ്യമാണ്, അതിന് ദൈവം പ്രതിഫലം നൽകും (1 പത്രൊ. 5:1–5).

"അദ്ധ്യക്ഷന്മാർ" എന്നതിന് LXX ഉപയോഗിച്ചിരിക്കുന്നത് (*ഹെഗെയോമായി*) ആണ്, "അധികാരമുള്ളവരെയാണ്"ആ വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്. ചില ഔദ്യോഗിക അധികാരം ഇവിടെ അന്തർലീനമാക്കിയിരിക്കുന്നു, എന്നാൽ ഏതു പ്രത്യേക ഉദ്യോഗമാണെന്ന് പറയുന്നില്ല. ക്ലാസിക്കൽ ഉപയോഗത്തിൽ, എപിസ്കോപായി ("മേയ്ക്കുന്നവർ," അല്ലെങ്കിൽ "അദ്ധ്യക്ഷന്മാർ") എന്ന വാക്ക് അഥേനക്കാർ തങ്ങളുടെ രാഷ്ട്രീയ ഉദ്യോഗ ദാസന്മാരെ സഭയുടെയും സംസ്ഥാനത്തിന്റേയും, വ്യാപാരശൃംഖലയുടേയും, മേൽനോട്ടത്തിനു അയക്കുന്നതിനെ സൂചിപ്പിച്ചിരുന്നു.

സഭയിലെ ഓരോ അംഗവും, എവിടെയായിരുന്നാലും, അവിടെയുള്ള ഇടവകയിലെ മൂപ്പന്മാരുടെ മേൽനോട്ടത്തിൻ കീഴിലായിരിക്കണം. അതിനർത്ഥം അദ്ധ്യക്ഷന്മാർ തെറ്റിപ്പോയാൽ അവരെ അന്ധമായി അനുസരിക്കണം എന്നല്ല. **സൂക്ഷിക്കുക** എന്ന വാക്ക് (*അഗ്രുപ്നെയോ*) "സമൂഹത്തെ കാത്തുകൊള്ളുന്ന ഒരു സാങ്കേതിക വാക്ക് അല്ല. അതിനു പകരം ഉയോഗിച്ചിരിക്കുന്നത് *എപിസ്കോപെയിൻ* ആണ്, വരുവാനുള്ള ന്യായവിധിയുടെ വീക്ഷണത്തിൽ പ്രബോധനത്താൽ സൂക്ഷിക്കുക എന്ന അർത്ഥത്തിലാണ് (മർ. 13:33; ലൂക്കൊ. 21:36; ഒ. വാ. എഫെ. 6:18)"[47] നിത്യത മനസിൽ വെച്ച് വേണം "അദ്ധ്യക്ഷന്മാർ" **ആത്മാക്കളെ ... ജാഗരിക്കുവാൻ**. നമ്മുടെ ആത്മാക്കളെ ശരിയായ പാതയിൽ നിർത്തുന്നതിന് ശക്തിപ്പെടുത്തൽ ആവശ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു!

ഉറങ്ങാതെ ജാഗ്രതയോടെ ശ്രദ്ധിക്കേണ്ടതിനെയാണ് "സൂക്ഷിക്കുക" എന്നതുകൊണ്ട് അന്തർലീനമാക്കുന്നത്.[48] ദുരുപദേഷ്ടാക്കന്മാർ സഹോദരന്മാരെ വഴിതെറ്റിക്കാതിരിക്കേണ്ടതിന് അവരെ കാത്തുകൊള്ളുവാനുള്ള പൗലൊസിന്റെ പ്രബോധനം ഉൾക്കൊള്ളുന്നവരായിരിക്കണം മൂപ്പന്മാർ (പ്രവൃ. 20:28–31 നോക്കുക). അവർ "ആത്മാക്കളെ നോക്കുന്നു" എന്നു പറഞ്ഞാൽ, അതിൽ വ്യക്തികളാണ് ഉൾപ്പെട്ടിരിക്കുന്നത്.

മൂപ്പന്മാർ സന്തോഷത്തോടെ തങ്ങളുടെ ദൗത്യം നിറവേറ്റുവാൻ അനുവദിക്കുക എന്നതാണ് ഇടവകയിലെ ഓരോ അംഗത്തിന്റേയും ലക്ഷ്യം. അവർ മുഖ്യ ഇടയന് **കണക്ക് കൊടുക്കുമ്പോൾ** (1 പത്രൊ. 5:4), ഓരോ അംഗത്തെ കുറിച്ചും "നല്ലവനും വിശ്വസ്തനുമായ ദാസൻ" എന്നു നാം പറയിക്കണം, "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല" (3 യോഹ. 4). തെസ്സലൊനിക്യ

യിൽ പൗലൊസ് മുഖാന്തരം പരിവർത്തനം ചെയ്തവരെ കുറിച്ച് ഇതുപോലെ തന്നെ പറഞ്ഞു (1 തെസ്സ. 2:19, 20). തന്റെ മക്കൾ അവന് "പ്രശംസക്ക് കാരണമായി" തീരുന്നു എന്നും അവൻ സൂചിപ്പിച്ചു (ഫിലി. 2:16).

"പിതാവേ, ക്ഷമിക്കണം ഞങ്ങൾ അവനെ വിശ്വസ്തതയിലേക്ക് മടക്കിക്കൊണ്ടുവരുവാൻ പരമാവധി ശ്രമിച്ചു. എന്നാൽ ഞങ്ങളുടെ പരിശ്രമങ്ങൾക്കൊന്നും അയാളെ മടക്കി വരുത്തുവാൻ കഴിഞ്ഞില്ല" എന്നു നമ്മുടെ മൂപ്പന്മാർ നമ്മെ ആരെ കുറിച്ചും പറയുവാൻ ഇടവരരുത്.[49] അവിശ്വസ്തനായ ക്രിസ്ത്യാനി **പ്രയോജനമില്ലാത്തവനാണ്** എന്നു പറയുന്നത് കുറഞ്ഞ ഒരു പ്രസ്താവന ആയിരിക്കാം (എബ്രാ. 10:31; 12:29 നോക്കുക). ഫലം പുറപ്പെടുവിക്കാത്തവരും അവിശ്വസ്തരുമായവർ മൂപ്പന്മാർക്ക് ദുഃഖവും, സഹോദരങ്ങൾക്ക് വലിയ അപകടവുമാണ് വരുത്തുന്നത്, കൂടാതെ അയാളുടെ ആത്മാവിനു തന്നെയും അവസാനം നഷ്ടം സംഭവിച്ചേക്കാം.

**വാക്യങ്ങൾ 18, 19.** വാക്യങ്ങൾ 18 ലും 21 ലും ലേഖകൻ നാം എന്നും **നമുക്ക്** എന്നും പറഞ്ഞിരിക്കുന്നു. അത് വാസ്തവത്തിൽ ബഹുവചനം ആണെങ്കിൽ (പ്രസാധക "നാം" അല്ല എങ്കിൽ) ഈ പ്രബന്ധം എഴുതിയപ്പോൾ മറ്റുള്ളവരും ഉൾപ്പെട്ടിരുന്നതായി കാണാം. വാക്യം 19 ലും 22 ലും വീണ്ടും ഒന്നാം വ്യക്തി ഏകവചനത്തിൽ ഉപയോഗിച്ചിരിക്കുന്നതു കാണാം. ഒന്നാമത്തെ വായനക്കാർ എബ്രായ ലേഖകനെ അറിഞ്ഞിരുന്നു എന്നത് തീർച്ചയാണ്. ദൈവം അവർക്ക് കൊടുക്കുവാനായി സന്ദേശം എഴുതിയ ശേഷം വിതരണം ചെയ്യുവാനാണ് ആഗ്രഹിച്ചത്, ഇപ്പോൾ ലേഖകന് നല്ല ഒരു മനസാക്ഷി ഉള്ളതായി വെളിപ്പെടുത്തുന്നു. വരുവാനിടയുള്ള അപകടത്തെ അവൻ ആവർത്തിച്ച് അവരെ ഓർപ്പിച്ചപ്പോൾ, അവരുടെ സഹായം അവനും ആവശ്യമാണെന്ന് ബോധ്യമാക്കി.

രണ്ടു കാര്യങ്ങളെ ലേഖകൻ വായനക്കാരെ ബോധ്യപ്പെടുത്തുന്നു. ഒന്ന്, അവർ **അവനു വേണ്ടി പ്രാർത്ഥിക്കുവാൻ** (അല്ലെങ്കിൽ പ്രാർത്ഥിച്ചുകൊണ്ടിരിപ്പാൻ; കാലം ആവശ്യപ്പെടുന്നതുപോലെ; വാ. 18) ലേഖകൻ അവരോട് ആവശ്യപ്പെട്ടു. **എല്ലാറ്റിലും ഉപരിയായി** അവർ അതു ചെയ്തു വന്നിരുന്നു എന്നാണ് പറഞ്ഞത് (വാ. 19). രണ്ട്, അവന്റെ **മനസാക്ഷി** ശ്രദ്ധിക്കുവാൻ ആവശ്യപ്പെട്ടു, അവരുമായി അവൻ സത്യസന്ധമായി ഇടപെട്ടിരുന്നു എന്നു തെളിയുന്നു (റോമ. 9:1; 2 കൊ. 1:12; 6:3 നോക്കുക). **സകലത്തിലും അവൻ അവരോട് മാന്യമായി** ഇടപെട്ടിരുന്നു. അവരുടെ പ്രാർത്ഥനക്ക് അവൻ യോഗ്യനായിരുന്നു. തന്റെ ജോലി നിറവേറ്റി എന്ന് തന്റെ ഹൃദയത്തിൽ, അവനു ബോധ്യമുണ്ടായിരുന്നു. തന്റെ ലേഖനങ്ങളുടെ അവസാനം പൗലൊസും പ്രാർത്ഥന ആവശ്യപ്പെട്ടിട്ടുണ്ട് (റോമർ 15:30; എഫെ. 6:18, 19; കൊലൊ. 4:3; 1 തെസ്സ. 5:25; 2 തതെസ്സ. 3:1). ഒന്നാം-നൂറ്റാണ്ടിലെ ഏതൊരു വിശുദ്ധനും സ്വാഭാവികമായി ആവശ്യപ്പെട്ടിരുന്ന ഒന്നായിരുന്നു അത്.

എബ്രായ ലേഖകൻ എബ്രായ ക്രിസ്ത്യാനികളോട് ഒരിക്കലും കാപട്യത്തോടെ പെരുമാറിയിരുന്നില്ല, കാരണം വരുവാനുള്ള അപകടങ്ങളെയെല്ലാം അവൻ വ്യക്തമായി മുന്നറിയിച്ചിരുന്നു. കൂടാതെ യെഹൂദ മതവും അതിലെ യാഗ വ്യവസ്ഥകളും അവസാനിക്കുവാൻ പോകുന്നു എന്ന കാര്യവും അവൻ മുമ്പ് തന്നെ അറിയിച്ചിരുന്നു. ലേഖകന്റെ ആത്മാർത്ഥതയെ കുറിച്ച് അവരിൽ ചിലരുടെയെങ്കിലും മനസിൽ സംശയം ഉണ്ടായിക്കാണണം, അല്ലെങ്കിൽ ആ പ്രതിരോധം നടത്തുമായിരുന്നില്ല.

അതേ സമയത്ത് ആ സഹോദരന്മാരിലും അവരുടെ പ്രാർത്ഥനയിലും അവനുള്ള വിശ്വാസം പ്രകടമാക്കി. അവരെ യഥാസ്ഥാനപ്പെടുത്താമെന്ന് അവൻ കരുതി (വാ. 19). അവൻ തടവിലായിരുന്നോ? അവരെ വീണ്ടും ചെന്നു കാണാതിരിക്കുവാൻ അവൻ നിയന്ത്രിക്കപ്പെട്ടിരുന്നോ – ഒരുപക്ഷെ സാത്താനാൽ ആയിരിക്കാം (1 തെസ്സ. 2:18)? തടവു സമയം എന്നു മാത്രമെ വിശദീകരിക്കുവാൻ കഴിയു. യിസ്രായേലിലെ ഓരോ പൈതലിനും യെരുശലേം "വീട്" ആയിരുന്നു, അവരുടെ സ്വപ്ന ഭൂമി ആയിരുന്നു. ജീവനോടെ റോമിൽനിന്ന് പുറത്തു വരുവാൻ കഴിയുകയില്ല എന്ന് പൗലൊസിന് തന്റെ രണ്ടാമത്തെ റോമിലെ തടവിൽ വെച്ച് അങ്ങനെ പറയുവാൻ കഴിയുമായിരുന്നു (2 തിമൊ. 4:6–8–ൽ അവൻ അന്തർലീനമാക്കിയതുപോലെ). അവൻ യെരുശലേമിൽ ഗമാലിയേലിന്റെ കീഴിലിരുന്ന് ന്യായപ്രമാണത്തിൽ പ്രാഗത്ഭ്യം നേടിയവനായിരുന്നു, ആ മഹാ നഗരം അവന്റെ രണ്ടാമത്തെ ഭവനം ആയിരുന്നു.

അന്യോന്യം പ്രാർത്ഥിക്കുവാനാവശ്യപ്പെടുന്നത് പുതിയനിയമ വിശുദ്ധന്മാരുടെ പതിവ് ആയിരുന്നു, എന്നാൽ പൗലൊസിന് അത് പൗലൊസിന്റെ നിരന്തര പരിശീലനമായിരുന്നു.[50] ഫിലെമോന്റെ പ്രാർത്ഥനയാൽ അവന് ഒരുപക്ഷെ സഹോദരന്മാരെ കാണുവാൻ കഴിഞ്ഞേക്കാമെന്ന് അവൻ വിശ്വസിച്ചിരുന്നേക്കാം (ഫിലെ. 22). തീർച്ചയായും, അതിൽ അത്ഭുതമൊന്നുമില്ലായിരുന്നു, അതിൽ ദൈവത്തിന്റെ കാരുണ്യപ്രവൃത്തിയാണ് അടങ്ങിയിരുന്നത്. പ്രവൃത്തികൾ 12 ലെ പത്രൊസിനെ അത്ഭുതകരമായി തടവിൽ നിന്നു വിടുവിക്കുന്നതും, പ്രവൃത്തികൾ 5:18–21 ലെ അപ്പൊസ്തലന്മാരെ വിടുവിക്കുന്നതും എബ്രായ ലേഖകന് അറിയാമായിരുന്നു എന്നു വേണം കരുതുവാൻ, എന്നാൽ അവന്റേയോ വായനക്കാരുടേയോ പ്രാർത്ഥനക്ക് അത്തരം ഒരു പ്രതികരണം പ്രതീക്ഷിച്ചിരുന്നതായി തെളിവ് ഒന്നും ഇല്ല. അവൻ തടവിലായിരുന്നില്ലെങ്കിൽ, തിമൊഥെയൊസിനെ വിട്ടയക്കുമ്പോൾ (വാ. 23), അവർക്ക് രണ്ടുപേർക്കും ഒരുമിച്ച് എബ്രായ ക്രിസ്ത്യാനികളെ സന്ദർശിക്കാമെന്ന് വിചാരിച്ചിരിക്കാം. അവൻ വ്യക്തിപരമായിട്ടാണ് ലേഖനം നൽകുന്നതെങ്കിൽ പല കാര്യങ്ങളും അവന് വിശദീകരിച്ചുകൊടുപ്പാൻ കഴിയുമായിരുന്നു.

## ദൈവത്തിലേക്കും സഹോദരന്മാരിലേക്കും എത്തൽ (13:20-25)

**20നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽനിന്ന് മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവം 21നിങ്ങളെ അവന്റെ ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്ക് പ്രസാദമുള്ളത് യേശുക്രിസ്തു മുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ; അവന്ന് എന്നേക്കും മഹത്വം ആമേൻ.**

**22സഹോദരന്മാരേ, ഈ പ്രബോധന വാക്യം പൊറുത്തുകൊൾവിൻ എന്ന് അപേക്ഷിക്കുന്നു. ചുരുക്കമായിട്ടല്ലോ ഞാൻ എഴുതിയിരിക്കുന്നത്.**
**23സഹോദരനായ തിമൊഥെയൊസ് തടവിൽനിന്ന് ഇറങ്ങി എന്നു അറിവിൻ. അവൻ വേഗത്തിൽ വന്നാൽ ഞാൻ അവനുമായി നിങ്ങളെ വന്നു കാണും.**
**24നിങ്ങളെ നടത്തുന്നവർക്ക് എല്ലാവർക്കും സകല വിശുദ്ധന്മാർക്കും വന്ദനം ചൊല്ലുവിൻ. ഇതല്യക്കാർ നിങ്ങൾക്ക് വന്ദനം ചൊല്ലുന്നു.**

**[25]കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ ആമേൻ!**

ഈ ലേഖകൻ തന്റെ വായനക്കാരോട് അവസാനമായി പറഞ്ഞ വാക്കുകൾ എന്തെല്ലാമാണ്? ജീവിക്കുന്ന നിയമവും പഴയ നിയമവും തമ്മിലുള്ള വ്യത്യാസത്തെ കുറിച്ചു അഗാധമായ പഠനമാണ് ലേഖകൻ അവർക്ക് നൽകിയത്. അവന് ഇപ്പോൾ അവരോട് യാത്രാമൊഴി നൽകുവാനുള്ള സമയമായി. പുകഴ്ച്ചയോടും, പ്രബോധനത്തോടും, സന്തോഷത്തോടും കൂടെയാണ് അവൻ ലേഖനം അവസാനിപ്പിക്കുന്നത്.

**വാക്യം 20**. തനിക്ക് വേണ്ടി പ്രാർത്ഥിപ്പാൻ അവരോട് അപേക്ഷിച്ച ശേഷം, ലേഖകൻ അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. വാസ്തവത്തിലുള്ള സമാധാനം നൽകുവാൻ **സമാധാനത്തിന്റെ ദൈവത്തിനു** മാത്രമെ കഴിയു. “സാത്താനെ നിങ്ങളുടെ കാൽച്ചുവട്ടിൽ ചവിട്ടിമെതിച്ചുകളവാൻ” കഴിയുന്ന ശക്തിയുള്ള ദൈവമാണ് അവൻ (റോമ. 16:20). “സമാധാനത്തിന്റെ ദൈവം” എന്നു പുതിയ നിയമത്തിൽ വേറെ ആറു പ്രാവശ്യം കൂടെ ഉപയോഗിച്ചിരിക്കുന്നു, അതെല്ലാം പൗലൊസ് ആണ് പറയുന്നത്.[51] ദൈവത്തെ പുറത്താക്കിയാൽ ഒരു സമാധാനവും കാണുകയില്ല. ക്രിസ്തു ക്രൂശിൽ മരിച്ചതിനാൽ നമുക്ക് ഇപ്പോൾ സമാധാനം ലഭ്യമാണ് (എഫെ. 2:14–17), അങ്ങനെ യെഹൂദന്മാർക്കും ജാതികൾക്കും രാജ്യത്തിൽ/സഭയിൽ ആകുമ്പോൾ അവർക്ക് സമാധാനം ലഭിക്കും. യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം ദൈവത്തിനു മാത്രമാണ് സഭയിൽ അത്തരം സമാധാനം നൽകുവാൻ കഴിയുന്നത്.

എബ്രായ ലേഖനം എഴുതിയ സമയത്ത് സഭകളിൽ വിഭാഗീയത നിലനിന്നിരുന്നു. എന്നാൽ സാധ്യതയുള്ള വിശ്വാസ ത്യാഗം, അപ്പോൾ സംഭവിച്ചിരുന്നില്ല. അങ്ങനെ സംഭവിച്ചാൽ ക്രിസ്തു എന്തു കൊണ്ടുവരുവാൻ വന്നുവോ, അവർക്ക് അത് ലഭിക്കാതെ പോകും-അവരുടെ ആത്മാക്കൾക്കുള്ള രക്ഷയും സമാധാനവും. എബ്രായ ക്രിസ്ത്യാനികൾക്ക് അന്യോന്യവും ദൈവത്തോടും സമാധാനം ആവശ്യമായിരുന്നു. ഈ ലേഖനം എഴുതിയ സമയം മുതൽ യെരുശലേമിൽ സമാധാനം ഇല്ലായിരുന്നു. അതിൽനിന്നു വ്യത്യസ്തമായി ദൈവത്തിന്റെ സ്വഭാവം തന്നെ സമാധാനമാണ്.

ഏക-മനുഷ്യൻ ആയ “പാസ്റ്റർ” (“ഇടയൻ”) **മുഖ്യ ഇടയൻ** ആയ യേശു ക്രിസ്തു ആണ്.[52] എല്ലായിടത്തും എല്ലാ കാലത്തുമുള്ള ആളുകളോടുള്ള ഒരു മൃദുവായ അപേക്ഷ ഈ സാദൃശത്തിൽ കാണാം. ആത്മാക്കളെ കരുതുന്ന നല്ല ഇടയനോടുള്ള ആരാധനയായിട്ടാണ് “യേശു സ്നേഹമുള്ള ഇടയൻ” എന്ന ഗാനം നാം ആലപിക്കുന്നത്.

എബ്രായ ലേഖനത്തിൽ, ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപിനെ കുറിച്ചു പറയുന്ന ഏക വാക്യമാണ്, വാക്യം 20, എന്നാൽ യേശു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു എന്നതിൽ അത് അന്തർലീനമാക്കിയിരിക്കുന്നു.[53] എങ്ങനെയായാലും, 6:2 ലും, 11:35 ലും ഉപയോഗിച്ചിരിക്കുന്ന “പുനരുത്ഥാനം” (*അനാസ്ടാസിസ്*) വാക്ക് ഈ വാക്യത്തിൽ കാണുന്നില്ല. പകരം നാം കാണുന്ന വാക്ക് *അനാഗോ* ആണ്, അർത്ഥം, **കൊണ്ടു വന്നു**, അല്ലെങ്കിൽ “നയിച്ചു” എന്നാണ്. ക്രിസ്തു ഉയർത്തെഴുന്നേൽക്കുകയും, പിന്നെ അവനെ **മരിച്ചവരിൽനിന്നു** സ്വർഗത്തിലേക്ക് കൊണ്ടുവന്നു. അതിന് കഴിഞ്ഞത് അവൻ രക്തം ചിന്തിയതിനാലും പുതിയനിയമം സ്ഥാപിച്ചതിനാലുമാണ്. ആ വിശുദ്ധന്മാരെ എല്ലാറ്റിലും “തികഞ്ഞവരാകുവാൻ” (ഏഎസ്വി) “പ്രാപ്തമാക്കു

ന്നതിന് ആവശ്യമായതെല്ലാം ചെയ്യുവാൻ അവന് അങ്ങനെ കഴിഞ്ഞു (വാ. 21 നോക്കുക), അർത്ഥം "പൂർണ്ണരാക്കുക." അവർ ചെയ്യേണ്ടതെല്ലാം ചെയ്യുവാൻ ദൈവസഹായത്താൽ അവർക്ക് കഴിയുമായിരുന്നു.

യേശു **ആടുകളുടെ** "വലിയ ഇടയനും" "മുഖ്യ ഇടയനും" ആകുന്നു (1 പത്രൊ. 5:4). പഴയ നിയമത്തിൽ ദൈവ ജനത്തിന്റെ "ഇടയൻ" ദൈവം തന്നെയായിരുന്നു അല്ലെങ്കിൽ മോശെ ആയിരുന്നു (സങ്കീ. 77:20; 95:7). ഈ "മഹാ ഇടയനെ" ദൈവത്തോടല്ലാതെ താരതമ്യം ചെയ്യുവാൻ മറ്റാരും ഇല്ല. മുഖ്യ ഇടയന്റെ കീഴിൽ "ഇടയന്മാർ" ആയി പ്രവർത്തിക്കേണ്ടവരാണ് സഭയിലെ മൂപ്പന്മാർ (എബ്രാ. 13:17; 1 പത്രൊ. 5:1, 4).

**നിത്യനിയമത്തിന്റെ** രക്തത്തെ കുറിച്ചുള്ള ചിന്തയാണ് ഈ ദൈവസ്തുതിയിലുള്ളത്. എബ്രായ ലേഖനത്തിൽ ഇതുവരെയും പറഞ്ഞവയുടെ ചുരുക്കമാണ് ഇതെന്ന് തോന്നുന്നു, ചുരുങ്ങിയത് അതിലെ ഏറ്റവും വലിയ വിഷയം. ദൈവം ആഗ്രഹിക്കുന്നതു ചെയ്യുവാൻ "നിത്യ" രക്തം നമ്മെ പ്രാപ്തമാക്കുന്നു. താൽക്കാലിക സ്വഭാവത്തിലുള്ള പഴയനിയമ കാലത്ത് അത് സാധ്യമായിരുന്നില്ല. പുതിയ നിയമം ക്രിസ്തുവിന്റെ രക്തത്താൽ ആരംഭിച്ച് (മത്താ. 26:28) എല്ലാ കാലത്തേക്കുമായി, അല്ലെങ്കിൽ "നിത്യമായി" തീർന്നു.

**വാക്യം 21. അവന്റെ സന്നിധിയിൽ പ്രസാദമുള്ളത് ചെയ്വാനും ദൈവേഷ്ടം അനുസരിച്ച് എല്ലാ നന്മയിലും നമ്മെ യഥാസ്ഥാനപ്പെടുത്തി** [നമ്മിൽ] **നിവർത്തിക്കുമാറാക്കും.** നാം അനുസരിക്കുമ്പോൾ, ദൈവം നമ്മിൽ പ്രവർത്തിക്കുന്നതിനു തക്കവണ്ണം നമ്മെ അവൻ പ്രാപ്തമാക്കും (ഫിലി. 2:12, 13) "സകല സൽപ്രവൃത്തിയിലും" നമ്മെ തിരുവെഴുത്ത് തികഞ്ഞവരാക്കും (2 തിമൊ. 3:16, 17). അവന്റെ ഇഷ്ടപ്രകാരം നാം ചെയ്യുന്നതെല്ലാം ദൈവ മഹത്വത്തിനായി ചെയ്യണം. നാം ദൈവത്തെ മഹത്വപ്പെടുത്തേണ്ടത് യേശുക്രിസ്തു മുഖാന്തരവും സഭ മുഖാന്തരവുമായിരിക്കണം (എഫെ. 3:21). "മനുഷ്യന്റെ പ്രവൃത്തി സാധ്യമാക്കുന്നത് ദൈവ പ്രവൃത്തിയാലാണ്,"[54] ദൈവകൃപയോട് മനുഷ്യർ ശരിയായി പ്രവർത്തിക്കയും വേണം. നമുക്ക് ആവശ്യമുള്ള എല്ലാ "നന്മയും" "ദൈവം" നൽകും. ദുഷ്ട മനുഷ്യർ ദുഷ്ടലാക്കോടെ സാഹചര്യങ്ങൾ മോശമാക്കിയാലും, "ദൈവം" നമ്മുടെ "നന്മക്കായി" അതിനെ മാറ്റും (റോമർ. 8:28).

**യേശുക്രിസ്തു മൂലം** ദൈവത്തെ മഹത്വപ്പെടുത്തുവാൻ അവൻ നമ്മിൽ പ്രവർത്തിക്കുവാനായി ദൈവത്തോട് പ്രാർത്ഥിക്കുവാനാണ് വാക്യം 20 ലും 21 ലും പറയുന്നത്. ആകയാൽ പിതാവ് മഹത്വപ്പെടുമ്പോൾ, പുത്രനും മഹത്വപ്പെടും (യോഹ. 17:5). ഈ അന്തിമമായ മഹത്വം കൊടുത്തുകൊണ്ടുള്ള ദൈവസ്തുതി ക്രിസ്തുവിനുള്ളതാണ്. ദൈവത്തിന് "സഭയിലും, ക്രിസ്തുയേശുവിലും" **മഹത്വം** കൊടുക്കണം എന്നാണ് എഫെസ്യർ 3:21-ൽ പറയുന്നത്. ഇത് എബ്രായ ലേഖനത്തിൽ, ഇവിടെ പറയുന്നതുപോലെ, ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നത് വിലക്കുന്നില്ല. **ആമേൻ** എന്നത് അസാധാരണമാണ്, എന്നാൽ അത് പറഞ്ഞതായ സത്യത്തിന് ആത്മാവ് ഊന്നൽ കൊടുക്കുന്ന രീതി ആണ്.[55]

**വാക്യം 22.** യെഹൂദ മതത്തെ കുറിച്ച് വളരെ ശക്തമായ ഭാഷയിലായിരുന്നു ലേഖകൻ സംസാരിച്ചത്, **ഈ പ്രബോധന വാക്യം പൊറുത്തുകൊള്ളേണം** എന്നു രേഖപ്പെടുത്തിയത്. അതിനർത്ഥം ലേഖനത്തിന്റെ ദൈർഘ്യത്തെ സഹിക്കണമെന്നല്ല, മറിച്ച് അതിലെ ഓരോ വാക്കുകളും ശ്രദ്ധിക്കണം എന്നാ

ണ്. “പ്രബോധനം” എന്ന വാക്കിൽ ആശ്വാസവും (2 കൊ. 1:3–7) ഉത്തേജന വും (“പ്രോൽസാഹനം” അടങ്ങുന്നു; പ്രവൃ. 15:31). “പ്രബോധന വാക്യം” (*പാരാക്ലെസിസ്*) എന്ന വാക്ക് ലേഖനം ഒരു ധർമ്മോപദേശം പോലെയുള്ള പ്രസംഗം ആയിരുന്നു എന്ന് വ്യക്തമാക്കുന്നു (പ്രവൃ. 13:15). പരസ്യമായി പ്ര സംഗിക്കുന്നതിനും (1 തെസ്സ. 2:3) അല്ലെങ്കിൽ ഇടവകയിലെ പ്രസംഗത്തി നും (റോമർ 12:8; 1 തിമൊ. 4:13). പുസ്തകത്തിലുടനീളമുള്ള പ്രബോധനങ്ങൾ ഈ ആശയത്തെ ആണ് പ്രകടമാക്കുന്നത് (2:1–3; 3:12–14; 4:11, 14; 5:11–6:8; 10:19–25; 13:1–17 നോക്കുക).

ഈ “ലേഖനത്തിന്” (**എഴുതപ്പെട്ട** സന്ദേശം, *എപ്പിസ്റ്റെല്ലോ*), അല്ലെങ്കിൽ കത്ത്, എന്നതിന് പ്രസംഗ സ്വഭാവമാണ് ഉള്ളത്. ഒരു കത്തിന് ഉള്ളതിനേക്കാൾ ദൈർഘ്യമാണ് എബ്രായ ലേഖനത്തിനുള്ളത്.[56] എന്നാൽ ലേഖനം മുഴുവൻ ഒരു മണിക്കുറിനുള്ളിൽ വായിച്ചു തീർക്കാം.[57] ഒന്നാം നൂറ്റാണ്ടിലെ പ്രസംഗ ത്തിന്റെ ദൈർഘ്യമാണ് ഇത് നമ്മെ ബോധ്യമാക്കുന്നത്. ഇതിന് ഒഴികഴിവു ള്ളത് പ്രവൃത്തികൾ 20 ലെ പൗലൊസിന്റെ പ്രസംഗമാണ്, അത് പാതിര വരെ നീണ്ടുപോയി. അത് ഒരു പ്രത്യേക സാഹചര്യമായിരുന്നു. ത്രോവാസിലെ തന്റെ അവസാന പ്രസംഗമായിരിക്കുമെന്നാണ് പൗലൊസ് കരുതിയത്.

**വാക്യം 23. തിമൊഥെയൊസ്**[ിന്റെ] തടവിനെ കുറിച്ച് പൗലൊസിന്റെ ലേഖനങ്ങളിൽ ഒന്നിലും നാം വായിക്കുന്നില്ല. അപ്പൊസ്തലന്റെ വിശ്വസ്ത സഹായിയെ തടവിൽ ചെന്ന് കണ്ട് അവന്റേയും തന്റേയും സ്ഥിതി അപകട ത്തിലാക്കുവാൻ അവൻ ആഗ്രഹിച്ചിരിക്കയില്ല. **ഇറങ്ങി** (*അപോലുവോ*) എന്ന വാക്കിന്റെ അർത്ഥം, “വിടുക,” “ഒരു ദൗത്യത്തിനായി വിട്ടു പോകുക,”അല്ലെ ങ്കിൽ ആരോടെങ്കിലും “ക്ഷമിക്കുക” (മത്താ. 18:27; ലൂക്കൊ. 6:37 നോക്കുക). എങ്ങനെയായാലും, തിമൊഥെയൊസിനെ അജ്ഞാതമായ ഒരു തടവിൽനിന്നു മോചിപ്പിച്ചതാകുവാൻ സാധ്യതയുണ്ട്.[58] “തിമൊഥെയൊസും” പുതിയ “വിഭാ ഗത്തിലെ” അംഗമായിരിക്കുമെന്ന് പൗലൊസിനോടുകൂടെയുള്ള അവന്റെ സമ്പർക്കത്തിൽനിന്നു അധികാരികൾ മനസിലാക്കി കാണും; എന്നാൽ അവന് റോമാ പൗരത്വമില്ലായ്കയാൽ, പൗലൊസിന് ലഭിച്ച ആനുകൂല്യങ്ങളൊന്നും തിമൊഥെയൊസിന് ലഭിച്ചിരിക്കയില്ല. ഭീരു ആയിരുന്ന ആ യുവാവ് (2 തിമൊ. 1:7 നോക്കുക) റോമൻ അധികാരികൾക്ക് ഭീഷണിയല്ല എന്ന് മനസിലാക്കി വിട്ടയക്കുന്നതിന് മുൻപ് അവൻ എത്രനാൾ തടവിലായിരുന്നു? തീർച്ചയാ യും, “ശീതകാലത്തിന് മുൻപെ വരുവാൻ ശ്രമിക്ക” എന്ന പൗലൊസിന്റെ അപേക്ഷ അവൻ സ്വീകരിച്ചിരിക്കും (2 തിമൊ. 4:21). വ്യക്തിപരമായ ഈ വിവരണം എടുത്ത് ഈ ലേഖനം പൗലൊസ് എഴുതി എന്നു ചിലർ അനു മാനിക്കുന്നു. പൗലൊസിനോട് തിമൊഥെയൊസിനേക്കാൾ അധികം ആരും അടുത്ത് ഇടപഴകിയിരുന്നില്ല എന്നു തോന്നുന്നു. ഫിലിപ്പിയ ലേഖനത്തിൽ ഈ പാതി – യെഹൂദനായ യുവാവിനെ മറ്റാരെക്കാളും യെഹൂദ സദസ്യരോട് പ്രശംസിച്ചിരുന്നതായി നമുക്ക് വായിക്കാൻ കഴിയും (2:19–24). ഈ ലേഖനം മുഴുവൻ വായിച്ചാൽ ക്രിസ്ത്യാനികളിൽ തിമൊഥെയൊസിനെ മാത്രമാണ് പേരെടുത്തു പറഞ്ഞിരിക്കുന്നത്.

**വാക്യം 24.** സഭയിലെയോ, അല്ലെങ്കിൽ സഭകളിലെയോ മൂപ്പന്മാരെ സംബോധന ചെയ്തല്ല ഈ ലേഖനം എഴുതിയിരിക്കുന്നത്, മറിച്ച് അതിലെ അംഗങ്ങളെ ആണ് സംബോധന ചെയ്തിരിക്കുന്നത്. അവർ യെഹൂദ മത ത്തിലേക്ക് വീണ്ടും തിരിഞ്ഞുപോകുവാൻ ശ്രമിക്കുന്നത് ലേഖകൻ തടയു

കയായിരുന്നു. ലേഖകന്റെ ദയാപുരസരമായ വാക്കുകളാൽ ആ സഹോദരന്മാർ [അവരുടെ] **അദ്ധ്യക്ഷന്മാരെ എല്ലാം വന്ദനം** ചെയ്യണമായിരുന്നു. സഭയിലെ ആ കൂട്ടത്തിൽ മുൻപ് പുരോഹിതന്മാരായിരുന്നവരും ഉൾപ്പെട്ടിരുന്നു (പ്രവൃ. 6:7), സാധാരണക്കാരായ മൂപ്പന്മാരെ ബഹുമാനിക്കുവാൻ അവർക്ക് പ്രയാസം നേരിട്ടിരിക്കും. അവരുടെ "അദ്ധ്യക്ഷന്മാർക്ക്" (*ഹെഗെയോമായി*) അവർ "കീഴ്പ്പെട്ടിരിക്കണം" എന്ന നിർദ്ദേശമായിരുന്നു ലഭിച്ചത്. അവരുടെ "ഭരണം" സ്വീകരിക്കയും വേണമായിരുന്നു (13:17; ഏഎസ്‌വി). *ഹെഗെയോമായി* എന്നതിൽ കൽപിക്കുവാനോ അല്ലെങ്കിൽ നയിക്കുവാനോ ഉള്ള ശക്തി അന്തർലീനമായിരിക്കുന്നു. കുലീനന്മാരായിരുന്ന പുരോഹിതന്മാർക്ക് അത്തരം കീഴ്പ്പെടൽ തരംതാഴലായിരുന്നു. അവർ മറ്റു വ്യക്തികളെയും "അദ്ധ്യക്ഷന്മാരെയും" "വന്ദനം" (*ആസ്പാസോമായി*) ചെയ്യണമായിരുന്നു. അതിൽ സഭയിലെ അദ്ധ്യക്ഷന്മാരെ "ചുംബനം" ചെയ്യലും ഉൾപ്പെട്ടിരുന്നു, സഭ നടത്തുന്നവർക്ക് കീഴ്പ്പെട്ട് അവരെ അനുഗമിക്കുന്നത് താഴ്മ മനോഭാവത്തെയും വാസ്തവത്തിൽ ക്രിസ്തുവിങ്കലേക്ക് പരിവർത്തനം നടന്നതായും ആണ് കാണിക്കുന്നത്.

**എല്ലാ വിശുദ്ധന്മാരെയും** അവർ വന്ദനം ചെയ്യേണ്ടിയിരുന്നു-അതായത് ക്രിസ്ത്യാനികളെ-പൗലൊസ് റോമർ 16:16-ൽ കൽപ്പിച്ചതുപോലെ. "ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു" എന്നാണ് അവിടെ പറഞ്ഞിരിക്കുന്നത്. ജീവിക്കുന്ന ആളുകളായിരുന്നു വിശുദ്ധന്മാർ എന്നത് തീർ.ച്ചയാണ്, അല്ലാതെ വളരെക്കാലം മുൻപ് മരിച്ചവരായിരുന്നില്ല. ക്രിസ്ത്യാനികൾ മരിച്ചുപോയ വിശുദ്ധന്മാരോടോ അവർ മുഖാന്തരമോ പ്രാർത്ഥിക്കുകയില്ല.

**ഇതല്യക്കാർ** എന്നതിന്റെ അർത്ഥം മറ്റേതെങ്കിലും സ്ഥലത്ത് ലേഖകനോട് കൂടെ ആയിരുന്ന "ഇതല്യയിൽ താമസിക്കുന്നവർ" എന്നാണ്. ഈ പ്രയോഗത്തിൽനിന്നും എഴുത്തുകാരൻ ഏതു സ്ഥലത്താണ് അവരോടൊപ്പം ആയിരുന്നത് എന്നു തീർത്തു പറയുവാൻ സാധ്യമല്ല; അതുകൊണ്ട്, മിക്ക തർജ്ജമകളിലും മൂലഗ്രന്ഥത്തിലേതുപോലെ ദ്വയാർത്ഥമാണുള്ളത്.[59] വിദേശങ്ങളിലുള്ളവർക്ക് വന്ദനം അറിയിക്കുന്നത് ഇതല്യയിലെ ക്രിസ്ത്യാനികൾക്ക് യോജിച്ചതായ മാന്യത നൽകലാണ്. ഇതല്യക്കാരും എബ്രായ ലേഖന ഗുണഭോക്താക്കളും വളരെ അകലെയാണെന്ന് ഈ പ്രയോഗം വ്യക്തമാക്കുന്നു; ആ രണ്ടു കൂട്ടരും തമ്മിൽ ഒരിക്കലും കണ്ടിരിക്കയില്ല,.

**വാക്യം 25. കൃപ** എന്നതിനുള്ള വാക്ക് *കാരിസ്* ആണ്. ക്രിസ്തീയ കത്ത് ഇടപാടുകളിൽ സാധാരണ കണ്ടിരുന്ന ആശിർവാദമാണ് ഇത്. പൗലൊസ് ഈ വാക്ക് പ്രത്യേക വന്ദനമായി ഉപയോഗിച്ചിരുന്നു.[60] ലേഖനം ലഭിക്കുന്നവർക്ക് ദൈവിക പുരസ്ക്കാരമായ അനുഗ്രഹം പകരുന്നത് ഇതിൽ അന്തർലീനമായിരിക്കുന്നു. വെറും ഒരു ആചാര വന്ദനത്തേക്കാൾ, അത് പലപ്പോഴും അപ്പൊസ്തൊലിക അധികാരത്തോടെയാണ് ചെന്നിരുന്നത്. മിക്കവർക്കും ആവശ്യമുള്ളതാണ് ദൈവത്തിന്റെ കൃപ. പീഢനം അനുഭവപ്പെട്ട യെഹൂദ്യയിലെ ക്രിസ്ത്യാനികൾക്ക് പ്രത്യേകിച്ച് ഈ അനുഗ്രഹം ആവശ്യമായിരുന്നു.

## പ്രായോഗികത

### നമ്മുടെ സഹോദരീസഹോദരന്മാരോട് സ്നേഹം ആചരിക്കൽ (13:1)

"ആരാണ് എന്റെ സഹോദരൻ?" എന്നു ചോദിക്കുന്നത് അധാർമ്മികമോ, നിയമവിരുദ്ധമോ, അല്ലെങ്കിൽ യുക്തിരഹിതമോ ആയിരിക്കുകയില്ല. "എന്റെ കൂട്ടുകാരൻ ആർ?" എന്ന ന്യായശാസ്ത്രിയുടെ ചോദ്യത്തിന് യേശു മറുപടി പറഞ്ഞു (ലൂക്കൊ. 10:29-37), പക്ഷെ അവൻ അതിൽ കൂടുതൽ പറഞ്ഞു, "എല്ലാ മനുഷ്യരും, നീ ഏറ്റവും വെറുക്കുന്ന ശമര്യക്കാരൻ പോലും നിന്റെ കൂട്ടുകാരനാണ്." കൂട്ടുകാരോടുള്ള ബന്ധത്തെക്കാൾ ഉയർന്നതാണ് സാഹോദര്യസ്നേഹം; ക്രിസ്തുവിൽ വിശ്വസ്തരായ എല്ലാവരോടും ഉണ്ടായിരിക്കേണ്ട പ്രത്യേകമായ സ്നേഹം ആണ് അത്.

നാം ശരിയായ സ്നേഹം പരിശീലിക്കുകയാണെങ്കിൽ, കർത്താവിനോട് വിശ്വസ്തരായ എല്ലാ സഹോദരീസഹോദരന്മാരെയും, അവർ അങ്ങനെയല്ല എന്നു തെളിയിക്കുന്നതുവരെ സ്നേഹിക്കും, അവർ വിശ്വസ്തരാണോ അല്ലയോ എന്നു തീരുമാനിക്കുന്നത് വളരെ ശ്രദ്ധയോടെയായിരിക്കണം. "അയാൾ ബലഹീന സഹോദരൻ ആണോ?" എന്നു നാം ചോദിക്കണം. അങ്ങനെയാണെങ്കിൽ, അയാളോട് കരുതലോടെ, അയാൾക്ക് ഇടർച്ചവരുത്താതെ, അയാൾ വിശ്വാസത്തിൽനിന്നും അകന്നുപോകാതെ, സൗമ്യതയോടെ യഥാസ്ഥാനപ്പെടുത്തണം (1 കൊ. 8:12, 13).

ക്രിസ്തുവിന്റെ സഭയെ ഭിന്നിപ്പിക്കുന്ന വിധത്തിലാണ് ഒരാളുടെ അഭിപ്രായം വളരുന്നതെങ്കിൽ അത് ഒഴിവാക്കണം (തിത്തൊ. 3:10, 11; 2 തെസ്സ. 3:6). തിത്തൊസ് 3:10 ലെ "ഭിന്നത വരുത്തുന്ന മനുഷ്യൻ," *ഹെയിറെറ്റിക്കോസ്*, ("ഹെറെറ്റിക്"), എന്നു പറയുന്നത്, പക്ഷം പിടിക്കുന്ന, ഭിന്നിപ്പുണ്ടാക്കുന്ന എന്നാണ് അർത്ഥമാക്കുന്നത്. സാഹോദര്യ കൂട്ടായ്മ അവസാനിപ്പിക്കുന്നതിനിടയാക്കുന്നതാണ് ഒരാളുടെ അഭിപ്രായം മറ്റുള്ളവരിൽ അടിച്ചേൽപിക്കുവാൻ ശ്രമിക്കുന്നത്. സാഹോദര്യ സ്നേഹം പരിശീലിക്കുന്ന ഇടവകയിൽ അത്തരം വ്യക്തിക്കു സഹിഷ്ണുതയോടെ യോജിച്ചുപോകുവാൻ കഴിയുകയില്ല.

### തടവുകാരോടുള്ള ബന്ധം (13:3)

തടവുകാരെ സന്ദർശിക്കുക എന്നത് സന്തോഷകരമായ കാര്യമല്ല, എങ്കിലും കർത്താവ് അത് കൽപിച്ചിരിക്കുകയാണ്. നാം മറ്റുള്ളവരെ സേവിക്കുമ്പോൾ, ക്രിസ്തുവിനെ ആണ് സേവിക്കുന്നത് (മത്താ. 25:36, 43). ചിലർ വിചാരിച്ചേക്കാം, "നിയമത്തെ ലംഘിക്കുന്ന ആളുകളോട് ബന്ധപ്പെടാതെ തന്നെ എനിക്ക് മതിയായത്ര പ്രശ്നങ്ങൾ ഉണ്ട്." നമ്മുടെ കുഴപ്പങ്ങൾ അതിജീവിക്കുവാനുള്ള ഒരു മാർഗം മറ്റുള്ളവരെ സഹായിക്കുവാൻ ശ്രമിക്കുക എന്നതാണ്. ഞാൻ സേവിച്ചു വന്ന ഇടവക കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ തടവിലുള്ള ആയിരം പേരെയെങ്കിലും സ്നാനപ്പെടുത്തിയിട്ടുണ്ട്. ടൗണിനു പുറത്തുള്ള ഒരു വലിയ തടവിൽ, ഈ ശുശ്രൂഷ നിമിത്തം ആഴ്ച്ചയിൽ ശരാശരി രണ്ടോ മൂന്നോ സ്നാനം നടന്നിരുന്നത് അവിശ്വസനിയമായിരുന്നില്ല, ചില സ്ഥലങ്ങളിൽ ഒറ്റ ഞായറാഴ്ച്ച ഒരു ഡസൻ സ്നാനം നടന്നു എന്നു പറയുന്നത് അതിശയമല്ല. എനിക്ക് ആ സഹോദരന്മാരുടെ തന്മയീഭാവശക്തി ലഭിച്ചിരുന്നുവെങ്കിൽ എന്നാഗ്രഹിച്ചു എങ്കിലും. ഞാൻ ആരാധനക്കു ശേഷം

നടന്നകലുകയായിരുന്നു, അവരെല്ലാം അവിടെ തന്നെയിരുന്നു കൂടിയാലോ ചിക്കുകയായിരുന്നു. "തങ്ങളോടുകൂടെ ചങ്ങലയാൽ ബന്ധിക്കപ്പെട്ടിരിക്കുന്നതുപോലെ വിചാരിച്ച് തടവുകാരെ ഓർത്തുകൊള്ളുന്നത്" എത്ര വിഷമകരം!

**വിവാഹം ദൈവത്താൽ സ്ഥാപിച്ചതാണ് (13:4)**

ദൈവം തന്നെയാണ് വിവാഹം സ്ഥാപിച്ചത് (ഉല്. 2:20-24). ദൈവം തന്റെ സൃഷ്ടിത്വമെല്ലാം കഴിഞ്ഞിട്ട് "നന്നല്ല" എന്നു പറഞ്ഞ ഏക കാര്യം മനുഷ്യൻ ഏകൻ ആയിരിക്കുന്നതാണ് (ഉല്. 2:18), അങ്ങനെ അവൻ അവന് ഒരു ശരിയായ തുണ നൽകി. "തുണ" (*എസെർ*) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്, വെറും ഒരു കൂട്ട് എന്നതിലപ്പുറം അതിൽ ഉൾപ്പെട്ടിരിക്കുന്നു; മനുഷ്യനിൽ കുറവുള്ളത് സ്ത്രീ നികത്തുമെന്നതാണ് അന്തർലീനമായിരിക്കുന്നത്. പുരുഷനെയും സ്ത്രിയെയും യോജിപ്പിച്ച് ചെയ്യുവാൻ പോകുന്നത് എന്താണെന്ന് ദൈവത്തിന് അറിയാമായിരുന്നു; കാരണം അവർക്ക് രണ്ടുപേർക്കും പലപ്പോഴും വ്യത്യസ്ത കഴിവുകളായിരിക്കും ഉണ്ടായിരിക്കുക, അങ്ങനെ അവർ മുഴുവനാകുന്നു (ഭൗതികമായ അർത്ഥത്തിൽ "ഏക ദേഹം" ആകുകയല്ല).

രണ്ടു പുരുഷന്മാർക്ക് തമ്മിലോ അല്ലെങ്കിൽ രണ്ട് സ്ത്രീകൾക്ക് തമ്മിലോ ഓരോരുത്തരുടേയും ശാരീരികാഭിലാഷം നിറവേറ്റുവാൻ കഴിയുമെന്ന് പറയുന്നത് വിഡ്ഢിത്തമാണ്. അവർക്ക് കുട്ടികൾ ജനിക്കുവാനോ, കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുവാനോ അവർക്ക് കഴിയുകയില്ല. സ്വവർഗ ഒത്തുചേരൽ "വിവാഹം" എന്നു പറയുന്നത് കാലാകാലമായിട്ടുള്ള ജ്ഞാനത്തിനെതിരാണ്, അത് തലമുറ നാമാവശേഷമാക്കുന്നതുമാണ്. പുരാതന കാലത്തെ സോദോം എന്ന പട്ടണവും അതിലെ നിവാസികളെയും നശിപ്പിക്കുവാനുള്ള കാരണം അവിടെയുള്ളവർ ആണോട് ആണും പെണ്ണോടു പെണ്ണും അധാർമ്മികമായി ജീവിച്ചതിനാൽ ആയിരുന്നു. സ്വവർഗ രതി ജന്മസിദ്ധമാണോ, അതോ വളർത്തിയെടുത്തതാണോ എന്നൊന്നും ബൈബിൾ പറയുന്നില്ല; അത് പാപം ആണെന്നാണ് തിരുവചനം പറയുന്നത്. ഇന്ദ്രിയജയമില്ലാത്തവയാണ് സ്വവർഗരതിയും, ഭിന്നജാതികൾ തമ്മിലുള്ള രതിയും.

വിവിധങ്ങളായ കാരണങ്ങളാലോ അല്ലെങ്കിൽ ആത്മിയ കാരണങ്ങളാലോ അവിവാഹിതരായി ഒറ്റക്ക് ജീവിക്കുന്നവർ ഉണ്ട്. ഒറ്റക്ക് കഴിയുന്നവർക്ക് മനുഷ്യരേയും ദൈവത്തെയും സേവിക്കുന്നതിൽ വലിയ പങ്ക് വഹിക്കുവാൻ കഴിയും. വിവാഹത്തിൽ ദൈവം ഉദ്ദേശിച്ച സന്തോഷവും പ്രതിഫലവും പരാജയപ്പെടുന്ന വിവാഹത്തിലെ ദമ്പതികൾക്ക് അനുഭവിക്കുവാൻ കഴിയുകയില്ല, അപ്പോഴും വിവാഹം ദൈവത്തിന്റെ പദ്ധതി ആണെന്ന കാര്യം നിഷേധിക്കുവാൻ ആർക്കും കഴിയുകയില്ല. സ്ത്രിയും പുരുഷനും വിവാഹം കഴിഞ്ഞ്, പരസ്പരം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്താലുള്ള ഫലം ലഭിച്ചാൽ വിവാഹം അടിമത്വമാണെന്ന് കരുതുന്നവർ ആ ആശയത്തെ മാറ്റും. സ്നേഹമുള്ള വിവാഹം പൂർണ്ണതയുള്ളതായിരിക്കും എന്നു വിശ്വസിക്കുന്നവർക്ക് തെറ്റു പറ്റിയിരിക്കുകയാണ്. വളരെ കാര്യങ്ങൾ അവർ ചെയ്യേണ്ടിയിരിക്കുന്നു - ദൈവത്തിന്റെ പദ്ധതിയിലല്ല - മറിച്ച് അവരുടെ രണ്ട് പേരുടേയും വളർച്ചക്ക്. സ്വാഭാവിക സ്വാർത്ഥതക്ക് പകരം, രണ്ട് പേരുടേയും ആവശ്യങ്ങളിൽ വിട്ടുവീഴ്ച്ച ചെയ്യണം, സ്വാർത്ഥതയാണ് വൈവാഹിക ബന്ധം തകരുവാനുള്ള കാരണം.

വിവാഹമോചനത്താൽ ആളുകൾ വിവാഹത്തെ മാനിക്കാതിരിക്കുക

യാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ, വിവാഹബന്ധം വേർപിരിയുന്നത് മരണത്താലത്രെ. തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവാൻ ഭർത്താക്കന്മാരോട് കൽപിച്ചിരിക്കുന്നു, തങ്ങളുടെ ഭർത്താക്കന്മാരെ സ്നേഹിപ്പാൻ ഭാര്യമാരോട് കൽപിച്ചിരിക്കുന്നു (എഫെ. 5:25; തിത്തൊ. 2:3, 4). ദൈവിക ഭക്തി നിലനിർത്തിയുള്ള വിവാഹ ജീവിതം നയിക്കുന്നവർ വിവാഹത്തെ മാനിക്കുകയും ദൈവത്തെ ബഹുമാനിക്കയും ചെയ്യും.

### ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും (13:4)

വിവാഹം "മാന്യമാണ്" എന്നു പറയുന്നതിന്റെ അർത്ഥം, അത് വിലമതിക്കത്തക്കതും, ദൈവത്തിന് വിലയുള്ളതുമാണ്. അതിൽനിന്നു വ്യത്യസ്തമായി,. വിവാഹേതര ലൈംഗികബന്ധം ഏതു വിധത്തിലുള്ളതായാലും, തിരുവെഴുത്ത് അതിനെ അനുകൂലിക്കുകയില്ല. ആകയാൽ ക്രിസ്ത്യാനികൾക്ക് വിലമതിപ്പുള്ള ഒരു ജീവിതമാണ് ദൈവം നൽകിയിരിക്കുന്നത് എന്നു നാം തിരിച്ചറിയണം. അവിഹിതമായ ലൈംഗികബന്ധം ഉപദ്രവകരവും, ദൈവസന്നിധിയിൽ വിലയില്ലാത്തതുമാണ്; വാസ്തവത്തിൽ, അത് 1 തെസ്സലൊനിക്യർ 4:1-8-ൽ വിലക്കിയിരിക്കുകയാണ്. പൊതുവായ സമൂഹത്തിൽനിന്ന് പ്രാരംഭ സഭയെ വ്യത്യസ്തമാക്കിയത് അവരുടെ ഉന്നത നിലവാരമായിരുന്നു.

കഷ്ടത-ശാരീരികവും വൈകാരികവുമായത് - ലൈംഗിക പാപത്തിന്റെ അനന്തരഫലമായി വരാവുന്നതാണ്. ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ നീതിയുള്ളവരായി ജീവിക്കുവാനാണ് അല്ലാതെ ദുർന്നടപ്പുകാരായി ജീവിക്കുവാനല്ല. ഓരോ ശാരീരിക പാപത്തിനും അനന്തരഫലമായ കഷ്ടത ഉണ്ടാകും.

ഉദാഹരണമായി, പുകവലി ഒരാളുടെ ശ്വാസകോശത്തെ, അല്ലെങ്കിൽ ഹൃദയത്തെ, മദ്യപാനം ഒരാളുടെ കരളിനെ, ലൈംഗിക പാപം ലൈംഗിക അവയവങ്ങളെ ബാധിക്കും. പ്രകൃതിയുടെ സ്വഭാവ പ്രതികരണമായും കഷ്ടത അനുഭവിക്കും. ജഡത്തിൽ വിതെക്കുന്ന "മനുഷ്യൻ അതു തന്നെ കൊയ്യും"എന്ന രീതിയിലാണ് ദൈവം ഓരോന്നും സൃഷ്ടിച്ചിരിക്കുന്നത് (ഗലാ. 6:7, 8). ഒരു മനുഷ്യൻ ദുർന്നടപ്പ് ആചരിക്കുമ്പോൾ, അയാൾ തന്റെ ശരീരത്തിന്റെ പ്രകൃതത്തിന് വിരോധമായിട്ടാണ് പാപം ചെയ്യുന്നത് (1 കൊ. 6:18). ഒന്നിലധികം പേരുമായി ലൈംഗിക ബന്ധം പുലർത്തുവാനല്ല നമ്മുടെ ശരീരം മെനഞ്ഞിരിക്കുന്നത്. ഓരോരുത്തരുമായോ അല്ലെങ്കിൽ ഒന്നിലധികം പങ്കാളികളുമായി ലൈംഗിക ബന്ധം പുലർത്തുന്ന രീതി ചില മതവിഭാഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അതിന് നിലനിൽക്കുന്ന സന്തോഷം ലഭിക്കുകയില്ല.

### കർത്താവ് നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ല (13:5, 6)

ഉൽപത്തി 28:15; ആവർത്തനപുസ്തകം 31:6; യോശുവ 1:5; 1 ദിനവൃത്താന്തം 28:20 എന്നീ വാക്യങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ് കർത്താവ് നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ല എന്ന പ്രസ്താവന. നമ്മുടെ ജീവിതം വേർപെട്ടു പോകുന്നതായി ചിലപ്പോൾ നമുക്ക് തോന്നിയേക്കാം. പ്രശ്നങ്ങൾ അടിക്കടി നേരിടുമ്പോൾ, അനാവശ്യമായ കുറ്റാരോപണങ്ങൾ കേൾക്കുമ്പോൾ, വിഷാദം അനുഭവപ്പെടുമ്പോൾ, ജീവിതം ഇരുണ്ട് നിരാശ തോന്നും. അപ്പോഴാണ് വിശ്വസ്തരായ ക്രിസ്തീയ സ്നേഹിതരെ സന്ദർശിക്കുവാനുള്ള സമയം. അവർ നമുക്ക് ആവശ്യമായ നിർദ്ദേശങ്ങളും ആശ്വാസ വാക്കുകളും

തന്നു നമ്മെ സഹായിക്കും.

ദൈവം നിങ്ങളോടുകൂടെ ഇല്ലെന്ന് *തോന്നുന്ന* സമയത്ത്, ദൈവം നിങ്ങൾക്ക് സമീപം ഉണ്ടായേക്കാം. നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നതിനപ്പുറം അവൻ നിങ്ങളുടെ സാഹചര്യത്തിൽ പ്രവർത്തിച്ചേക്കാം. തോന്നലുകൾ പലപ്പോഴും തെറ്റിപ്പോകും. നമുക്ക് പ്രതിസന്ധി നേരിടുമ്പോൾ, ആശ്രയമുള്ള വിശ്വാസത്തോടെ നാം മുമ്പോട്ടു പോകണം, എബ്രായർ 13:5, 6 വിശ്വസിച്ച് ദൈവസഹായത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുക.

പ്രയാസമുള്ള സമയത്ത് ഒരുങ്ങുവാൻ ഓർത്തിരിക്കേണ്ട തിരുവെഴുത്താണ് താഴെ കൊടുത്തിരിക്കുന്നത്:

> ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു;
> കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.
> അതുകൊണ്ട് ഭൂമി മാറി പോയാലും പർവ്വതങ്ങൾ
> കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും
> നാം ഭയപ്പെടുകയില്ല (സങ്കീ. 46:1, 2)

**ഭയം കൂടാതെയുള്ള വിശ്വാസം (13:6)**

വിശ്വാസത്താലുണ്ടാകുന്ന ധൈര്യത്താൽ, ഒരാൾക്ക് ചോദിക്കാം, "മനുഷ്യന് എന്നോട് എന്തു ചെയ്യുവാൻ കഴിയും?" (സങ്കീ. 118:6). നിലനിൽക്കുന്ന രീതിയിൽ നമ്മെ ഉപദ്രവിക്കുവാൻ ആർക്കും കഴിയുകയില്ല. മനുഷ്യൻ നമ്മോട് എന്തു ചെയ്യുമെന്ന ഭയത്തെ നമുക്ക് സത്യത്തിലുള്ള വിശ്വാസത്താൽ അതിജീവിക്കുവാൻ കഴിയും. തിരുവെഴുത്തിൽ പഠിപ്പിച്ചിരിക്കുന്നതുപോലെ ഒരാൾ തന്റെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ ദൈവത്തെ അനുവദിച്ചാൽ, അയാൾക്ക് സമാധാനവും ദൈവശക്തിയും ലഭിക്കും.

**പ്രവൃത്തി തുടരുന്നു (13:7)**

താഴ്മയോടെ നയിക്കുകയും സേവിക്കുകയും ചെയ്യുന്ന നല്ല പുരുഷന്മാർ സഭക്ക് എല്ലായ്പോഴും ആവശ്യമാണ്. ജോൺ വെസ്ലിയുടെ സ്മരണക്കായി വെസ്റ്റ്മിനിസ്റ്റർ അബിയിൽ ഈ വാക്കുകൾ കാണാം: "ദൈവം തന്റെ ജോലിക്കാരെ അടക്കുമെങ്കിലും, അവൻ തന്റെ പ്രവൃത്തി തുടരുകയാണ്." മാതൃകാപരമായി ജീവിച്ച ഉത്തമ സ്ത്രീ പുരുഷന്മാരെ കുറിച്ചുള്ള ബാല്യത്തിലെ പഠനം നമ്മെ നല്ല മനുഷ്യരാക്കി തീർക്കും. ഞങ്ങളുടെ ഇടവകയിലെ നല്ല ഉപദേഷ്ടാക്കന്മാരെയും മൂപ്പന്മാരെയും ബാല്യത്തിൽ എന്റെ അമ്മയപ്പന്മാർ എന്നെ ബോധ്യപ്പെടുത്തിയിരുന്നു. എങ്ങനെയായാലും, മനുഷ്യർ ചിലപ്പോൾ നമ്മെ നിരാശപ്പെടുത്തും. സഭാദ്ധ്യക്ഷന്മാർ പോലും വിശ്വാസം ത്യജിച്ച് പോയിട്ടുണ്ട്. മനുഷ്യരുടെ വീഴ്ച്ചകൾ ഒരിക്കലും നമ്മുടെ ജീവിതത്തെ ബാധിക്കുവാൻ നാം അനുവദിക്കരുത്. നമ്മുടെ ഏറ്റവും വലിയ മാതൃകയായ യേശുക്രിസ്തുവിലേക്കാണ് വാക്യം 8 നമ്മെ കൊണ്ടു പോകുന്നത്, അവൻ ഒരിക്കലും തന്റെ തത്വത്തിൽനിന്നു പിൻതിരിയുകയോ, പരാജയപ്പെടുകയോ ഇല്ല.

**"യേശു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ" (13:8)**

"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ" (വാ. 8). ഈ സത്യം എടുത്ത് ചിലർ വാദിക്കും "അവൻ ബൈബിൾ കാലയളവിൽ

അത്ഭുതങ്ങൾ ചെയ്തു; അവൻ അനന്യൻ ആയിരിക്കയാൽ, അവൻ അത് ഇന്നും ചെയ്യും." ആ വാദം തെറ്റാണ്, കാരണം വേദഭാഗം പറയുന്നത്, അവൻ തന്റെ സ്വഭാവത്തിൽ അതേ *വ്യക്തി* തന്നെയാണെന്നാണ് തിരുവെഴുത്ത് പറയുന്നത്. നമ്മുടെ ആത്മാക്കളെയും ക്ഷേമത്തെയും സംരക്ഷിക്കുന്ന അതേ ശക്തിയും ആണ് അവന് ഇന്നും ഉള്ളത്. തന്റെ ഭൗമിക കാലത്ത് ചെയ്തിരുന്ന പ്രവൃത്തികൾ അവൻ തുടർന്നും പ്രവർത്തിക്കുമെന്ന് ഒരു പ്രസ്താവനയും ബൈബിളിൽ ഇല്ല.

അവൻ ഇന്ന് ലോകത്തിൽ പട്ടിണി കിടക്കുന്നവർക്ക് ഏതാനും അപ്പവും മീനും എടുത്ത് വാഴ്ത്തി അത്ഭുതകരമായി പോറ്റുമോ? (മത്താ. 14:15-21; മർ. 6:34-44; യോഹ. 6:5-13). ഒരു നിമിഷത്തിനുള്ളിൽ അവൻ ഇന്ന് വെള്ളമെടുത്ത് വീഞ്ഞാക്കി മാറ്റുമോ (യോഹ. 2:1-10)? പൊടിയിൽനിന്ന് ഒരു വാക്ക് പറഞ്ഞ് അവൻ മനുഷ്യനെ നിർമ്മിക്കുമോ (ഉല്. 2:7)? അവൻ ഇന്നു മരിച്ചവരെ ഉയർപ്പിക്കുമോ? (ലൂക്കൊ. 7:11-15; 8:49-55 നോക്കുക). തീർച്ചയായും, യേശു ഭൂമിയിൽ ആയിരുന്നപ്പോൾ പ്രവർത്തിച്ചതുപോലെ ഇന്ന് പ്രവർത്തിക്കുന്നില്ല.

**സത്യോപദേശം വിശ്വസിക്കുവാനുള്ള**
**ഉത്തരവാദിത്തം ഓരോരുത്തർക്കുമുള്ളതാണ് (13:9)**

ഹൃദയം വിശ്വാസത്തിൽ സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്തം ഓരോരുത്തർക്കുമുണ്ട്. തങ്ങൾക്ക് നാശം വരുത്തുന്ന ഉപദേശം എബ്രായ ക്രിസ്ത്യാനികൾ കേട്ടിരിക്കാം. ദുരുപദേഷ്ടാക്കന്മാർ ശപിക്കപ്പെടും (ഗലാ. 1:8, 9), കേൾക്കുന്നത് ദൈവവചനപ്രകാരമാണോ അല്ലയോ എന്നു പരിശോധിക്കേണ്ടത് കേൾക്കുന്നവരാണ് (പ്രവൃ. 17:11; 2 തിമോ. 2:15). നാം അത് ചെയ്തില്ലെങ്കിൽ നാം "കൃപയാൽ ശക്തിപ്പെടുകയില്ല" (വാ. 9). ആത്മിയമായി പക്വതയിലെത്തുവാൻ ഇത് ആവശ്യമാണ്. നാം വീണുപോകാതിരിക്കുവാൻ വചനം പഠിക്കുവാനുള്ള കടമ നമുക്കാണ് ഉള്ളത് (1 പത്രൊ.2:1-3; 2 പത്രൊ. 3:18).

**കൂട്ടായ്മ (13:9)**

യെഹൂദ മതക്കാർ വരുന്നതുവരെ പത്രൊസ് ജാതികളോടുകൂടെ ഭക്ഷിച്ചുവന്നു, എന്നാൽ അവർ വന്നപ്പോൾ അവൻ പിൻവാങ്ങി. അവന്റെ കാപട്യത്തിന് ശിക്ഷിക്കപ്പെടും എന്നു പൗലൊസ് അവനെ ഓർപ്പിച്ചു (ഗലാ. 2:11-21). "ശുദ്ധമായത്" മാത്രമെ ഭക്ഷിക്കാവു എന്നു വിശ്വാസിച്ചിരുന്ന യെഹൂദന്മാർക്ക് പത്രൊസിന്റെ പ്രവൃത്തി ഞെട്ടലുളവാക്കും എന്ന് അവൻ കരുതിയിരിക്കാം. കൊർന്നെല്യോസിന്റെ പരിവർത്തനം മുതൽ ജാതികൾക്കിടയിലേക്ക് അവർ അധികം ഇറങ്ങിയിരുന്നില്ല (പ്രവൃ. 10:1-11:18). ജാതികളിൽനിന്നു പുതുതായി ക്രിസ്ത്യാനികളായി തീർന്നവർക്ക് പത്രൊസിന്റെ പ്രവൃത്തി എത്രമാത്രം തകർത്തു കളയുമെന്ന് മനസിലാക്കിയ പൗലൊസ് പത്രൊസിനെ കർശനമായി ശാസിച്ചു. അവൻ സ്ഥിരോൽസാഹിയായിരുന്നുവെങ്കിൽ അവന് യെഹൂദമതക്കാരെ ശക്തമായി സ്വാധീനിക്കുവാൻ കഴിയുമായിരുന്നു. "കർത്താവിന്റെ മുഖ്യ വക്താവായ പത്രൊസ് "അശുദ്ധമായത്" ഭക്ഷിക്കുകയും, ജാതികളോടുകൂടെ തിന്നു കുടിക്കയും ചെയ്യുന്നതിനാൽ, നമുക്കും അങ്ങനെ ആകാം എന്ന് യെഹൂദ ക്രിസ്ത്യാനികൾ വിശ്വസിക്കുവാൻ ഇടയാകുമായിരുന്നു." "നവോത്ഥാന കാലം" വരെ മാത്രമായിരുന്നു ഭക്ഷണപാനിയങ്ങൾ സംബന്ധിച്ച നിയന്ത്രണങ്ങൾ എന്നാണ് 9:10-ൽ നാം വായിക്കുന്നത്. അത് യെഹൂദന്മാർ

സഭയിലേക്ക് വന്ന സമയം ആയിരുന്നു.

ചിലപ്പോൾ മന്ദഗതിയിൽ കാര്യങ്ങൾ പോകുകയോ നമ്മുടെ സഹോദരന്മാരുടെ ആത്മാക്കൾക്ക് ഹാനികരമായ സംഭവങ്ങൾ നടക്കുകയോ ചെയ്തേക്കാം. പുതിയ ക്രിസ്ത്യാനികൾ ഇടറി, വീണുപോകുവാൻ സാധ്യതയുണ്ട്, പക്ഷെ പക്വതയിലെത്തിയ ക്രിസ്ത്യാനികൾ അങ്ങനെ വീഴുക പ്രയാസമാണ്. നാം പുതിയ ക്രിസ്ത്യാനികൾക്ക് ഇടർച്ച വരുത്താതെ അവരെ കരുതി, അവരുമായി ഭക്ഷണം കഴിക്കയും വേണം. പൂർണ്ണ കൂട്ടായ്മയും സ്വീകാര്യതയും പണ്ടു തന്നെ ഉറപ്പു വരുത്തുന്നതാണ് ഒരുമിച്ച് ഇരുന്നു ഭക്ഷണം കഴിക്കുന്നത്.

### "നമ്മുടെ അധരഫലങ്ങളിൽനിന്നുള്ള" സൂചനകൾ (13:15)

നമ്മുടെ ദൈവത്തോടുള്ള "അധരഫലമാണ്" സ്തോത്രയാഗം (വാ. 15). മനുഷ്യന്റെ ഹൃദയത്തിലുള്ളതാണ് "അധരത്തിൽ" കൂടെ പുറത്തു വരുന്നത്. അത് മനുഷ്യനിർമ്മിത യാന്ത്രിക ഉപകരണങ്ങളാൽ പ്രകടിപ്പിക്കുവാൻ സാധ്യമല്ല. പലരും പറയുന്നത് ദൈവം അവർക്ക് അത്തരം "താലന്തുകൾ" നൽകിയിരിക്കുന്നത് ദൈവത്തെ പുകഴ്ത്തുവാനായി അത് ഉപയോഗിക്കുന്നു എന്നാണ്. ഒരാളുടെ താലന്ത് (ദൈവത്താൽ-നൽകിയതായാലും, വളർത്തിയെടുത്തതായാലും) സ്വന്ത-മാന്യതയിലേക്ക് നീങ്ങുവാൻ സാധ്യതയുണ്ട്. ക്രിസ്തുവിന്റെ സഭയിലെ എല്ലാ അംഗങ്ങളോടും പാടുവാൻ പറഞ്ഞിരിക്കുന്നത്-ദൈവത്തെ പുകഴ്ത്തുവാൻ മാത്രമല്ല, "അന്യോന്യം പ്രബോധിപ്പിക്കുന്നതിന്നു കൂടെയുമാണ്" (കൊലൊ. 3:16). ആ "അധരഫലം" തിരഞ്ഞെടുത്ത ചിലർ മാത്രമല്ല, എല്ലാ ക്രിസ്ത്യാനികൾക്കുമുള്ളതാണ്.

ദൈവത്തിന് സ്തോത്ര യാഗം അർപ്പിക്കേണ്ടവരാണ് എല്ലാ ക്രിസ്ത്യാനികളും എന്നാണ് ആ രണ്ട് വേദഭാഗങ്ങളും പഠിപ്പിക്കുന്നത്. കൽപനയിൽ എല്ലാവരും പങ്കെടുക്കുന്ന ഇടവക ഗാനമായിട്ടാണ് എഫെസ്യ ലേഖനത്തിലും കൊലൊസ്യ ലേഖനത്തിലും "നമ്മോട്" പറയുന്നത്, അത് പ്രഗത്ഭരായ ഗായകരായാലും അല്ലെങ്കിലും. പരസ്യാരാധന നടത്തേണ്ടത് നാം മുഖേനയാണ് (വാ. 15), അതിന് ആവശ്യം നമ്മുടെ "അധരഫലങ്ങൾ" ആണ്.

### ക്രിസ്ത്യാനിയുടെ യാഗം (13:15, 16)

മോശെയുടെ ന്യായപ്രമാണത്തിൽ പറഞ്ഞിരുന്ന യാഗം ഇന്ന് ആവശ്യമില്ലാത്തതാണെന്ന് എബ്രായലേഖനം ഊന്നി പറയുന്നു. പഴയ വ്യവസ്ഥ നീങ്ങിപോയി അതിന് ഒരാളെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞിരുന്നില്ല, കാരണം പാപങ്ങൾ പൂർണ്ണമായി മോചിക്കുവാൻ കഴിയുന്നതായിരുന്നില്ല അത്. പുതിയ നിയമ യാഗം ദൈവത്തെയും ക്രിസ്തുവിനെയും സ്തുതിക്കുന്നതാണ്. നമ്മുടെ ആരാധന മുഴുവൻ കർത്താവായ യേശുക്രിസ്തു മുഖാന്തരമാണ്; അവന്റെ നാമം മൂലമേ നമുക്ക് പിതാവിന്റെ അടുക്കൽ എത്തുവാൻ കഴിയു. നമ്മുടെ പാട്ടുകളിലോ പ്രാർത്ഥനയിലോ നാം പ്രകടിപ്പിച്ചാലും ഇല്ലെങ്കിലും, നാം അവന്റെ നാമത്താൽ "ബന്ധിക്കപ്പെട്ടിരിക്കുന്നു" എന്നു നാം മനസിലാക്കണം, എന്നു പറഞ്ഞാൽ "അവന്റെ അധികാരത്താൽ" വാഴണം എന്നർത്ഥം (കൊലൊ. 3:17).

"നാം ദൈവത്തിന് അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം ... എന്ന *സ്തോത്രയാഗം* ഇടവിടാതെ അർപ്പിക്ക" എന്നാണ് ക്രിസ്ത്യാനികളോട്

പറഞ്ഞിരിക്കുന്നത് (വാ. 15; എംഫസിസ് ആഡഡ്). എങ്ങനെയായാലും ദൈവമില്ലാത്തവർ ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നില്ല (റോമ. 1:21 വായിക്കുക). അനുഗ്രഹം ലഭിക്കയും അതിന് ആർക്കും നന്ദി ചെലുത്താതിരിക്കയും ചെയ്യുന്ന നിരീശ്വരവാദിയോട് സഹതപിക്കുവാനേ കഴിയു! നന്ദിയും പുകഴ്ച്ചയും നമ്മുടെ ജീവിതത്തിൽ ഫലം പുറപ്പെടുവിക്കും.

മറ്റുള്ളവരുമായി "പങ്കിടുവാൻ" ക്രിസ്ത്യാനികൾ കടപ്പെട്ടിരിക്കുന്നു, കാരണം അതാണ് വാക്യം 16 ലെ *കൊയ്നോണിയ* അർത്ഥമാക്കുന്നത്. മതപരമായ സേവനങ്ങളിൽ നാം മുതിർന്നു വരണം, അതിൽ "ജീവനുള്ള യാഗവും ഉൾപ്പെടുന്നു (റോമ. 12:1, 2). നമ്മുടെ പുസ്തകത്തിലെ വാക്യം 16 അനുസരിച്ച് നന്മ ചെയ്യുന്നതും "യാഗം" ആണ്.

ആവശ്യമുള്ളവർക്ക് ദയയോടെയും സ്നേഹത്തോടെയും സഹായം ചെയ്യുന്നതായിരിക്കും ഏറ്റവും വലിയ യാഗം. ദൈവസന്നിധിയിൽ കറ, ചുളുക്കം ഒന്നുമില്ലാത്ത ഭക്തി ഇതാണ് എന്ന് യാക്കോബ് പറഞ്ഞിരിക്കുന്നു: അനാഥരെയും വിധവമാരെയും അവരുടെ സങ്കടങ്ങളിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെ സൂക്ഷിക്കുന്നതുമാകുന്നു" (യാക്കൊ. 1:27; എൻഈബി). എൻആർഎസ്വി യിൽ "അനാഥരെയും വിധവമാരെയും അവരുടെ നിരാശയിൽ അവരെ കരുതുകയും, ലോകത്തിന്റെ കളങ്കം പറ്റാതിരിക്കയും വേണം." അത്തരം യാഗം അർപ്പിക്കുന്നതിനാൽ, നാം യേശുവിനെ അനുകരിക്കുകയാണ്, അവൻ ഭൂമിയിലായിരുന്നപ്പോൾ നന്മ ചെയ്തുകൊണ്ടാണിരുന്നത് (പ്രവൃ. 10:38). നാം വിധിക്കപ്പെടുവാനിരിക്കുന്ന പരീക്ഷണമാണ് ഇത് (മത്താ. 25:34–46). രാജകീയ പുരോഹിത വർഗമായി നാം ദൈവത്തിന് അർപ്പിക്കുന്ന "ആത്മീക യാഗങ്ങളുടെ" ഭാഗമാണ് നാം ചെയ്യുന്ന സൽപ്രവൃത്തികൾ (1 പത്രൊ. 2:5).

**മൂപ്പന്മാരുടെ പ്രവൃത്തികൾ എന്താണ് (13:17)**

പ്രാദേശിക സഭയിൽ ദൈവം അധികാരപ്പെടുത്തിയവരാണ് മൂപ്പന്മാർ. ചില ഇടവകകളിൽ "കർത്താവ് ഇപ്രകാരം പറയുന്നു" എന്ന സമീപനത്തിനു പകരം വടി-യെടുക്കുന്നവർ മൂപ്പന്മാരുടെ പദവിയെ അപകീർത്തിപ്പെടുത്തിയിരിക്കുകയാണ്. ദൈവ വചനത്തിൽ പ്രത്യേകമായ നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്, അവർ കർത്താവിന്റെ ഇഷ്ടം നിറവേറ്റുവാൻ നിയമിക്കപ്പെട്ടവരാണ്.

രക്ഷിക്കപ്പെട്ടവരെ രക്ഷിക്കപ്പെട്ടവരായി തന്നെ നിലനിർത്തുക എന്നതാണ് മൂപ്പന്മാരുടെ കർത്തവ്യം, അത് അപ്പൊസ്തലന്മാരുടെ തൊട്ടു താഴെയുള്ള സ്ഥാനമായിരുന്നു. കുറെ കാലത്തേക്ക് അപ്പൊസ്തലന്മാർ മൂപ്പന്മാരുടേയും ശുശ്രൂഷകന്മാരുടേയും പ്രവൃത്തികൾ ചെയ്തിരുന്നുവെങ്കിലും, പ്രാദേശികമായ അദ്ധ്യക്ഷസ്ഥാനം യോഗ്യതകളുള്ള പുരുഷന്മാരിലേക്ക് ഏതാനും ദൗത്യങ്ങൾ പിന്നീട് ഏൽപിച്ചു കൊടുത്തു. പ്രവൃത്തികൾ 6:1–7–ൽ, അപ്പൊസ്തലന്മാരെ സഹായിക്കുവാനായി യോഗ്യതയുള്ള പുരുഷന്മാരെ തിരഞ്ഞെടുത്ത് ആക്കുകയായിരുന്നു, അങ്ങനെ അപ്പൊസ്തലന്മാർക്ക് തങ്ങളുടെ ദൗത്യം നിർവ്വഹിക്കുവാനും കഴിയുമായിരുന്നു, അതായത്, അവർക്ക് തടസമില്ലാതെ വചനം പ്രസംഗിക്കുവാൻ കഴിഞ്ഞിരുന്നു (അപ്പൊസ്തലന്മാർ സുവിശേഷകന്മാരും ആയിരുന്നു.) പ്രാദേശിക സഭ ഏഴു പുരുഷന്മാരെ തിരഞ്ഞെടുക്കുകയും, അപ്പൊസ്തലന്മാർ അവരെ ആ ശുശ്രൂഷ ഏൽപിക്കുകയും ചെയ്തു.

മൂപ്പന്മാർ എന്തു ചെയ്യണമെന്നതിന് നമുക്ക് ഒരു മാതൃക കാണിച്ചുതരികയാണ് അതിൽകൂടെ: അവർ ആത്മാക്കളെ സൂക്ഷിക്കുകയും, മറ്റുള്ളവർ വേദനിക്കുന്നവർക്കും വിശക്കുന്നവർക്കും സഹായഹസ്തം നീട്ടണം.

തങ്ങളുടെ വിചാരണയിലുള്ള അംഗങ്ങൾക്ക് ആവശ്യമുള്ള നിർദ്ദേശങ്ങൾ മൂപ്പന്മാർ നൽകണം, അവർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും, അത് ശരിയായിട്ടാണോ നടന്നിരുന്നത് എന്നു നോക്കുകയും വേണം (1 തിമൊ. 5:17). അവർ നമ്മോട് ഉപദേശിക്കുകയാണെങ്കിൽ, നാം അത് കേൾക്കണം. അവർ നമ്മെ നടത്തുമ്പോൾ, നാം അവർക്ക് കീഴ്പ്പെട്ടിരിക്കണം.[61]

സഭയിൽ അവരുടെ സേവനം നിമിത്തമാണ് നാം അവരെ ബഹുമാനിക്കേണ്ടത്, അല്ലാതെ അവർ വഹിക്കുന്ന "ഉദ്യോഗം" നിമിത്തമല്ല.[62] അവരുടെ പ്രവൃത്തി നിമിത്തം നാം അവരോട് ഏറ്റവും സ്നേഹത്തോടെ പെരുമാറണം (1 തെസ്സ. 5:12, 13). അവർക്ക് ഭയങ്കര ഉത്തരവാദിത്തമാണ് സഭയോടുള്ളത്, അതിൽ വരുവാനിടയുള്ള അപകടത്തെ മുന്നറിയിക്കുന്നതും, ഭിന്നത അല്ലെങ്കിൽ വിശ്വാസ ത്യാഗം തടയുന്നതും ഉൾപ്പെടുന്നു.

**സഭയിൽ ഒരു മൂപ്പൻ അനുവദനീയമാണോ? (13:17)**

പുതിയ നിയമ സഭയിൽ, ഒരേ സ്ഥാനത്തെ പറയുന്ന വ്യത്യസ്ത പേരുകളാണ്, "മൂപ്പൻ," "നടത്തുന്നവൻ." "മേയ്ക്കുന്നവൻ," "അദ്ധ്യക്ഷൻ," "ഇടയൻ" എന്നീ വാക്കുകൾ. ഇന്നും അത് വാസ്തവമാണ്. മാനുഷ സമ്പ്രദായമനുസരിച്ച്, ഏക "ഇടയൻ" ബൈബിൾ അധികാരത്തെ മാനിക്കാതിരിക്കലാണ്. പുതിയ നിയമത്തിൽ ഇടയന്മാർ എന്ന് ബഹുവചനത്തിലാണ് പറഞ്ഞിരിക്കുന്നത് (പ്രവൃ. 14:23; ഫിലി. 1:1; 1 തിമൊ. 4:14; തീത്തൊ. 1:5). ഏകാധിപതി ആണെങ്കിൽ കാര്യങ്ങൾ വേഗത്തിൽ ചെയ്യുവാൻ കഴിയും, എന്നാൽ പലരുടേയും കൂട്ടായതും പ്രശംസനിയവുമായ വ്യവസ്ഥ അതിനെ അംഗീകരിക്കുന്നില്ല. ഒരു ഇടവകയെ മുഴുവൻ സംരക്ഷിക്കുവാനുള്ള വിവേകവും ജ്ഞാനവും ഏക വ്യക്തിയെക്കാൾ ഒന്നിലധികം പേരുടെ ജ്ഞാനത്തിനും വിവേകത്തിനും ഉണ്ടായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഏക - മനുഷ്യൻ പാസ്റ്റർ എന്നത് ദൈവികാധികാരത്തിന് എതിരാണ്; പുതിയ നിയമ സഭയിൽ അത്തരം ഒരു മാതൃക കാണുവാനില്ല.

**സുവിശേഷ പ്രാസംഗികർക്കും സഭക്കും വേണ്ടി പ്രാർത്ഥിക്കൽ (13:20, 21)**

സഭക്ക് വേണ്ടിയും തനിക്കു വേണ്ടിയും പ്രാർത്ഥിക്കുവാൻ പലപ്പോഴും പൗലൊസ് ആവശ്യപ്പെട്ടിട്ടുണ്ട്. സഭ ഒത്തൊരുമിച്ച് പ്രാർത്ഥിക്കുന്നതിലെ ശക്തി അവൻ തിരിച്ചറിയുകയും, അവൻ പലപ്പോഴും സഹോദരന്മാർക്ക് വേണ്ടി പ്രാർത്ഥനയിൽ ഉറ്റിരിക്കുകയും ചെയ്തു.

സുവിശേഷം അറിയിക്കുന്നവർക്കു വേണ്ടി സഭ നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം, കാരണം പല അംഗങ്ങളും ബൈബിൾ തത്വങ്ങളെ മുറുകെ പിടിക്കാതെ ജീവിക്കുവാൻ തുടങ്ങും. അവർ സമൂഹത്തിനു വേണ്ടിയോ അല്ലെങ്കിൽ ജോലിക്കു വേണ്ടിയോ വിട്ടുവീഴ്ച്ച ചെയ്യുവാൻ ശ്രമിക്കും. സദസിന് കേൾക്കുവാൻ ഇഷ്ടമില്ല എന്ന കാരണത്താൽ സത്യത്തിൽനിന്നു പിന്തിരിയാത്ത ധൈര്യശാലികളായ ഉപദേഷ്ടാക്കന്മാരാണ് സഭക്ക് ആവശ്യം. ബൈബിളിലെ എല്ലാ തത്വങ്ങളും പഠിപ്പിക്കുന്നതിൽ ഉറച്ചു നിൽക്കുന്ന പുരുഷന്മാരാണ് നമുക്ക് ആവശ്യം.

**എബ്രായർക്കു വേണ്ടിയുള്ള പ്രാർത്ഥന (13:20, 21)**

എബ്രായ ലേഖനത്തിന്റെ അവസാനഭാഗത്ത് ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള പ്രാർത്ഥനയും, മൊത്തം സന്ദേശത്തിന്റെ സംക്ഷിപ്തവും അടങ്ങിയിരിക്കുന്നു. ക്രിസ്ത്യാനികൾ എന്തായിരിക്കണം, അത് എങ്ങനെ യായിരിക്കണം എന്ന് ലേഖകൻ പുനരവലോകനം നടത്തുകയാണ്. വാക്യം 20 ലേയും 21 ലേയും പ്രസ്താവന, ഈ ഭാഗത്തെ മുഖ്യ പോയിന്റ് ആണ്. നമുക്ക് ആവശ്യമുള്ളത് നൽകുവാൻ, നമ്മുടെ മുഖ്യ ഇടയനായ സമാധാന ത്തിന്റെ ദൈവത്തെ നാം അനുവദിക്കണം. ഏത് മുഖാന്തരത്തിലാണ് അവൻ പ്രവർത്തിക്കുന്നതെന്ന് നമുക്ക് എല്ലായ്പോഴും അറിയില്ലെങ്കിലും, കഴിഞ്ഞ കാലത്ത് നമ്മിൽ അവൻ പ്രവർത്തിച്ചതിനെ എല്ലാം ഒന്നു തിരിഞ്ഞുനോക്കി യാൽ അത് മനസിലാകും.

ആ നടപടിക്കിടയിൽ നാം മറ്റു സഹോദരങ്ങളുടെ പ്രാർത്ഥനയും അപേ ക്ഷിക്കണം (13:18, 19), കാരണം അത് നാം തിരിച്ചറിയുന്നതിനേക്കാൾ പ്രാധാ ന്യമുള്ളതാണ്. ലേഖകൻ ചില അംഗങ്ങളെ “*ആത്മിയ ശിശുക്കൾ*” എന്നു വിളിച്ചു എങ്കിലും (5:11–14), അവരുടേയും പ്രാർത്ഥന വിലയുള്ളതായിട്ടാണ് അവൻ കണ്ടത്. നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്ന ആരുടേയും പ്രാർത്ഥനയെ നാം നിഷേധിക്കരുത്.

ദൈവം എങ്ങനെ പ്രാർത്ഥനക്ക് മറുപടി നൽകും എന്നത് മാനുഷ ജ്ഞാനത്തിനപ്പുറമാണ്, എന്നാൽ അവൻ മറുപടി നൽകും എന്ന കാര്യം ന മുക്ക് ഉറപ്പിക്കാം. “നിത്യ നിയമത്തിന്റെ രക്തം” മുഖാന്തരമാണ് “സമാധാ നത്തിന്റെ ദൈവം” നമുക്ക് ആവശ്യമുള്ളത് നൽകിയത്. മനുഷ്യർ തമ്മിൽ ഉണ്ടാക്കുന്ന കരാർ (ഉടമ്പടി) മറന്നു പോയേക്കാം, പക്ഷെ ദൈവം നമ്മോട് ചെയ്തിരിക്കുന്ന ഉടമ്പടി എന്നേക്കും നിലനിൽക്കും. ആ ഉറപ്പ് ക്രിസ്തു രക്തം ചിന്തിയതുകൊണ്ടു മാത്രമല്ല, അവനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ച തിനാലുമാണ്. “ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവർക്കും” (ഗലാ. 3:26, 27) അവനോട് വിശ്വസ്തത പുലർത്തി ജീവിക്കുന്നവർക്കും അവൻ നി ത്യരക്ഷ വാഗ്ദാനം ചെയ്തിരിക്കുന്നു.

അവന്റെ ഇഷ്ടം ചെയ്യുവാൻ ദൈവം നമ്മെ “പ്രാപ്തരാക്കും.” ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്ക് “പൂർണ്ണതയെ” (*ടെലെയിയോസ്*) അല്ല സൂചി പ്പിക്കുന്നത്; മറിച്ച് അത് *കറ്റാർടിസോ* ആണ്, അർത്ഥം, “ഒടിഞ്ഞ അസ്ഥികൾ പൂർവ്വസ്ഥാനത്ത് ശരിയായി കൂട്ടിച്ചേർക്കുക എന്നാണ്.” ആ യോജിപ്പ് നമ്മുടെ പരിശ്രമത്താൽ സാധ്യമല്ലാത്തതിനാൽ, യേശുക്രിസ്തുവിന്റെ പ്രവൃത്തി മൂല മാണ് നമുക്ക് സൗഖ്യം ലഭിച്ചത്. ആവശ്യമായ വിശ്വാസം നമ്മിൽ ഉണ്ടാകു മ്പോൾ, അവന്റെ ഇഷ്ടം ലോകത്തിന് വെളിപ്പെടുത്തുവാൻ ദൈവം നമ്മിൽ പ്രവർത്തിക്കുന്നു (ഫിലി. 2:12, 13).

സ്തുതി വാക്ക് (“ദൈവസ്തുതി”) ഉപയോഗിക്കാതെ ലേഖനം അവ സാനിപ്പിക്കുവാൻ എഴുത്തുകാരന് മനസില്ലായിരുന്നു, അത് കർത്താവ് ന മുക്ക് വേണ്ടി ചെയ്തതിനും, ചെയ്തുകൊണ്ടിരിക്കുന്നതിനുമാണ്. അനുഗ്ര ഹങ്ങൾ ലഭിക്കുമ്പോൾ മാത്രം നാം അവനെ പുകഴ്ത്തിയാൽ പോരാ, എല്ലാ സമയത്തും നാം അവനെ സ്തുതിക്കണം. മിഷിഗനിലെ ഫ്ളിന്റിൽ ഞാൻ യുവ ഉപദേഷ്ടാവായിരുന്ന സമയത്ത്, ഹൂഗോ ആൽമണ്ട് ബൈബിൾ ക്ലാസ് എടുത്തപ്പോൾ, “ദൈവത്തിന് നന്ദി പറയാതെ പ്രാർത്ഥിക്കരുത്” എന്നു പ റഞ്ഞു. അതനുസരിച്ച്, എന്റെ എല്ലാ പ്രാർത്ഥനയിലും ആദ്യം ദൈവത്തിന്

സ്തോത്രം പറയും.

**ഈ പ്രസംഗം പൊറുക്കുക (13:22)**

"പ്രബോധന വാക്യം" എന്നത് ഒരു പ്രസംഗത്തിനുള്ള വാക്ക് ആണ് (പ്രവൃ. 13:15 നോക്കുക). "പ്രോൽസാഹിപ്പിക്കുക" എന്നർത്ഥമുള്ള ഗ്രീക്ക് വാക്കാണ് "പ്രബോധനം" എന്നതിനു 3:13-ൽ ഉപയോഗിച്ചിരിക്കുന്നത്, അവിടെ നാം ഇത് ദിനന്തോറും ചെയ്യുവാനാണ് പ്രബോധിപ്പിച്ചിരിക്കുന്നത്.

ശ്രേഷ്ടമായ ജീവിതത്തിനും ഉയർന്ന സേവനത്തിനുമായി കാര്യങ്ങൾ നിർവ്വഹിക്കുന്നത് എത്ര പ്രയാസമുള്ളതാണ്! ശാസന നമുക്ക് ഇഷ്ടമല്ല. ചിലപ്പോൾ നാം പറയും, "അത് എന്നോട് പ്രസംഗിക്കേണ്ട!" ലേഖകൻ തങ്ങളെ ശാസിക്കുകയാണെന്ന് വായനക്കാരിൽ ചിലർക്ക് തോന്നുമെന്ന് ലേഖകന് അറിയാം. അതുകൊണ്ട് അവരെ പഠിപ്പിച്ചതു തുടർന്നും ചെയ്യുവാനാണ് അവൻ അവരോട് പറഞ്ഞത്. വെറുതെ ചിന്തിക്കുവാൻ മാത്രമുള്ളതല്ല എബ്രായ ലേഖനം; അതിൽ പ്രവർത്തി ആവശ്യപ്പെടുന്നു. "എബ്രായ ലേഖനം എല്ലാവർക്കും പ്രവർത്തിക്കുവാനുള്ള ദൈവത്തിന്റെ ആഹ്വാനം ആണ്."[63]

---

കുറിപ്പുകൾ

[1]ഈ വിശദീകരണം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ക്രെയിഗ് ആർ. കൊയെസ്റ്റർ, ഹീബ്രൂസ്: ഏ ന്യു ട്രാൻസ്ലേഷൻ വിത്ത് ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി, ദ ആങ്കർ ബൈബിൾ, വാല്യം. 36 (ന്യുയോർക്ക്: ഡബിൾഡേ, 2001), 554-56, എൻ. 453. [2]ഇബിഡ്., 556. [3]ഈ സ്നേഹത്തിന്റെ ഗ്രീക്ക് വാക്ക് ഫിലെയോ (സ്വാഭാവിക സ്നേഹം) ആണ്, അത് അഡെൽഫോസ് എന്നതിനോട് അനുബന്ധിച്ച് വരുന്നതാണ്, ("സഹോദരൻ") സ്വയ-ത്യാഗത്തോടുകൂടിയതാണ് അഗാപെ സ്നേഹം. ദൈവം-സ്നേഹമാണ്. അത് സ്വാഭാവികമായതല്ല, കാരണം അത് തത്വത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ് (1 യോഹ. 4:19). എങ്ങനെയായാലും, LXX ൽ ഫിലെയോയും അഗാപെയും ചിലപ്പോൾ മാറി മാറി ഉപയോഗിച്ചിട്ടുണ്ട്. [4]ഡൊണാൾഡ് ഗത്രി, ദ ലെറ്റേഴ്സ് ടു ദ ഹീബ്രൂസ്: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി, ദ ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1983), 268. [5]ക്ലെമെന്റ് ഓഫ് റോം എപ്പിസ്റ്റിൽ ടു ദ കൊരിന്ത്യൻസ്, 10:7; 11:1. [6]സേവനത്തിനായി അപരിചിതർ അവരുടെ വാതിൽക്കൽ വന്നേക്കാം, എന്നാൽ തടവിൽ ഉള്ളവർ കാത്തിരുന്നു വേണം അവരെ കാണുവാൻ. തടവിലുള്ളവരെ സന്ദർശിക്കുവാൻ യേശു കൽപിച്ചിരുന്നു (മത്താ. 25:36). (നീൽ ആർ. ലൈറ്റ്ഫുട്, ജീസസ് ക്രൈസ്റ്റ് ടുഡേ: ഏ കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ് ധഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്. ബേക്കർ ബുക്ക് ഹൗസ്, 1976പ, 247.) അന്നു തടവുകളിലെ ശിക്ഷ വളരെ ക്രൂരമായിരുന്നു, പൊട്ടിപ്പൊളിഞ്ഞതും, അഴുക്ക് നിറഞ്ഞതും ആയ സെല്ലുകളിൽ പരിമിതമായ അപ്പവും വെള്ളവുമായിരുന്നു ലഭിച്ചത്; തടവ് കാലയളവ് കാരണം കൂടാതെ നീട്ടിയിരുന്നു. പ്രാരംഭ വിശുദ്ധന്മാർ തടവ് സന്ദർശിച്ചാൽ അവരും തടവിലടക്കപ്പെടുമോ എന്ന ഭയത്താൽ, പോയിരുന്നില്ല. ആ വിശദീകരണങ്ങളിൽ ചിലത്, ആർദർ ഡബ്ലിയു പിങ്ക്, ആൻ എക്സ്പൊസിഷൻ ഓഫ് ഹീബ്രൂസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 1121. [7]എഫ് എഫ്.ബ്രൂസ്, ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ദ ന്യു ഇൻഡ്രനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി.,

1964), 392. 8രാജ്യത്തിന്റെ കോടതികളിൽ സ്വവർഗരതി "വിവാഹം" സ്വീകാര്യമാണെങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ അത് കുറ്റമാണ്. 9ജിമ്മി അലെൻ, സർവേ ഓഫ് ഹീബ്രൂസ്, 2ഡ് എഡി. (സിയേഴ്സി, ആർക്ക്: ബൈ ദ ആദർ, 1984), 155. 10തോമസ് ഹെവെറ്റ്, ദ എപ്പിസ്റ്റിൽ ടു ഹീബ്രൂസ്: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി, ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1960), 206.

[11]ബ്രൂസ്, 393, എൻ. 36. 1 തെസ്സ. 4:6 നോക്കുക; അവിടെ പ്ലീനെക്ടെയോ തർജ്ജമ ചെയ്തിരിക്കുന്നത്, "ചതിക്കുക" എന്നാണ്, അർത്ഥം, "മുതലെടുക്കുക" എന്നതിൽ ലൈംഗിക വേഴ്ച്ചയും ഉൾപ്പെടുന്നു. [12]മൂപ്പനായി പ്രവർത്തിക്കുന്നതിൽനിന്ന് ഒരാളെ അയോഗ്യനാക്കുന്നതാണ് അത്യാഗ്രഹം (നോക്കുക 1 തിമൊ. 3:3; 6:10). അത്യാഗ്രഹം "വ്യഭിചാരം" ആയിട്ടാണ് കൊലൊസ്യർ 3:5 പറയുന്നത്. [13]ബ്രൂസ്, 393. [14]കെന്നെത്ത് സാമുവെൽ വൂവെസ്റ്റ്, ഹീബ്രൂസ് ഇൻ ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി.ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1951), 233. [15]ഗ്രീക്കിൽ ഇരട്ട നിഷേധം ഊന്നലിനെ ആണ് സൂചിപ്പിക്കുന്നത്. [16]ഈ ഉദ്ധരണി കൃത്യമായി പഴയനിയമ വേദഭാഗങ്ങളിൽ ഒന്നിലുമില്ല. എങ്ങനെയായാലും, അത് ഫിലോ ഓൺ ദ കൺഫൂഷൻ ഓഫ് ടങ്സ് 32-ൽ ഉദ്ധരിച്ചിട്ടുണ്. ഒരുപക്ഷെ അവ രണ്ടും പ്രചാരത്തിലിരുന്ന പഴഞ്ചൊല്ലോ അല്ലെങ്കിൽ നിലവിലില്ലാത്ത LXX ൽ നിന്നോ പകർത്തിയതാകാം (ഗാരേത്ത് എൽ. റീസ്, ഏ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ധമോബെർലി, മോ.: സ്ക്രിപ്ച്ചർ എക്സ്പൊസിഷൻ ബുക്ക്സ്, 1992പ, 236 എൻ.13). [17]പിങ്ക്, 1151. [18]വൂവെസ്റ്റ്, 234. [19]നാം നമുക്ക് എന്തു വരുത്തുമെന്ന് യോഹന്നാൻ 10:27-29 പറയുന്നില്ല; അതിനർത്ഥം മറ്റൊരു മനുഷ്യനും നമ്മെ കർത്താവിന്റെ കയ്യിൽനിന്നു പിടിച്ചുപറിക്കുവാൻ സാധ്യമല്ല എന്നാണ്. [20]ഉൽസവങ്ങളിൽ എല്ലാം യെഹൂദന്മാർ സതോത്രം പറയുന്നതിന് ഉപയോഗിച്ചിരുന്ന സങ്കീർത്തനമായിരുന്നു സങ്കീർത്തനങ്ങൾ 118 (ഗത്രി, 270).

[21]ലൈറ്റ്ഫുട്, 249. [22]ഹാബേൽ കൊല്ലപ്പെട്ടു (11:4), യിസ്രായേല്യരെ അടിമകളാക്കിയിരുന്നു (11:25), നീതിമാന്മാർ കൊല്ലപ്പെട്ടു (11:35-38), യേശു ക്രൂശിക്കപ്പെട്ടു (12:1-4). (ക്രെയിഗ് ആർ. കൊയെസ്റ്റർ, ഹീബ്രൂസ്: ഏ ന്യൂ ട്രാൻസ്ലേഷൻ വിത്ത് ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി. ദ ആങ്കർ ബൈബിൾ, വാല്യം. 36. ധന്യൂയോർക്ക്: ഡബിൾഡേ, 2001പ, 566.) [23]എബ്രായ ലേഖനം എഴുതിയപ്പോഴേക്ക് യോഹന്നാൻ യെഹൂദ്യയിലേക്ക് പോയിരുന്നു. അവൻ അപ്പോഴും ജീവിച്ചിരുന്നു എങ്കിലും, അവന്റെ വിധി എന്താകുമെന്ന് വായനക്കാർക്ക് അറിയില്ലായിരുന്നു. [24]ലൈറ്റ്ഫുട്, 249. [25]പുതിയ നിയമത്തിൽ നാല് വിധത്തിൽ ഉപയോഗിച്ച "വിശ്വാസത്തെ" പിങ്ക് ചിത്രീകരിച്ചിരിക്കുന്നു: "ആശ്രയം" (മത്താ. 9:22), വിശ്വസിക്കാവുന്ന (പ്രവൃ. 14:22; റോമ. 10:8; യൂദാ. 3), വിശ്വാസത്തിന്റെ ഫലങ്ങളും പ്രവൃത്തികളും (1 തെസ്സ. 3:6; യാക്കൊ. 2:18), വിശ്വാസത്തിനുള്ള സൂക്ഷ്മത (മത്താ. 23:23; റോമ. 3:3). (പിങ്ക്, 1186.) [26]ഈ പ്രയോഗം എഡ്വേഡ് ഫ്രെഡ്ജിൽ നിന്നാണ്, അവർ മാൻ ഇൻ ഹെവൻ: ആൻ എക്സ്പൊസിഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ഏഥെൻസ്, അലാ: സി. ഈ. ഐ പബ്ലിഷിങ്ങ് കമ്പനി., 1973). [27]വെളിപ്പാട് 5 ലേയും 6 ലേയും മുദ്ര പൊട്ടിക്കുന്നത്, ദൈവത്തിന്റെ കുഞ്ഞാടിന് ഭാവികാര്യങ്ങളെ അറിയുവാനുള്ള ജ്ഞാനവും വിവേകവും ഉണ് എന്നു തെളിയിക്കുന്നു (5:12). [28]പുതിയ നിയമത്തിൽ പല മുന്നറിയിപ്പുകളും നൽകിയിട്ടുണ്. നോക്കുക റോമർ 16:17, 18; 1 തിമൊ. 6:20, 21; തിത്തൊ. 3:9-11; 2 പത്രൊ. 3:16. [29]"ഉപദേശം" എന്നു പറയുന്നതാണ് "പഠിപ്പിക്കൽ" (കെജെവി നോക്കുക). [30]റേയ്മണ് ബ്രൗൺ, ദ മെസേജ് ഓഫ് ഹീബ്രൂസ്: ക്രൈസ്റ്റ്

എബവ് ആൾ, ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ-വാഴ്സിറ്റി പ്രസ്, 1982), 257.

[31]ഭൗതികമായ യാഗങ്ങളോ യാഗപീഠങ്ങളോ ഇല്ലാത്തതിനാൽ ക്രിസ്ത്യാനിത്വത്തിന് ഒരു സത്തയില്ല എന്നതായിരുന്നു ഒന്നാം നൂറ്റാണ്ടിലെ എതിർവാദങ്ങളിൽ ഒന്ന്. ക്രിസ്ത്യാനികൾക്ക് ദൃശ്യമായ വസ്തുക്കളൊന്നും മതപരമായി ഇല്ലാത്തതിനാൽ, അവർക്ക് ദൈവം തന്നെയില്ല എന്ന ആരോപണമായിരുന്നു ഒന്നാം-നൂറ്റാണ്ടിൽ ഉന്നയിച്ചിരുന്നത്-നിരീശ്വരന്മാരായിരുന്നു അപ്രകാരം പറഞ്ഞിരുന്നത്. സഭയിൽ, ഭൗതികമായ പുരോഹിതന്മാരോ, യാഗ പീഠമോ, യാഗവസ്തുക്കളോ, ആലയമോ ആവശ്യമില്ല. ക്രിസ്തു അർപ്പിച്ച വിശേഷതയേറിയ യാഗമാണ് നമുക്ക് ഉള്ളത്. [32]*ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (സിൻസിനാറ്റി: ചെയിസ് ആന്റ് ഹാൾ, 1876; റീപ്രിന്റ്, നാഷ്വിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1975), 489. [33]വാക്യങ്ങൾ 10 മുതൽ 13 വരെ കർത്തൃമേശയെ കുറിച്ച് നേരിട്ട് പരാമർശിക്കുന്നില്ല. അതുപോലെ യോഹന്നാൻ 6:51, 53, 54 മായും അക്ഷരികമായി ബന്ധമില്ല. അവിടെ പറയുന്നത് "ജീവനുള്ള അപ്പം" ആയ ക്രിസ്തുവിനെ തിന്നുന്നതാണ്. യേശു ആ പ്രസ്താവന നടത്തിയശേഷം, ജഡം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു എന്നാണ് (യോഹ. 6:63). നാം യേശുവിന്റെ ശരീരവും രക്തവും അക്ഷരികമായി തിന്നുകയും കുടിക്കുകയും ചെയ്താലും അതിന് ആത്മിയമായി ഒരു പ്രയോജനവുമില്ല. അവന്റെ വചനത്തെ അനുസരിച്ചുകൊണ്ടാണ് നാം ക്രിസ്തുവിനോട് പങ്ക് ചേരുന്നത്. അതാണ് യോഹന്നാൻ 6:53, 54, 63 ന്റെ അർത്ഥം. നാം "ഭക്ഷിക്കുക" എന്ന് യേശു പറഞ്ഞപ്പോൾ അതിന്റെ ആത്മിയ സ്വഭാവത്തെയാണ് കാണിക്കുന്നത്; അത് മുഴുവൻ "വിഴുങ്ങുകയും," "ദഹിക്കുകയും" വേണം. ഒരാൾ ഭൗതികമായി ഭക്ഷിക്കുന്നത് അവന്റെ ആത്മാവിനെ രക്ഷിക്കുകയോ നശിപ്പിക്കുകയോ ഇല്ല. [34]ബ്രൂസ്, 399-400. [35]പഴയ നിയമത്തിൽ ചില ആളുകളെയും മൃഗങ്ങളെയും പാളയത്തിന് പുറത്തേക്ക് കൊണ്ടു പോയിരുന്നു: നാദാബിന്റേയും അബീഹൂവിന്റെയും ശരീരങ്ങൾ (ലേവ്യ. 10:4, 5) ദൈവദൂഷണക്കാരെ കല്ലെറിഞ്ഞു കൊന്നിരുന്നു (ലേവ്യ. 24:14, 23), മിര്യാമിന് കുഷ്ഠം ബാധിച്ചപ്പോൾ, ഏഴ് ദിവസം അവൾ പാളയത്തിന് പുറത്ത് കഴിയേണ്ടി വന്നു (സംഖ്യ. 12:14, 15), ബലി മൃഗത്തെയും (ലേവ്യ. 16:20-22). [36]പഴയ നഗരത്തിനു ചുറ്റുമുണ്ടായിരുന്ന മതിലിന്റെ സ്ഥാനത്തായിരുന്നില്ല ഒന്നാം-നൂറ്റാണ്ടിലെ നഗരമതിൽ. [37]പെട്ടെന്ന് "അപ്രത്യക്ഷമാകുവാൻ" പോകുന്നതിനെ കുറിച്ച് കൂടുതൽ അറിയുവാൻ 8:13 ന്റെ പരാമർശം നോക്കുക. [38]ബ്രൂസ്, 402. [39]കൊയെസ്റ്റർ, 577. [40]7:12-14 ന്റെ പരാമർശം നോക്കുക.

[41]ലൈറ്റ്ഫുട്, 252. [42]റോമിനെ കുറിച്ചു പറയുന്നതാണ് ആ പേർ, ആ നഗരവും വത്തിക്കാനും പ്രതിനിധീകരിക്കുന്നത് പലർക്കും "ഏക സ' " ആണ്, തീർച്ചയായും കർത്താവിന്റെ സഭ നിത്യമാണ് (നോക്കുക ദാനി. 2:44; മത്താ. 16:18). [43]ബ്രൂസ്, 404. [44]ഹെവെറ്റ്, 210. [45]വൂവെസ്റ്റ്, 239. യാഗങ്ങൾ എന്നു പറയുന്നത് വാമൊഴി ആണെന്ന് സങ്കീർത്തനക്കാർ തിരിച്ചറിഞ്ഞിരുന്നു (സങ്കീ. 50:14, 23; 51:15-17; 107:22). [46]റീസ്, 244. [47]കൊയെസ്റ്റർ, 572. [48]ബ്രൂസ്, 407-8. "സൂക്ഷിക്കുക" എന്നു പറയുന്നത് യെഹെസ്ക്കേൽ 3:18-21 ലെ പ്രബോധനമാണ്. [49]അത്തരം വിവരണം ഒരുപക്ഷെ അന്ത്യ ന്യായവിധിയിൽ വന്നേക്കാം, പക്ഷെ "ചെയ്യുക" എന്നത് തുടർ പ്രവൃത്തിയെയാണ് കാണിക്കുന്നത്. [50]നോക്കുക റോമ. 15:30; 2 കൊ. 1:8-11; എഫെ. 6:19; കൊലൊ. 4:3; 1 തെസ്സ. 5:25; 2 തെസ്സ. 3:1.

[51]റോമ. 15:33; 16:20; 1 കൊ. 14:33; 2 കൊ. 13:11; ഫിലി. 4:9; 1 തെസ്സ. 5:23 നോക്കുക.

അവനെ 2 തെസ്സ. 3:16-ൽ "സമാധാന പ്രഭു" എന്നാണ് വിളിച്ചിരിക്കുന്നത്. [52]ഈ ലേഖനത്തിൽ ഇവിടെ മാത്രമാണ് യേശുവിനെ "ഇടയൻ" എന്നു വിളിച്ചത്. ഉദ്ധരിച്ചത് യെശയ്യാവ് 63:11 (LXX). [53]ഉയിർത്തെഴുന്നേൽക്കുവാനുള്ള ഏതൊരാൾക്കും അടിസ്ഥാനമായിരിക്കുന്നത് ക്രിസ്തുവിലാണ്, "മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ ക്രിസ്തു" എന്ന ഉപദേശം അതാണ് വ്യക്തമാക്കുന്നത് (6:2). [54]ബ്രുക്ക് ഫോസ് വെസ്റ്റ്കോട്ട്, ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് നോട്സ് ആന്റ് എസ്സേയ്സ് (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1889), റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1973), 449. [55]"ആമേൻ" എന്നതിനു പലപ്പോഴും ഉപയോഗിച്ചിട്ടുള്ളത് ജെനെയിറ്റോ എന്ന വാക്കാണ് LXX ൽ ("അത് അങ്ങനെ ആയിരിക്കട്ടെ"), എന്നാൽ ഈ വേദഭാഗത്ത് പറഞ്ഞിരിക്കുന്നത് "ധഎബ്രായ ഭാഷയിൽനിന്ന്പ ഗ്രീക്കിലേക്ക് എങ്ങനെ പദമാറ്റം ചെയ്യുമെന്ന് കാണിക്കുന്ന വിധത്തിലാണ്, പ്രാരംഭ സഭയിൽ ആ വാക്കാണ് ഉപയോഗിച്ചതും" (കൊയെസ്റ്റർ, 574). [56]എബ്രായ പുസ്തകത്തേക്കാൾ വലിവയാണെങ്കിലും, അപ്പോക്രിഫാ പുസ്തകങ്ങളായ 2 മെക്കാബിയരും, ബർന്നബാസിന്റെ ലേഖനവും, സംക്ഷിപ്തം എന്നാണ് അറിയപ്പെട്ടിരുന്നത്. ആ പദപ്രയോഗ മിതത്വത്തെ 2 മെക്കാബിയർ 2:31, 32 ലും, ബർന്നബാസിന്റെ ലേഖനം 1:5 ലും കാണാം. [57]ആ സമയത്ത് അത് വായിച്ചതായി റേയ്മണ് ബ്രൗൺ പറഞ്ഞിരിക്കുന്നു (ബ്രൗൺ, 270). [58]ലൈറ്റ്ഫുട്, 255–56. എൻ. 10. [59]"ഇതല്യയിൽനിന്നുള്ളവർ" (എൻഏഎസ്ബി; എൻഐവി) റോമിൽ നിന്നകലെ ഇതല്യയിൽ പോയി താമസിക്കുന്നവരും വേറൊരു ഭാഷാശൈലി ഉള്ളവരുമാണ്. [60]നോക്കുക റോമർ 16:24; 1 കൊ. 16:23; 2 കൊ. 13:14; ഗലാ. 6:18; എഫെ. 6:24; ഫിലി. 4:23; കൊലൊ. 4:18; 1 തെസ്സ. 5:28; 2 തെസ്സ. 3:18; 1 തിമൊ. 6:21; 2 തിമൊ. 4:22; തിത്തൊ. 3:15; ഫിലെ. 25.

[61]മില്ലിഗൺ, 493. [62]ജെയിംസ് തോംസൺ, ദ ലെറ്റർ ടു ദ ഹീബ്രൂസ്, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1971), 182. [63]ജെയിംസ് ടി.ഡ്രാപ്പർ, ജൂനിയർ., ഹീബ്രൂസ്, ദ ലൈഫ് ദാറ്റ് പ്ലീസ്സ് ഗോഡ് (വീറ്റൺ, Ill.: ടിൻഡേൽ ഹൗസ് പബ്ലിഷേഴ്സ്, 1976), 392.